# എം.സി.എ.
# സ്മരണിക-2017

**ആഗോള അത്മായ സംഗമം**
**2017 സെപ്തംബർ 20**
**എം.എം. വർക്കി നഗർ, അടൂർ**



## MALANKARA CATHOLIC ASSOCIATION CENTRAL COMMITTEE
Catholicate Centre, Pattom, Trivandrum

malankaralibrary.com


anugraha

# അനുഗ്രഹ സോഷ്യൽ സർവ്വീസ് സൊസൈറ്റി

**പത്തനംതിട്ട രൂപത**

(Reg. No. P-73-2010-T.C.L.S.C.S. Reg.Act XII of 1955) Income Tax Exemption U/S 80G(5)(VI)of the Income Tax Act 1961 C No.305 /Tech/80G/10/CIT-KTM/11-12)

## നവീന സംരംഭം




Manufactured by:

**Anugraha Social Service Society**
Catholic Diocese of Pathanamthitta
Upasana Campus, Omalloor P.O,
Pathanamthitta 689 647
E-mail: anugrahapta@gmail.com

8304057508 www.anugrahapta.org

## നിലവിലുള്ള പദ്ധതികൾ

അനുഗ്രഹ കാർഷിക നേഴ്സറി
മാതൃകാ ജൈവ ഗ്രാമം
തൊടിയിൽ ഒരു തോട്ടം
ഞാനും എന്റെ ചെടിയും
ഹരിത വിദ്യാലയം
ഹരിത കലാലയം
ജൈവ സുഭിക്ഷ
പൂങ്കാവനം
കാനനോത്ഥാനം
എക്കോവിൻസ്
ഹരിത മനോഹര മഠം
ഏദൻ
ആരണ്യം ലീജിയൻ
പച്ചപ്പ്
ജൈവ കീടനാശിനികൾ
മണ്ണ് പരിശോധന കേന്ദ്രം
ജല പരിശോധന കേന്ദ്രം
മണ്ണിര കമ്പോസ്റ്റ് യൂണിറ്റ്
അനുഗ്രഹ മധു
അനുഗ്രഹ കൊഞ്ചി ഇഞ്ചി
അനുഗ്രഹ കൂൺ കുടി (കൂൺവിത്ത് ഉൽപാദന കേന്ദ്രം)
അനുഗ്രഹ അജലേഹ്യം
അനുഗ്രഹ കോട്ടിയ തവി
അനുഗ്രഹ ഡിസ്ട്രിബ്യൂഷൻ സെന്റർ (ADC)
അനുഗ്രഹ സോളാർ ഉത്പന്നങ്ങൾ
ക്ഷയരോഗ നിർമ്മാർജ്ജന യജ്ഞം
ആശാകിരണം (ക്യാൻസർ നിർമ്മാർജ്ജന യജ്ഞം)
അനുഗ്രഹ പോസിറ്റീവ് (HIV ബാധിതർക്ക് ഒരു കൈത്താങ്ങ്)
അനുഗ്രഹാലയം (Adoption Centre)
അനുഗ്രഹ ഭോജനം
രക്തദാനം
ഇൻഷുറൻസ് പരിരക്ഷ
മെഡിക്കൽ ക്യാമ്പ്
ക്യാൻസർ നിർണ്ണയ ക്യാമ്പ്
ആദിവാസി ക്ഷേമ പദ്ധതികൾ
തേനീച്ച പരിപാലന മാതൃഗ്രാമം
പ്രകൃതി ദുരന്ത നിവാരണ പദ്ധതി
അനുഗ്രഹ കേറ്ററിംഗ് സർവ്വീസ്
അനുഗ്രഹ കൗൺസിലിംഗ് സെന്റർ
അനുഗ്രഹ തയ്യൽ പരിശീലന കേന്ദ്രം
ചെറുകിട സംരംഭകത്വ വികസന പരിശീലനങ്ങൾ (MEDP)
തെങ്ങുകയറ്റ പരിശീലനം

**ANUGRAHA SOCIAL SERVICE SOCIETY (Catholic Diocese of Pathanamthitta)**
**Upasana Pastoral Centre, Omalloor P.O., Pathanamthitta - 689647**
**Ph : 8304057508, E-mail : anugrahapta@gmail.com, Web : www.anugrahapta.org**

malankaralibrary.com

പരസ്പരകരുതലിന്റെ ചെറിയ പ്രവൃത്തികൾ കൊണ്ട് കവിഞ്ഞൊഴുകുന്ന സ്നേഹം പൗരത്വപരവും രാഷ്ട്രീയവും കൂടിയാണ്. മെച്ചപ്പെട്ട ഒരു ലോകം നിർമ്മിക്കാൻ ശ്രമിക്കുന്ന എല്ലാ പ്രവൃത്തിയിലും അതു സ്വയം അനുഭവപ്പെടുത്തുന്നു. സമൂഹത്തോടുള്ള സ്നേഹവും പൊതുനന്മയോടുള്ള പ്രതിബദ്ധതയും ഉപവിയുടെ ശ്രദ്ധേയമായ ആവിഷ്ക്കാരങ്ങളാണ്. ആ ഉപവി വ്യക്തികൾ തമ്മിലുള്ള ബന്ധങ്ങളെ മാത്രമല്ല സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ വിശാലതലങ്ങളേയും ബാധിക്കുന്നു. അതുകൊണ്ടാണ് സഭ ലോകത്തിന്റെ മുമ്പിൽ ഒരു "സ്നേഹനാഗരികത"യുടെ ആദർശം അവതരിപ്പിച്ചത്. സാമൂഹിക സ്നേഹം യഥാർത്ഥ വികസനത്തിനുള്ള താക്കോലാണ്. 'സമൂഹത്തെ കൂടുതൽ മാനുഷികമാക്കാൻ, മനുഷ്യവ്യക്തിയെ സംബന്ധിച്ച് കൂടുതൽ യോഗ്യതയുള്ളതാക്കാൻ, സാമൂഹിക ജീവിതത്തിലെ രാഷ്ട്രീയവും സാമ്പത്തികവും സാംസ്കാരികവുമായ ജീവിതത്തിലെ-സ്നേഹത്തിന്, എല്ലാ പ്രവർത്തനത്തിനുമുള്ള സുസ്ഥിരവും ഏറ്റവും ഉന്നതവുമായ നിയമമായിത്തീർന്നുകൊണ്ട്, നവീകൃതമൂല്യം നൽകേണ്ടതാണ്'. ഈ ചട്ടക്കൂടിനുള്ളിൽ, ചെറിയ പ്രതിദിനപ്രവൃത്തികളുടെ പ്രാധാന്യത്തോടൊപ്പം, പാരിസ്ഥിതിക അധഃപതനം അവസാനിപ്പിക്കാനുള്ള വലിയ തന്ത്രങ്ങൾ ആസൂത്രണം ചെയ്യാനും സമൂഹത്തിൽ മുഴുവൻ വ്യാപിക്കുന്ന ഒരു സംസ്ക്കാരത്തെ പ്രോത്സാഹിപ്പിക്കുവാനും സാമൂഹിക സ്നേഹം നമ്മെ പ്രേരിപ്പിക്കുന്നു. മറ്റുള്ളവരോടുചേർന്ന് ഈ സാമൂഹിക ചലനാത്മകതയിൽ ഇടപെടാൻ ദൈവം നമ്മെ വിളിക്കുന്നതായി നമുക്കു തോന്നുമ്പോൾ ഇതും നമ്മുടെ ആത്മീയതയുടെ ഭാഗമാണെന്ന് നാം മനസ്സിലാക്കണം. ഈ ആത്മീയത ഉപവിയുടെ ഒരു നിർവ്വഹണമാണ്. അത് അങ്ങനെതന്നെ പക്വത പ്രാപിക്കുകയും നമ്മെ വിശുദ്ധീകരിക്കുകയും ചെയ്യുന്നു.

ഫ്രാൻസിസ് മാർപാപ്പ



malankaralibrary.com

## സ്വർഗ്ഗീയാനന്ദത്തിന്റെ നിത്യതയിൽ....




ജോസഫ് മാർ സേവേറിയോസ്
(7.4.1894 - 18.1.1955)



യാക്കോബ് മാർ തെയോഫിലോസ്
(21.2.1891 - 27.6.1956)



തോമസ് മാർ ദിയസ്കോറോസ്
(4.1.1884 - 22.2.1943)



സഖറിയാസ് മാർ അത്താനാസ്യോസ്
(19.2.1908 - 28.9.1977)



ഐസക് മാർ യൂഹാനോൻ
(1.7.1930- 28.4.1987)



ലോറൻസ് മാർ അപ്രേം
(15.5.1928 - 8.4.1997)



പൗലോസ് മാർ പീലക്സിനോസ്
(28.4.1928 - 3.11.1998)

malankaralibrary.com

## സ്വർഗീയാനന്ദത്തിന്റെ നിത്യതയിൽ പുണ്യപിതാക്കന്മാർ



ദൈവദാസൻ ആർച്ചുബിഷപ്പ്
ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ




ആർച്ചുബിഷപ്പ് ബനഡിക്ട് മാർ
ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ



മേജർ ആർച്ചുബിഷപ്പ്
മോറാൻ മോർ സിറിൽ ബസേലിയോസ്
കാതോലിക്കാബാവാ

malankaralibrary.com

# THE SYRO-MALANKARA CATHOLIC HIERARCHY



HIS EXCELLENCY
MOST. REV. YOOHANON
MAR CHRYSOSTOM
*Bishop of Pathanamthitta*



HIS HOLINESS
POPE FRANCIS



HIS GRACE
MOST. REV. DR. THOMAS
MAR KOORILOS
*Metropolitan Archbishop of Tiruvalla*



HIS EXCELLENCY
MOST. REV. DR. JOSHUA
MAR IGNATHIOS
*Bishop of Mavelikara*



HIS EXCELLENCY
MOST. REV. DR. GEEVARGHESE
MAR DIVANNASIOS
*Bishop of Putur*



HIS EXCELLENCY
MOST. REV. DR. JOSEPH
MAR THOMAS
*Bishop of Bathery*



HIS EXCELLENCY
MOST. REV. DR. ABRAHAM
MAR JULIOS
*Bishop of Muvattupuzha*




HIS EXCELLENCY
MOST. REV. DR. THOMAS
MAR EUSEBIUS
*Bishop, Exarchate in USA*
*Apostolic Visitor in Canada & Europe*



HIS BEATITUDE MORAN MOR BASELIOS CARDINAL CLEEMIS
Major Archbishop-Catholicos of the Syro-Malankara Catholic Church
Major Archbishop of Thiruvananthapuram



HIS EXCELLENCY
MOST. REV. DR. VINCENT
MAR PAULOSE
*Bishop of Marthandom*



HIS EXCELLENCY
MOST. REV. GEEVARGHESE
MAR TIMOTHEOS
*Bishop Emeritus of Tiruvalla*



HIS EXCELLENCY
MOST. REV. DR. JACOB
MAR BARNABAS
*Apostolic Visitor, ETR-INDIA*



HIS EXCELLENCY
MOST. REV. DR. THOMAS
MAR ANTHONIOS
*Bishop of Gudgav*



HIS EXCELLENCY
MOST. REV. DR. SAMUEL
MAR IRENIOS
*Auxiliary Bishop of Trivandrum*



HIS EXCELLENCY
MOST. REV. DR. PHILIPOS
MAR STEPHANOS
*Auxiliary Bishop of Tiruvalla*

malankaralibrary.com

# അനുമോദനങ്ങൾ...
# പ്രാർത്ഥനാശംസകൾ...



ശ്രേഷ്ടാചാര്യ പദവിയിലേക്ക് പ്രവേശിക്കുന്ന

**മോൺസിഞ്ഞോർ ജോർജ് കാലായിൽ,**

**മോൺസിഞ്ഞോർ ജോൺ കൊച്ചുതുണ്ടിൽ**

എന്നിവർക്ക്

എംസിഎ സഭാതലസമിതിയുടെ

## പ്രാർത്ഥനാശംസകൾ...



malankaralibrary.com

## Board of Editors

**Managing Editor**
Fr. John Areekal

**Chief Editor**
Monson K. Mathew

**Members**
Babu Kallumkal
Sunny George
Christhudas J.
Joji Vazhayil
Babu Ambalathumkala
Cherian Chenneerkara
Alex Valavil
Mini Babu




## എഡിറ്റോറിയൽ

ദിവ്യമായ അനുഗ്രഹവർഷത്തിന്റെ പശ്ചാത്തലത്തിൽ എം.സി.എ. 21-ാം ആഗോള അത്മായസംഗമം സംഘടിപ്പിക്കുന്നു. ഈ അത്മായ കൂട്ടായ്മയുടെ രൂപീകരണത്തിന് നേതൃത്വം നൽകിയ ഭാഗ്യസ്മരണാർഹനായ സിറിൽ ബെസ്സേലിയോസ് കാതോലിക്കാ ബാവയുടെ ദർശനവ്യക്തതയുടെയും സംഘടനയുടെ ഘടനാപരമായ കൃത്യതയുടെയും വിജയം ഈ സംഗമം വെളിപ്പെടുത്തുന്നു. ബെസ്സേലിയോസ് പിതാവ് സഭയെ വിശേഷിപ്പിക്കുന്നത് "ദൈവദത്തമായ നമ്മുടെ സഭ" എന്നായിരുന്നു. ഇതു കേവലമായ ഒരു അലങ്കാര വാക്കല്ല. മലങ്കര സുറിയാനി കത്തോലിക്കാ സഭ യാദൃശ്ചികമായ സംഭവത്തിന്റേയോ വൈകാരികമായ നടപടിയുടേയോ ഭാഗമായി ജന്മമെടുത്തതല്ല എന്നും ദൈവീക പദ്ധതിയുടെ പരിണിതഫലമായി പിറവിയെടുത്തതാണെന്നുമുള്ള പിതാവിന്റെ ഉത്തമ ബോദ്ധ്യത്തിൽ നിന്നുമാണ് ഈ വാക്കുകൾ. മലമേൽ പണിതുയർത്തിയ ഭവനംപോലെയും പീഠത്തിന്മേൽ കത്തിച്ചുവെച്ച വിളക്കുപോലെയും നമ്മുടെ സഭ ഇന്നു കാണപ്പെടുന്നു എങ്കിൽ ഇത് ദൈവദത്തമായ സഭയാണ് എന്നതിന്റെ ലക്ഷണവും സാക്ഷ്യവുമാണ്. "ദൈവത്തിന്റെ സ്വന്തം സഭ"യിൽ എം.സി.എ. എന്ന പ്രസ്ഥാനത്തിലൂടെ അത്മായ സഭയായും അത്മായ സംഘടനയായും പ്രവർത്തിക്കുവാൻ നമുക്ക് ലഭിക്കുന്ന അവസരം ദൈവീക അനുഗ്രഹമായും നാം തിരിച്ചറിഞ്ഞ് സഹകരിക്കണം. സിറിൽ ബെസ്സേലിയോസ് കാതോലിക്കാ ബാവയുടെ സ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടും, കഴിഞ്ഞ കാലഘട്ടങ്ങളിൽ ഈ പ്രസ്ഥാനത്തെ ഇടവകതലം മുതൽ സഭാതലം വരെ നയിച്ച നേതൃത്വ നിരയ്ക്ക് അഭിവാദ്യങ്ങൾ അർപ്പിച്ചുകൊണ്ടും സ്നേഹാദരവോടെ ഈ സ്മരണിക സമർപ്പിക്കുന്നു.

**മോൻസൻ കെ. മാത്യു**
**ചീഫ് എഡിറ്റർ**

Dsgn&Layout:JobinEnose

# എം.സി.എ. ദർശനവും പദ്ധതികളും

കർദ്ദിനാൾ ബസ്സേലിയോസ് ക്ലീമ്മിസ് കാതോലിക്കാബാവ

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ 87-ാമത് സംഗമം 2017 സെപ്തംബർ 19,20,21 തീയതികളിൽ അടൂരിൽ വെച്ച് നടക്കുന്ന പശ്ചാത്തലത്തിൽ മലങ്കര കാത്തലിക് അസോസിയേഷൻ 21-ാം ആഗോളസംഗമത്തിന് വേദിയൊരുക്കുന്നു. ഈ മുഹൂർത്തത്തിൽ പ്രസ്ഥാനത്തിന്റെ ദർശനവും പദ്ധതികളും കാലികമായ പ്രവർത്തനക്ഷമതയും വിശകലനം ചെയ്യപ്പെടേണ്ടതുണ്ട്. സഭാധ്യക്ഷൻ ഭാഗ്യസ്മരണാർഹനായ സിറിൽ ബസേലിയോസ് കാതോലിക്കാബാവ 1996-ൽ രൂപീകരിച്ച ഈ പ്രസ്ഥാനത്തിന്റെ ദർശനവും സ്ഥിതി വിവരവും നാം വേർതിരിച്ചറിയേണ്ടതുണ്ട്. സഭയിലും സമൂഹത്തിലും നാം നൽകിയ സാക്ഷ്യത്തിന്റെ ആഴവും പരപ്പും നാം പുനർവിചിന്തനത്തിന് വിമർശനബുദ്ധ്യാ തയ്യാറാകേണ്ടതുണ്ട്. ഈ സംഗമം നൽകുന്ന പുത്തൻ ആശയങ്ങളുടേയും ആവേശത്തിന്റേയും പശ്ചാത്തലത്തിൽ മുന്നേറ്റത്തിന്റെ ഗതിവേഗവും ദിശാബോധവും നിജപ്പെടുത്തേണ്ടതുണ്ട്. സഭയുടെ അടിസ്ഥാനദർശനവും പ്രവർത്തനവും സഭാദർശനത്തിന്റെ പശ്ചാത്തലത്തിൽ തന്നെ നിലനിൽക്കുന്നു എന്ന് ബോധ്യപ്പെടുക എന്നതാണ് അന്വേഷണത്തിന്റെ പ്രഥമഘട്ടം. മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പ്രേഷിതപ്രവർത്തനങ്ങളിൽ സഭയെ ശക്തമായും സജീവമായും സമൂഹത്തിന്റെ മുമ്പിൽ അവതരിപ്പിക്കുകയെന്നതാണ് ഈ പ്രസ്ഥാനത്തിന്റെ പ്രവർത്തനലക്ഷ്യം.

ഇതൊരു സാമുദായിക സംഘടന എന്നതിനപ്പുറത്ത് നമ്മുടെ സഭയിലെ മുതിർന്ന മലങ്കര കത്തോലിക്കാ സഭാമക്കളുടെ പ്രവർത്തനവേദി കൂടിയാണ്. സഭയുടെ പ്രവർത്തനവേദിയാകുന്നതുകൊണ്ട് അതിന്റെ ദർശനവും അടിത്തറയും എല്ലാം ഈ അസോസിയേഷന്റെ അടിസ്ഥാനപരമായ ഘടകങ്ങളായി നിലകൊള്ളുന്നു. ഇത് ശ്രദ്ധയോടുകൂടി പരിഗണിക്കപ്പെടേണ്ട വിഷയമാണ്. രാഷ്ട്രീയ പാർട്ടികളുടെ സംഘടനപോലെ പ്രവർത്തിക്കാനുള്ളതല്ല മലങ്കര കാത്തലിക് അസോസിയേഷൻ. നേരെ മറിച്ച് നമ്മുടെ സഭ ഏതൊന്നിൻമേൽ അടിസ്ഥാനമുറിച്ചി





malanka ry.com

രിക്കുന്നുവോ ആ അടിസ്ഥാനത്തിൽ തന്നെ ശരണമർപ്പിച്ച് പ്രവർത്തനങ്ങൾ മുമ്പോട്ട് കൊണ്ടു പോകാനുള്ള വേദിയാണ്. മലങ്കര കാത്തലിക് അസോസിയേഷൻ സമൂഹത്തിലുള്ള സഭയുടെ സാക്ഷ്യം നിർവ്വഹിക്കാനുള്ള വേദി കൂടിയാണ്. അതായത് മലങ്കര കത്തോലിക്കാസഭ, സമൂഹത്തിന് എന്തു ചെയ്യുവാൻ ആഗ്രഹിക്കുന്നു എന്ന് വളരെ ശക്തമായി പ്രവർത്തനവേദികളിലൂടെ എം.സി.എ. പ്രകടമാക്കണം. സഭ ഉദ്ദേശം വയ്ക്കുന്ന നന്മയുടെ സേവനപദ്ധതികൾ ഒക്കെ വിശാലസമൂഹത്തിന്റെ മുമ്പാകെ നമ്മുടെ സഭാമക്കൾ പ്രകടമാക്കേണ്ടതായിട്ടുണ്ട്. ഇത് അടിയന്തിര പ്രാധാന്യമുള്ള വിഷയമാണ്. ആത്മീയതയിൽ ഉറച്ചുനിന്നുകൊണ്ടു തന്നെ ഈ ശുശ്രൂഷ നിർവ്വഹിക്കണമെന്നതാണ് ഒരു സഭാസംഘടന എന്ന നിലയിൽ എം.സി.എ. ചെയ്യേണ്ടത്. അത് അങ്ങനെതന്നെ നിർവ്വഹിക്കപ്പെടണം. അതല്ലെങ്കിൽ വെറുമൊരു സംഘടനഎന്ന നിലയിൽ അധഃപതിച്ച് പോകാൻ സാധ്യതയുണ്ട്. മലങ്കര കത്തോലിക്കാസഭ ഒരു ആത്മീയ പ്രസ്ഥാനമെന്ന നിലയിൽ മലങ്കര കാത്തലിക് അസോസിയേഷൻ അതിന്റെ ആത്മീയ അടിത്തറയിൽ ഉറച്ചുനിന്ന് പ്രവർത്തിക്കണം.

എം.സി.എ. സഭാപരമായ അല്മായ സംഘടനയാണ്. അതിന് ആത്മീയവുമുണ്ട് ഭൗതീകവുമുണ്ട്. ഒപ്പം ഒരു നേതൃതലവുമുണ്ട്. അടിസ്ഥാനപരമായി ഇതും ഒരു ആത്മീയ പ്രസ്ഥാനമാണ്. ആത്മീയതയെ സാംശീകരിച്ചുകൊണ്ടാണ് ഇതിന്റെ സംഘടനാതലം ശക്തമാകുക. ആത്മീയഭാവം എം.സി.എ. എന്ന സംഘടനയ്ക്കില്ലെങ്കിൽ രാഷ്ട്രീയ സംഘടനകളുടേതിന് സമാനമാകും. അതുകൊണ്ട് ആത്മീയമായ ഒരു അടിത്തറയിലാണ് ഇതിന്റെ സമീപനങ്ങളെല്ലാം രൂപപ്പെടുക.

സഭയുടെ അല്മായ പ്രസ്ഥാനം എന്നു പറയുമ്പോൾ സഭയുടെ അടിസ്ഥാനനിയോഗമാണ് എല്ലാത്തിന്റേയും ആധികാരികമായ അടിസ്ഥാനം. സഭയുടെ ആത്മീയതയില്ലെങ്കിൽ എം.സി.എ. ഇല്ല. ഇത് മലങ്കര കാത്തലിക് അസോസിയേഷൻ ആണ്. മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ ആത്മീയത ഉറപ്പാക്കുന്ന ഘടകങ്ങളെല്ലാം എം.സി.എ.യ്ക്കും ബാധകമാണ് എന്നർത്ഥം. ആ ഉറപ്പിൽ നിന്നുകൊണ്ട് ബലം പ്രാപിച്ചാണ് ഇതിന്റെ സാമൂഹികമായ തലങ്ങളിലേക്കിറങ്ങുക. "സ്വർഗ്ഗസ്ഥനായ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ" എന്ന സത്യവചനത്തെ ആധാരപ്പെടുത്തിയാണ് ഇതിന്റെ ജീവകാരുണ്യ പ്രവർത്തികൾ ചെയ്യുക. അപ്പോൾ എന്റെ ഏറ്റവും എളിയവനിൽ ഒരുവന് ചെയ്തപ്പോൾ എനിക്കുതന്നെ ചെയ്തു എന്ന് കർത്താവ് പറഞ്ഞ identification with the poor വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഈ ആത്മീകത ഇല്ലെങ്കിൽ സഭയിലെ ഒരു സംഘടനയായിട്ട് ഇത് മാറില്ല. സഭയുടെ പ്രബോധനത്തോടും സഭയുടെ നിലപാടിനോടും ചേർന്നു നിൽക്കുന്ന ഒരു അസോസിയേഷനാണ് എല്ലാക്കാലത്തും നമുക്കുള്ളത്. അത് ഒരു വലിയ അനുഗ്രഹവുമാണ്. സഭയുടെ പ്രബോധനം ഒന്നു പറയുകയും അതിന് വിപരീതമായ പ്രവർത്തിക്കുന്നതാണ് സംഘടനാശൈലിയെങ്കിൽ അത് സഭാപരമാവില്ല. എം.സി.എ.യെക്കുറിച്ച് പറയുമ്പോൾ അത് സഭയുടെ പ്രബോധനം അനുസരിച്ച് മാത്രം എല്ലായ്പ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രസ്ഥാനമാണ്.

മലങ്കര കത്തോലിക്കാസഭയെ സംബന്ധിച്ച് ഏറ്റവും അടിസ്ഥാനപരമായ ഒരു ഘടകമാണ് കുടുംബം. ഈ കുടുംബങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന നാഥനും നാഥയുമായ - ജീവിതംകൊണ്ട് അർത്ഥവും സാക്ഷ്യവും നൽകുന്ന Responsible Parenthood അഥവാ ഉത്തരവാദിത്വമുള്ള മാതൃപിതൃത്വം - അവരാണ് സഭയിലെ അല്മായർ. ഈ സഭാസംവിധാനബന്ധത്തിൽ 35 വയസ്സിനുമുകളിലുള്ളവർ പ്രധാനമായും ഉൾപ്പെട്ട് നിൽക്കുന്നു. ഇങ്ങനെ മുതിർന്ന മാതാപിതാക്കളുടെ ഒരു കൂടിവരവ്, അതായത് ഉത്തരവാദിത്വപൂർണ്ണമായി വളർന്നു വരുന്ന തലമുറയെ സമൂഹത്തിന് സന്നിഹിതമാക്കി വളർത്തുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്ന ഒരു ശുശ്രൂഷയാണ് എം.സി.





malanka

എ. എന്ന സംഘടനയിലൂടെ ലക്ഷ്യം വയ്ക്കുക. ഇത് മറ്റ് സംഘടനകളിൽ നിന്നും ഏറെ വ്യത്യസ്ഥമാണ്. കാരണം സഭയുടെ നിയോഗത്തെ ജീവിച്ചുകാട്ടുകയാണ് ഈ സംഘടനയുടെ ഉദ്ദേശ്യം. ഈ സംഘടനയിൽ പ്രവർത്തിക്കുന്നതു വഴി സഭയെ ഒട്ടേറെ മേഖലകളിൽ ബലപ്പെടുത്തുന്നതിന് അല്മായ സമൂഹത്തിന് സാധിക്കും. പൗരോഹിത്യ ശ്രേണിയിലുള്ളവർക്ക് സമൂഹത്തിന്റെ എല്ലാ കോണുകളിലും കടന്നു ചെല്ലുക അസാധ്യമായ കാര്യമായി ഇന്ന് മാറിയിരിക്കുന്നു. അങ്ങനെയുള്ള ഇടങ്ങളിൽ അല്മായ സാക്ഷ്യത്തിന് ഒട്ടേറെ പ്രസക്തിയുണ്ട്. അത് ദൈവീകമാക്കുക, സഭാപരമാക്കുക, കർമ്മോത്സുകമാക്കുക, സാംഗത്യമുള്ളതാക്കുക തുടങ്ങിയവയാണ് എം.സി.എ.യുടെ സ്ഥാപിത ലക്ഷ്യം. ഈ അല്മായ ദൗത്യത്തിൽ മലങ്കര കാത്തലിക് അസോസിയേഷൻ ഏറെ മുൻപോട്ടു പോയിട്ടുണ്ട് എന്നുള്ളത് ഈ സന്ദർഭത്തിൽ ഞാൻ പ്രത്യേകം അനുസ്മരിക്കുന്നു. നമ്മുടെ സഭയെ സംബന്ധിച്ച് വലിയൊരു ഭാഗ്യം എന്നത് സഭയോട് വളരെ ഹൃദയമടുപ്പമുള്ള കുടുംബങ്ങൾ നമുക്കുണ്ട് എന്നുള്ളതാണ്.

സഭയെ അറിയുന്ന, സഭയെ സ്നേഹിക്കുന്ന ആളുകളുടെ ഒരു വലിയ നേതൃനിര മലങ്കര കാത്തലിക് അസോസിയേഷനിലൂടെ നമുക്ക് തുടർച്ചയായി ലഭിച്ചുകൊണ്ടിരിക്കുന്നു. പുതിയ തലമുറയിലെ അംഗങ്ങൾ ഇതിലേക്ക് പ്രവേശിക്കുന്നു എന്നുള്ളത് ഏറെ സന്തോഷം നൽകുന്നു.

നമ്മുടെ കുടുംബങ്ങളുടെ പരിരക്ഷ, കുടുംബങ്ങളുടെ ഉയിർത്തെഴുന്നേൽപ്പ്, നവോന്മേഷം..., ഇതിന് എം.സി.എ.യ്ക്ക് ഒന്നും ചെയ്യാനില്ലേ? ഉണ്ട് എന്നുള്ളതാണ് എന്റെ ബോധ്യം. കുടുംബങ്ങളിൽ നിന്നും വരുന്നവരാണ് നേതാക്കന്മാർ. അതുകൊണ്ടു തന്നെ ഇതിന്റെ ഭാരം മനസ്സിലാക്കുന്നവരാണ് നമ്മുടെ നേതൃത്വം. കുടുംബങ്ങളിലെ എല്ലാ വിഷയങ്ങളും അവർക്ക് പരിഹരിക്കാനാവും എന്നുള്ളതല്ല വിവക്ഷിക്കുന്നത്, തീർച്ചയായും അതിനൊരു ആത്മീയതലം ഉണ്ട്. മറിച്ച് കുടുംബബന്ധങ്ങളിലെ അപജയങ്ങളെ ഇല്ലായ്മ ചെയ്യാൻ ഒരു പരിധി വരെ സാധിക്കും. ഇവിടെ ഉത്തരവാദിത്വമുള്ള മാതൃപിതൃത്വം ഇതിന്റെ വേദനമനസ്സിലാക്കി മുൻപോട്ടു വന്നാൽ വളരെ വ്യത്യാസമുള്ള ഉത്തരം കണ്ടെത്തുവാൻ സാധിക്കും. സഭാപിതാക്കന്മാരുടെ പ്രബോധനങ്ങൾകൊണ്ട് മാത്രം സാധ്യമാകുന്ന വിഷയമായി കാണേണ്ടതല്ല. നമ്മളെ, തലമുറയെ, സമൂഹത്തെ സാരമായി ബാധിക്കുന്ന വിഷയങ്ങളിൽ നേതൃപരമായ ഇടപെടലുകൾ അത്യാവശ്യമാണ്. ഇവിടെ അസോസിയേഷനും സഭാമക്കൾ ഒന്നാകെയും ഉണർന്ന് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. അതിന് നമുക്കല്പ്പം വേദനിക്കേണ്ടി വരും. ഇപ്പോൾ അതിന് വിമുഖത കാട്ടിയാൽ പിന്നീട് നമ്മൾ തീരാദുഃഖത്തിലേക്ക് മാറുകയും ചെയ്യും.

ഒരു കാര്യം, അടുത്തകാലങ്ങളിലായി പ്രത്യേകമായി രൂപപ്പെട്ടുവരുന്ന ഒരു ശൈലി പ്രത്യേകിച്ച് എം.സി.എ.യുടെ സഭാതലസമിതി കൂടുതൽ ഇടപെടുന്ന സമിതിയാണ്. പൊതുവായിട്ടും കുറച്ചുകൂടി സജീവമായി സഭാശുശ്രൂഷയും ഉൾച്ചേരാനുള്ള ആഗ്രഹമെപ്പോഴും പ്രകടിപ്പിക്കുന്ന ഒരു നിരയെ ഞാൻ കാണുന്നുണ്ട്. അത് വലിയ ആശ്വാസമായ ഒരു കാര്യമാണ്. അത് രൂപതകളിലും വളരെ പ്രകടമാണ്. ഇനി ജീവകാരുണ്യപരമായ എന്തെങ്കിലും കാര്യങ്ങൾ സജീവമായി ചെയ്യണം എന്ന് നമ്മുടെ എല്ലാ രൂപതകളിലേയും സമിതികൾക്ക് വലിയ താത്പര്യമുണ്ട്. അത് സുവിശേഷാത്മകം തന്നെയാണ്. സുവിശേഷപരമായിട്ടുള്ള പരിശുദ്ധാത്മ വെളിച്ചം തന്നെയാണ് അതുവഴി എത്രയോ ആയിരക്കണക്കിനാളുകൾക്ക് നന്മ ലഭിക്കുന്നു.

ഗൾഫ് രാജ്യത്തിൽ ജോലിക്ക് പോയിരിക്കുന്ന നമ്മുടെ ആളുകൾ അവർ നമ്മുടെ നാട്ടിലെ ചെറുതും വലുതമായ എല്ലാ കാര്യങ്ങളിലും സഹായിക്കുന്നവരാണ്. അതിലൊട്ടേറെപേർ ഇടവകയിലെ കൊച്ചുകാര്യങ്ങൾ മുതൽ അവരുടെ വീട്ടിലെ കാര്യങ്ങൾ വരെ നോക്കണം. സഹോദരങ്ങളുടെ കാര്യങ്ങൾ ശ്രദ്ധിക്കുന്നവരുണ്ട്. ഇടവകയിലെ കാര്യം, നാടിന്റെ കാര്യം, സഭയുടെ കാര്യം, വ്യക്തിപരമായിട്ടുള്ള ബന്ധങ്ങളുടെ പേരിലുള്ളതെല്ലാം ഈ ആളുകൾ ചെയ്യുന്നു. വളരെ താത്പര്യത്തോടുകൂടി എല്ലാ വർഷവും പുനരൈക്യവാർഷിക ആഘോഷവേളകളിൽ നമ്മുടെ ഗൾഫിലെ ഏതാനും രാജ്യങ്ങളിൽ നിന്നുള്ള ആളുകൾ ധനസഹായം എത്തിക്കുന്നുണ്ട്. ഇത് വളരെ പോസിറ്റീവ് ആണ്. ആരും ആരേയും നിർബന്ധിച്ചിട്ടല്ല. അവർ സ്വമേധയാ ആരംഭിച്ചതാണ്. ഇതിന് ഒരു തുടക്കംകുറിച്ചത് നമ്മുടെ കുവൈറ്റിലെ മലങ്കര കാത്തലിക് കമ്മ്യൂണിറ്റിയാണ്.

അതുപോലെതന്നെ നമുക്ക് ആരാധനയ്ക്ക് സൗകര്യമൊന്നും തന്നെ ഇല്ലെങ്കിലും സൗദി അറേബ്യയിലെ നമ്മുടെ സമൂഹം വളരെ സജീവമായിട്ട് എല്ലാ കാര്യങ്ങളിലും ഇടപെടുന്നുണ്ട്. ഇതൊക്കെ ധനം മിച്ചം വന്നതുകൊണ്ടോ അവർക്കിനി പണം ആവശ്യമില്ലാത്തതുകൊണ്ടോ ഒന്നുമല്ല. ഇതിൽ ഒട്ടേറേപേർ സാധാരണ ജീവിതനിലവാരം മുമ്പോട്ട് കൊണ്ടുപോകുന്നവർ ആണ്. അപ്പോൾ അവരുടെ സാധാരണ ജീവിതക്രമത്തിൽ ആഡംബരം വേണ്ടെന്നു വെച്ചിട്ടാണ് പലപ്പോഴും ഇങ്ങനെയുള്ള കാര്യങ്ങൾക്കെപ്പോഴും അവർ മുമ്പോട്ട് വന്നിട്ടുള്ളത് എന്നതും പ്രശംസനീയമാണ്.

എം.സി.എ.യുടെ പരമ്പരാഗത പ്രവർത്തനശൈലി കൂടാതെ പ്രത്യേകപരിഗണനനൽകേണ്ട വിഷയം സുവിശേഷത്തെ നമ്മൾ ഗൗരവമായി എടുക്കണം എന്നുള്ളതാണ്. അതിനെഅടിസ്ഥാനമാക്കിയുള്ള സഭാത്മകയായ ഒരു ആത്മീയത നമ്മുടെ കുടുംബങ്ങളെ ഭരിക്കുകയും നമ്മുടെ സകല ഇടപെടലുകളിലും ഈ ആത്മീകത പ്രകടമാകുകയും ചെയ്യണം. എന്നു വെച്ചാൽ നമ്മുടെ അടിസ്ഥാനപരമായ സുവിശേഷത്തിന്റെ മൂല്യം നമ്മുടെ സ്വഭാവത്തെ സ്വാധീനിക്കുന്ന ഘടകമായിട്ട് വരണം അത് മലങ്കരയുടെ മനുഷ്യ സമീപനരീതിയാവണം. അതായത് നമ്മുടെ ഇടപെടൽ ശക്തമാക്കണം. നമ്മുടെ സകല പ്രവർത്തനങ്ങളിലും ആത്മീയത നിറഞ്ഞു നിൽക്കണം. എന്നവെച്ചാൽ എം.സി.എ. നമ്മുടെ ഒരു വെറും സംഘടനയല്ല. ഇത് സഭയെ ബലപ്പെടുത്തുന്ന ആത്മീയ പ്രസ്ഥാനമാണ്. ഈ സഭയില്ലെങ്കിൽ ഈ സംഘടനഇല്ല. നമ്മുടെ കുടുംബങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന മാതാവും പിതാവുമാണ് സംഘടനയിലെ ആളുകൾ. സഭാകുടുംബത്തെ ബലപ്പെടുത്താം. നമ്മുടെ സമൂഹത്തെ നമുക്ക് ബലപ്പെടുത്താം. അതിനുള്ള ആത്മീക കരുത്ത് എം.സി.എ. സമ്പാദിച്ച് അതനുസരിച്ച് മുമ്പോട്ടുപോയാൽ വലിയ ഒരു നേതൃത്വം നമ്മുടെ സഭയ്ക്കകത്തും സഭയ്ക്കു പുറത്തും രാഷ്ട്രീയത്തിലും സമൂഹത്തിലും എല്ലാം കൊടുക്കുവാനായിട്ട് സാധിക്കും. ഐക്യത്തിന്റെ സാക്ഷികളും വിശുദ്ധരുടെ സഹപൗരരും എന്ന ചിന്താവിഷയം ജീവിത വിഷയമാക്കുന്നതിന് 87-ാം പുനരൈക്യവാർഷികാഘോഷം നിങ്ങളെ ഏവരേയും സഹായിക്കട്ടെ.

“സംഘാത പ്രയത്നത്തിന്റെയും കരുതൽ സംസ്കാരത്തിന്റെയും ചൈതന്യപഥത്തിലേക്ക്”

# എം.സി.എ. ദൈവജനകൂട്ടായ്മ

ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്
അത്മായ കമ്മീഷൻ ചെയർമാൻ



സഭ ദൈവജനമാണ്. ദൈവത്തെ ഭയപ്പെടുകയും നീതി പ്രവർത്തിക്കുകയും ചെയ്യുന്ന ഏത് വ്യക്തിയ്ക്കും സ്ഥലകാല ഭേദമില്ലാതെ ദൈവത്തിന് സ്വീകാര്യനാണ്. അവരെ വിശുദ്ധീകരിക്കാനും രക്ഷിക്കുവാനും ദൈവം തിരുമനസ്സായി. എന്നാൽ പരസ്പര ബന്ധമില്ലാത്ത വ്യക്തികൾ എന്ന നിലയിലല്ല, പരസ്പരം ബന്ധപ്പെട്ടിരിക്കുന്ന, തന്നെ അറിഞ്ഞ് അംഗീകരിക്കുന്ന, തനിക്ക് വിശുദ്ധിയിൽ സേവനമനുഷ്ടിക്കുന്ന ഒരു ജനപദമെന്ന നിലയിൽ അവരെ രൂപീകരിക്കുകയാണ് ദൈവം ചെയ്തത്. സഭയിൽ അല്മായർക്കുള്ള സ്ഥാനം രണ്ടാംവത്തിക്കാൻ സുന്നഹദോസ് വ്യക്തമായി പഠിപ്പിക്കുന്നുണ്ട്. “തിരുപ്പട്ടം സ്വീകരിക്കാത്തവരോ സഭ അംഗീകരിച്ചിട്ടുള്ള സന്യാസസഭകളിൽപ്പെടാത്തവരോ ആയ വിശ്വാസികളെയാണ് അല്മായർ എന്ന പദംകൊണ്ട് വിവക്ഷിക്കുന്നത്. മാമോദീസ വഴി അവർ ക്രിസ്തുവിനോട് ചേർന്ന് ഒരു ശരീരവും ക്രിസ്തുവിന്റെ ജനവുമായി രൂപംകൊള്ളുന്നു. ക്രിസ്തുവിന്റെ പൗരോഹിത്യത്തിലും പ്രവാചകത്വത്തിലും രാജത്വത്തിലും അവർ പങ്കുകാരാകുന്നു. എന്നാൽ ഇന്നും അല്മായരിൽ പലരും സഭയെന്നു പറഞ്ഞാൽ ഹൈരാർക്കി എന്നാണ് ധരിച്ചിരിക്കുന്നത്. അല്മായർ എന്നാൽ പുരോഹിതരോ സന്യാസ്തരോ അല്ലാത്ത ക്രൈസ്തവൻ എന്ന നിഷേധാത്മക നിർവചനമാണ് ഇന്നും പലരെയും നയിക്കുന്നത്. മിശിഹായുടെ പുരോഹിത, രാജകീയ, പ്രവാചക ധർമ്മങ്ങളിൽ പങ്കു ചേർന്ന് ആ ത്രിവിധ ധർമ്മങ്ങൾ സഭയിലും ലോകത്തിലും നിർവഹിക്കുന്നവരാണ് അല്മായർ എന്ന ഭാവാത്മക നിർവചനമാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ നല്കുന്നത്.”

വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടവരാണ് അല്മായർ. എല്ലാ പ്രവൃത്തികളിലും വിശുദ്ധരായിരിക്കുവിൻ (1 പത്രോ. 1:15) എന്ന വി. പത്രോസിന്റെ ആഹ്വാനം ഓരോ അല്മായനും ജീവിതത്തിൽ അന്വർത്ഥമാക്കണം. ക്രൈസ്തവ ദൈവവിളിയിൽ സഭയിലെ രണ്ടാംകിട പൗരന്മാരല്ല അല്മായർ. മിശിഹായുടെ 'സഭയെ ലോകത്തിൽ അവതരിപ്പിക്കുക എന്ന ഉദാത്തമായ ദൗത്യം സഭാംഗങ്ങളെല്ലാം ചേർന്ന് നിർവഹിക്കുന്നു. വൈദിക പട്ടം സ്വീകരിക്കുന്നില്ലെങ്കിലും സുവിശേഷ ചൈതന്യത്തിൽ അവർ ക്രൈസ്തവ ജീവിതം കരുപിടിപ്പിക്കുന്നു. തിരുസഭയിലേക്കുള്ള ദൈവവിളിയുടെ തുല്യത മനസ്സിലാക്കിയാൽ മാത്രമേ ക്രിസ്തു ശിഷ്യന്മാർ എന്ന നിലയിൽ സഭയിൽ അല്മായർക്കും വൈദികർക്കുമുള്ള ദൗത്യം മൗലികമായി ഒന്നാണെന്ന ബോധം ജനിക്കുകയുള്ളു. പൗരോഹിത്യവും അതുമായി ബന്ധപ്പെട്ട അധികാരങ്ങളും ഭരണ സംവിധാനങ്ങളുമെല്ലാം അല്മായർക്കുവേണ്ടിയാണ് എന്നതുതന്നെ സഭയിൽ അല്മായർക്കുള്ള സ്ഥാനം വ്യക്തമാക്കുന്നു.



സഭയുടെ രക്ഷാകര ദൗത്യം നിറവേറ്റുന്നതിൽ അല്മായർക്ക് മുഖ്യപങ്കാളിത്തമുണ്ട്. ലോകവുമായി ബന്ധപ്പെട്ടു ജീവിക്കുന്നുവെന്നതാണ് അല്മായർക്ക് ഈ ദൗത്യ നിർവഹണത്തിനുള്ള അനുകൂല സാഹചര്യം. കാരണം, അല്മായർ തങ്ങളുടെ ദൗത്യം നിർവഹിക്കേണ്ടത് അവരുടെ പ്രവർത്തനമണ്ഡലങ്ങളിലാണ്. വൈവിധ്യമാർന്ന ജീവിത മേഖലകളെ വിശുദ്ധീകരിക്കാനും ക്രൈസ്തവമാക്കുവാനും ഒരു യഥാർത്ഥ ക്രൈസ്തവനു കഴിയും. സഭയ്ക്ക് നേരിട്ട് സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയാത്ത മേഖലകളിൽ അല്മായ പ്രേഷിതത്വത്തിന് വലിയ പങ്കുണ്ട്. എല്ലാ മേഖലകളിലും സാക്ഷ്യം നൽകുന്ന വ്യക്തിയാകണം അല്മായൻ. "ലോകത്തിന്റെയും ലൗകിക പ്രവർത്തനങ്ങളുടെയും മദ്ധ്യേ ജീവിക്കുകയെന്നത് അല്മായ സ്ഥിതിക്ക് യോജിച്ചതുതന്നെയാണ്. അതുകൊണ്ട് ക്രിസ്തുവിന്റെ ചൈതന്യത്താൽ ജ്വലിച്ച് ലോകത്തെ പുളിപ്പിക്കുന്ന മാവെന്നപോലെ സ്വന്തം ദൗത്യം നിർവഹിക്കുവാൻ അല്മായരെ വിളിച്ചിരിക്കുന്നു." (AA 23,65). സഭയുടെ പ്രേഷിത ലക്ഷ്യങ്ങളിലുള്ള പങ്കുചേരലും അവയോടുള്ള യോജിപ്പും അത്യന്താപേക്ഷിതമാണ്. സഭാംഗങ്ങളായിരിക്കുന്നതുകൊണ്ടുതന്നെ സുവിശേഷം ജീവിക്കുവാനും പ്രചരിപ്പിക്കുവാനും സുവിശേഷ ചൈതന്യം സമൂഹങ്ങളിലേക്കും സാഹചര്യങ്ങളിലേക്കും പ്രസരിപ്പിക്കുന്നതുവഴി 'പുതിയൊരു ആകാശവും പുതിയൊരു ഭൂമിയും' സൃഷ്ടിക്കുവാനും അല്മായർ വിളിക്കപ്പെട്ടിരിക്കുന്നു.

സഭയുടെ പ്രേഷിത ദൗത്യ നിർവഹണത്തിൽ പ്രധാനപങ്കു വഹിക്കാനുള്ളവരാണ് അല്മായർ. അവർ എവിടെ ആയിരിക്കുന്നവോ അവിടെത്തന്നെയാണ് അവരുടെ പ്രേഷിത പ്രവർത്തനവേദിയും. അല്മായർ എല്ലാവരും തന്നെ കുടുംബജീവിതം നയിക്കുന്നവരാണ്. അവരെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ പ്രേഷിത വേദി കുടുംബംതന്നെയാണ്. തൊഴിൽ രംഗത്തെ ക്രിസ്തീയ സാക്ഷ്യം, പരമപ്രധാനമാണ്. പരിസ്ഥിതി സംരക്ഷണം, മനുഷ്യാവകാശ സംരക്ഷണം, നീതിയ്ക്കും സമാധാനത്തിനും വികസനത്തിനും വേണ്ടിയുള്ള സന്നദ്ധ സേവനം ഇവയിൽ മുന്നോട്ട് വരേണ്ടത് അല്മായരാണ്. തങ്ങളുടെ ജീവിതവുമായി ഏറെ ബന്ധപ്പെട്ടിരിക്കുന്ന മേഖലകളാണിവയെല്ലാം.

മലങ്കര കത്തോലിക്കരുടെ പൊതുവേദിയാണ് മലങ്കര കാത്തലിക് അസോസിയേഷൻ. മലങ്കര കത്തോലിക്കാസഭയിൽ അല്മായർക്ക് കൂടിവരുന്നതിനും സുവിശേഷം ജീവിക്കുവാനും ജീവിക്കുവാൻ പരസ്പരം സഹായിക്കുവാനുമുള്ള വേദിയാണത്. സത്യം, ഐക്യം, സമാധാനം എന്നീ ത്രിവിധ ആവശ്യങ്ങളിൽ ഊന്നി നിന്നുകൊണ്ട് മലങ്കര കത്തോലിക്കസഭാംഗങ്ങളുടെ സർവ്വതോന്മുഖമായ ഉൽകർഷത്തിനുവേണ്ടി സഭാധികാരികളോടു ചേർന്ന് പ്രവർത്തിക്കുന്ന എം.സി.എ മലങ്കസഭയ്ക്ക് ഒരു മുതൽക്കൂട്ടാണ്. പ്രബുദ്ധരായ അല്മായ നേതാക്കന്മാരെ സഭയ്ക്ക് നല്കുന്ന എം.സി.എയുടെ പ്രവർത്തനങ്ങൾ അഭിനന്ദനീയമാണ്. പ്രതിബദ്ധതയോടും സുവിശേഷ ചൈതന്യത്തോടും പുനരൈക്യ, സഭാശുശ്രൂഷകളിൽ സജീവസാന്നിദ്ധ്യമായി തുടരാൻ എം.സി.എയ്ക്ക് കഴിയട്ടെ.



malankaralibrary.com

## എം.സി.എ. സഭാതല കാര്യനിർവാഹക സമിതി



ഫാ. ജോൺ അരീക്കൽ
(ആത്മീയ ഉപദേഷ്ടാവ്)



മോൻസൻ കെ. മാത്യു
(പ്രസിഡന്റ്)



ബാബു കല്ലുങ്കൽ
(ജനറൽ സെക്രട്ടറി)



സണ്ണി ജോർജ്
(ട്രഷറാർ)



പോൾ രാജ്
(വൈസ് പ്രസിഡന്റ്)



സജി കിനാന്തോപ്പിൽ
(വൈസ് പ്രസിഡന്റ്)



മിനി ബാബു
(വൈസ് പ്രസിഡന്റ്)



ഷീല അലക്സ്
(ജോ. സെക്രട്ടറി)



സാമുവൽ ജോസ്
(ജോ. സെക്രട്ടറി)



അഡ്വ. എബ്രഹാം എം. പട്ടാനി
(എക്സി. കമ്മറ്റി അംഗം)



അലക്സ് വളവിൽ
(എക്സി. കമ്മറ്റി അംഗം)



ശോശാമ്മ തോമസ്
(എക്സി. കമ്മറ്റി അംഗം)



പി.കെ. ജോസഫ്
(എക്സി. കമ്മറ്റി അംഗം)



തോമസ് ചെറിയാൻ
(എക്സി. കമ്മറ്റി അംഗം)



malankaralibrary.com



# മലങ്കരസുറിയാനിസഭകളുടെ ഐക്യം കാലഘട്ടത്തിന്റെ ആവശ്യം



ജോൺ മത്തായി
ഐ.എ.എസ്. റിട്ടയർഡ്

മലങ്കര സഭാചരിത്രത്തിൽ സൂര്യതേജസ്സായി തിളങ്ങുന്ന ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് തിരുമേനിയുടെ 1930 സെപ്റ്റംബർ 20-ാം തീയതിയിലെ കത്തോലിക്കാസഭയുമായുള്ള പുനരൈക്യം ഏറെക്കാലത്തെ പഠനത്തിന്റെയും പ്രാർത്ഥനയുടെയും പരിസമാപ്തി ആയിരുന്നു.

എ.ഡി. 52-ൽ ക്രിസ്തുശിഷ്യനായ മാർ തോമാശ്ലീഹ കേരളത്തിൽ കൊടുങ്ങല്ലൂരിൽ കപ്പലിറങ്ങുകയും, ഭാരതത്തിൽ സുവിശേഷം പ്രചരിപ്പിക്കുകയും ചെയ്തതുവഴി ക്രിസ്തുമതം ഇവിടെ സ്ഥാപിതമായി. അപ്പസ്തോലൻ തുടങ്ങിവെച്ച വിശ്വാസകൂട്ടായ്മ കാലാന്തരത്തിൽ മലങ്കരസഭ എന്ന് പൊതുവായി അറിയപ്പെട്ടു.

അന്നുമുതൽ മലങ്കരസഭയിൽ ഉണ്ടായ വേർതിരിവുകളും വിഭാഗീതയും വളരെ ചുരുക്കത്തിൽ താഴെ വിവരിക്കുന്നു.

എ.ഡി. 345-ൽ പേർഷ്യയിൽ നിന്നുള്ള ഒരു കൂട്ടം ക്രിസ്ത്യാനികൾ കേരളതീരത്തു കപ്പലിറങ്ങി. അവർ ക്നാനായ ക്രിസ്ത്യാനികൾ എന്നറിയപ്പെടുന്നു. എ.ഡി. 825-ൽ പേർഷ്യയിൽ നിന്നും രണ്ടാമതൊരു കൂട്ടം ക്രിസ്ത്യാനികളും കേരളത്തിൽ വന്നു.

ഒന്നായിരുന്ന മലയാളക്കരയിലെ ക്രിസ്ത്യാനിസഭ 1599-ലെ ഉദയംപേരൂർ സുനഹദോസിനുശേഷം 1653-ലെ കൂനൻകുരിശ് സത്യം വഴിയായി വിഭജിക്കപ്പെട്ടു. പോർച്ചുഗീസ് മിഷനറിമാരെ അനുകൂലിച്ച് മാർപ്പാപ്പായുടെ കീഴിൽ പഴയകൂർ വിഭാഗം തുടരുകയും, അന്തോക്യൻ പാത്രയർക്കീസിനെഅംഗീകരിച്ച് മറുഭാഗത്ത് പുത്തൻകൂർ വിഭാഗം നിലകൊള്ളുകയും ചെയ്തു.



malankaralibrary.com

1701-ൽ തൃശ്ശൂർ ആസ്ഥാനമായി ഈസ്റ്റ് സിറിയൻ കാൽഡിയൻ സഭ നിലവിൽ വന്നു.

1772-ൽ കാട്ടുമങ്ങാട്ട് മാർ കൂറിലോസിന്റെ നേതൃത്വത്തിൽ തൊഴിയൂർ കേന്ദ്രമായി സ്വതന്ത്രസുറിയാനി സഭയുണ്ടായി.

1879-ൽ പാലകുന്നത്ത് മാത്യൂസ് മാർ അത്തനാസിയോസിന്റെ നേതൃത്വത്തിൽ മാർത്തോമ്മ സുറിയാനി സഭ സ്ഥാപിതമായി.

1912-ൽ പുത്തൻകൂർ സുറിയാനി സഭയിൽ പിളർപ്പുണ്ടായി. വട്ടശ്ശേരിൽ മാർ ദിവന്ന്യാസോസിനെഅനുകൂലിച്ച് ഓർത്തഡോക്സ് സുറിയാനി സഭയും, അന്തോക്യൻ പാത്രയർക്കീസിനെഅംഗീകരിച്ച് യാക്കോബായ സുറിയാനി സഭയും മലങ്കരസഭയിൽ രൂപീകൃതമായി.

1809 മുതൽ വിവിധവിഭാഗം പ്രൊട്ടസ്റ്റന്റ് മിഷനറിമാരുടെ വരവോടെ കുറെയേറെ സുറിയാനി ക്രിസ്ത്യാനികൾ, പ്രൊട്ടസ്റ്റന്റ് വിശ്വാസികളായി മാറി. 1836-ലെ മാവേലിക്കര പടിയോല പ്രകാരം സി.എം.എസ്. വിഭാഗം രൂപീകൃതമായി.

20-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ പെന്തക്കോസ്തു ചിന്താഗതിയുള്ള ധാരാളം സ്വതന്ത്രസഭകൾ കേരളത്തിൽ ഉടലെടുത്തു. വ്യക്തിഗതവും സംഘടനാത്മകവുമായ ഇത്തരം സഭകളിൽ ഇന്ന് സുറിയാനി ക്രിസ്ത്യാനികൾ അംഗങ്ങളാണ്.

അങ്ങനെവിവിധസഭകളായി ഇന്ന് നിലനിൽക്കുന്ന മലങ്കര സുറിയാനി ക്രിസ്ത്യാനികൾ, ക്രിസ്തുവാകുന്ന ഏകഇടയന്റെ കീഴിൽ ഒന്നായിതീരേണ്ടത് ആത്മീയമായും ചരിത്രപരമായും ഇന്നിന്റെ ആവശ്യമാണ്.

ലോകചരിത്രത്തിൽ വളരെ കുറച്ചുപേർക്കു മാത്രമേ മഹാൻ എന്ന വിശേഷണം ചേരുകയുള്ളു. മലങ്കരസഭയിലെ സമാധാനത്തിന്റെ ആചാര്യനായ മാർ ഈവാനിയോസ് തിരുമേനി ലോകചരിത്രത്തിലെ മഹാന്മാരിൽ ഒരാളാണ് എന്നുള്ളത് തർക്കമില്ലാത്ത കാര്യമാണ്.

ഓർത്തഡോക്സ്, യാക്കോബായ സഭകളിലെ അവസാനിക്കാത്ത അന്തഃഛിദ്രം കണ്ട് മനസ്സുമടുത്താണ്, മലങ്കരസഭയുടെ മേൽപറഞ്ഞ ചരിത്രം കൂലങ്കുഷമായി പഠിക്കുകയും പരിചിന്തനം നടത്തുകയും ചെയ്തശേഷം, ആഗോള കത്തോലിക്കാസഭാകൂട്ടായ്മ മാത്രമാണ് മലങ്കരസഭയുടെ മുമ്പിലുള്ള പോംവഴി എന്ന് പിതാവ് മനസ്സിലാക്കിയത്. അപ്പസ്തോലതലവനായ പരിശുദ്ധ പത്രോസിന്റെ സിംഹാസനവുമായുള്ള കൂട്ടായ്മയാണ് ക്രിസ്തുസഭയ്ക്ക് അത്യന്താപേക്ഷിതമെന്ന സത്യം ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിക്കു ബോധ്യമായതിന്റെ അടിസ്ഥാനത്തിലാണ് 1930 സെപ്റ്റംബർ 20 ന്റെ പുനരൈക്യം സാദ്ധ്യമായത്. അതുവഴി മാർപ്പാപ്പാ പരമാദ്ധ്യക്ഷനായുള്ള എല്ലാ പ്രാദേശിക അപ്പസ്തോലിക സഭകളുമായുള്ള മലങ്കരസഭയുടെ കൂട്ടായ്മ പുനസ്ഥാപിതമായി. 1930-ൽ മാർ ഈവാനിയോസ് തുറന്നിട്ട പുനരൈക്യകവാടം അനേകായിരങ്ങൾക്ക് സാർവ്വത്രികസഭാകൂട്ടായ്മയിലേക്കുള്ള വഴിയായി തീർന്നിരിക്കുന്നു.

2005 ഫെബ്രുവരി 10-ാം തീയതി പരിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പാ, മലങ്കര സുറിയാനി കത്തോലിക്കാസഭയെ ഒരു മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തി, സഭയുടെ മേജർ ആർച്ചുബിഷപ്പും കാതോലിക്കാബാവയുമായി മോറോൻ മോർ സിറിൽ ബസേലിയോസ് ബാവയെ അവരോധിച്ചു. അങ്ങനെആഗോളകത്തോലിക്കാസഭയിൽ മലങ്കര കാതോലിക്കേറ്റ് സ്ഥാപിതമായി.

മാർതോമാ സുറിയാനി ക്രിസ്ത്യാനികളുടെ പൊതുവായ ലക്ഷ്യവും, പുത്തൻകൂർ സമുദായത്തിന് ഏറെ കഷ്ടപ്പാടുകൾ നേരിടേണ്ടിവന്നിട്ടുള്ളതുമായ ഉൾഭരണ സ്വാതന്ത്ര്യവും സാർവ്വത്രിക കൂട്ടായ്മയുമാണ് ഈ ചരിത്രസംഭവം വഴി സാക്ഷാത്കരിക്കപ്പെട്ടത്. ഒരു പ്രാദേശിക അപ്പസ്തോലിക സഭയുടെ രണ്ടായിരം വർഷത്തെ കാത്തിരിപ്പിനും, ജാഗ്രതയ്ക്കും ശ്ലീഹന്മാരുടെ തലവനായ വിശുദ്ധ പത്രോസിന്റെ പിൻഗാമി മലങ്കരസഭയ്ക്ക് നൽകിയ വലിയ അംഗീകാരമായി ഇതിനെകാണണം.

മലങ്കര സുറിയാനി പാരമ്പര്യമുള്ള ഭാരതത്തിലെ, പ്രത്യേകിച്ച് കേരളക്കരയിലെ സഭാമക്കൾക്ക് ഒരു ഇടയനും ഒരു തൊഴുത്തും എന്ന വേദപുസ്തകവാക്യം യാഥാർത്ഥ്യമാക്കാൻ ചരിത്രപരമായി വന്നുചേർന്ന ഭിന്നിപ്പും വിഭാഗീയതയും ഇല്ലാതാക്കുവാനും, ആഗോളസഭാ ഐക്യത്തിൽ ഭാഗഭാഗാക്കാനും ലഭിക്കുന്ന വലിയ അവസരമാണ് മലങ്കര സുറിയാനി കത്തോലിക്കാസഭയിലേക്കുള്ള പ്രവേശനം. സ്വന്തം ആചാരാനുഷ്ഠാനങ്ങൾ സംരക്ഷിച്ചുകൊണ്ടും, പൗരാണികമായ ആരാധനാക്രമങ്ങൾ തുടർന്നുകൊണ്ടും, ഐക്യത്തിൽ മുന്നേറാനുള്ള സുവർണ്ണാവസരമാണ് മലങ്കര കത്തോലിക്കാ സഭ എല്ലാ സുറിയാനി പാരമ്പര്യമുള്ള ക്രിസ്ത്യാനികൾക്കും ഇന്നു നൽകുന്നത്.

കോടതിവഴിയുള്ള തർക്കങ്ങൾക്കും വിധിതീർപ്പിനും സഭയിൽ സമാധാനവും ശാന്തിയും ഉണ്ടാക്കാൻ കഴിയുമെന്ന് മുൻകാലചരിത്രം തെളിയിക്കുന്നില്ല. ഓർത്തഡോക്സ്, യാക്കോബായ സഭാതർക്കത്തിൽ ഈ അടുത്ത കാലത്തുണ്ടായ സുപ്രീംകോടതി വിധി ഈ സഭകളിൽ സമാധാനം ഉണ്ടാക്കുമെന്ന് പ്രതീക്ഷിക്കുന്നു.

മാർതോമായുടെ പൈതൃകം അനുഭവിക്കുന്ന മലങ്കരമക്കൾ ആ ആദ്യകാല കൂട്ടായ്മയിലേക്ക് തിരികെ പോകേണ്ടത് ചരിത്രപരമായ നിയോഗമാണ്. മഹാനായ മാർ ഈവാനിയോസ് തിരുമേനി തുറന്നു തന്ന ആ പാതയിലൂടെ മുന്നേറിയാൽ, മലങ്കരമക്കൾക്ക് ശാശ്വതമായ ക്രിസ്തീയ സമാധാനം സഭയിൽ അനുഭവിക്കുവാൻ ഇടയാകുമെന്ന് 87-ാം പുനരൈക്യ വാർഷികം ആഘോഷിക്കുന്ന മലങ്കര സുറിയാനി കത്തോലിക്കാ സഭ തന്നെ ഏറ്റവും നല്ല ഉദാഹരണമായി നമ്മുടെ മുമ്പിൽ നിലകൊള്ളുന്നു.



malankaralibrary.com

# ഐക്യത്തിന്റെ സാക്ഷികൾ അവസ്ഥയും നിഷ്ഠയും

ഐക്യത്തിന്റെ സാക്ഷികളും വിശുദ്ധരുടെ സഹപൗരരും എന്ന വിഷയമാണല്ലോ 87-ാം പുനരൈക്യ വാർഷികത്തിന്റെ പ്രമേയം. 'സാക്ഷ്യവും ജാഗ്രത'യുമാണ് കേരള കത്തോലിക്കാ മെത്രാൻ സംഘം (കെ.സി.ബി.സി)യുടെ ഈ വർഷത്തെ പ്രത്യേക ചിന്താവിഷയം. ആദ്യത്തേത് നമ്മുടെ സഭയുടെ ഇന്നത്തെ സവിശേഷമായ അവസ്ഥയെ സൂചിപ്പിക്കുമ്പോൾ സാക്ഷ്യവും ജാഗ്രതയും നാം നമ്മുടെ ജീവിതത്തിലൂടെ നൽകേണ്ട സാക്ഷ്യത്തേയും വിശ്വാസജീവിതത്തിന്റെ ആവിഷ്ക്കരണത്തിനും സംരക്ഷണത്തിനും നാം പുലർത്തേണ്ട നിതാന്ത ജാഗ്രതയുമാണ് വിവക്ഷിക്കുന്നത്.



ജേക്കബ് പുന്നൂസ് ഐ.പി.എസ്.
(റിട്ട.ഡി.ജി.പി. കേരളാ പോലീസ്)

സാക്ഷ്യവും ജാഗ്രതയും എന്ന വിഷയം അതിൽ തന്നെ വിമർശനസൂചകമാണ്. അതായത് ഒരു വിലയിരുത്തലും അപഗ്രഥനവും ആവശ്യമെന്ന് അത് സൂചിപ്പിക്കുന്നു. ആയതിനാൽ ഈ വിഷയം കൈകാര്യം ചെയ്യാൻ ആദ്യം ഒരു രോഗനിർണ്ണയം ആവശ്യമായി വരുന്നുണ്ട്. രോഗനിർണ്ണയം വിജയത്തിന്റെ അടയാളമായി ഫ്രാൻസിസ് പാപ്പ പറയുന്നുണ്ടല്ലോ. ഏതൊരു വിമർശനാത്മക വിലയിരുത്തലിനും താത്വികമായ ഒരു അടിത്തറ വേണം. അതിന് ഏത് മാനദണ്ഡം സ്വീകരിക്കണം എന്നറിയണം.

സഭയെ ഇന്ന് വിലയിരുത്തേണ്ടത് രണ്ട് മാനദണ്ഡങ്ങളുടെ വെളിച്ചത്തിലാണ്. 1. പോകുക, പ്രഘോഷിക്കുക എന്ന സുപ്രധാനകല്പനയോടുള്ള മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പ്രതികരണം എന്താണ്. 2. സുവിശേഷത്തിന്റെ സന്തോഷത്തിലും ശത്രുവിനോടുള്ള സ്നേഹത്തിലും, ദൈവരാജ്യത്തെക്കുറിച്ചുള്ള പ്രതീക്ഷയിലും സഭ എവിടെ, എങ്ങനെആയിരിക്കുന്നു.

ലോകത്തിന്റെ സന്തോഷം ഭൗതികവസ്തുക്കളുടെ ബാഹുല്യത്തെ ആശ്രയിച്ചിരിക്കുന്നു. ഉള്ളവന് അത് സന്തോഷവും ഇല്ലാത്തവന് അത് ദുഃഖവും നൽകുന്നു. ഇത് യഥാർത്ഥമായ സന്തോഷമല്ല. വേറൊരാളുടെ സന്തോഷത്തിൽ ആനന്ദിക്കാൻ കഴിയുന്നതാണ് സ്ഥായിയായ സന്തോഷം. സഭ സന്തോഷത്തിന്റെ ഖനിയായി മാറണം. പരിശുദ്ധപിതാവ് സഭ സാർവ്വലൗകിക സാഹോദര്യത്തിനും, നീതിക്കും സമാധാനത്തിനും വേണ്ടി നിലകൊള്ളുന്നതാകണമെന്നാണ് ആഗ്രഹിക്കുന്നത്. നിങ്ങളുടെ വെളിച്ചം മറ്റുള്ളവരുടെ മുമ്പിൽ പ്രകാശിക്കട്ടെ. അവരുടെ ഹൃദയത്തെ തൊടട്ടെ. അവരെ സ്നേഹിക്കാനും നാം മൂലം ദൈവത്തിന്റെ മഹത്വം മറ്റുള്ളവർ മനസ്സിലാക്കാനും ഇടവരട്ടെ എന്നും പാപ്പ ആഹ്വാനം ചെയ്യുന്നു. കേവലം സുരക്ഷിതത്വങ്ങളിലേക്ക് ചുരുങ്ങാതെ സഭ തെരുവിലേക്കിറങ്ങണമെന്നും ചെളിപുരണ്ട സഭയെ ഞാൻ ഇഷ്ടപ്പെടുന്നുവെന്നും പാപ്പ പറയുന്നു.

സഭയുടെ ശക്തിയും അനുകൂലസാഹചര്യങ്ങളും നാം തിരിച്ചറിയണം ഇത്രയധികം ശക്തിയും അനുകൂലഘടകങ്ങളും ലോകത്തിൽ മറ്റൊരു വിഭാഗത്തിനുമില്ല. കേരളത്തിന്റെ സാമൂഹിക സാമ്പത്തിക മണ്ഡലങ്ങൾ കഴിഞ്ഞ കുറെ വർഷങ്ങളിൽ അത്ഭുതകരമാംവിധം മാറി. മനുഷ്യാന്തസ്സിന്റെ കാര്യത്തിലും, സമത്വത്തിന്റെ കാഴ്ചപ്പാടിലും, സുഖസൗകര്യങ്ങളുടെ കാര്യത്തിലും മാനുഷിക മൂല്യങ്ങളിലും നാം ഏറെ മുൻപന്തിയിലെത്തി. 1948-ലാണ് ലോകനേതാക്കൾ മനുഷ്യാവകാശപ്രഖ്യാപനം നടത്തിയത്. ഈ കാര്യങ്ങളിലെല്ലാം കേരളം മുമ്പേ ഓടുന്നു. ഈ നവോത്ഥാനത്തിന്റെ പിന്നിൽ സഭയുടെ സംഭാവനകാര്യമായുണ്ട്. അതിനെപ്രതി നമുക്ക്





malankaralibrary.com

കൂടുതൽ സ്വീകാര്യതയുമുണ്ട്. സാമൂഹിക മണ്ഡലത്തിലുണ്ടായ ഈ മുന്നേറ്റം സഭയുടെ സാമ്പത്തിക വളർച്ചയിലുമുണ്ടായി. ഇതുവരെ നമുക്കാർക്കും സമ്പത്തിനായി കൈനീട്ടി ഇരക്കേണ്ടി വന്നിട്ടില്ല. ആരാധനവേളകളിൽ വിദേശങ്ങളിലെ ശൂന്യമായ പള്ളികളുടെ സ്ഥാനത്ത് ഇവിടെ നിറഞ്ഞ പള്ളികളാണ്. കൂടാതെ പുരോഹിതരിലൂടെയും സന്യസ്തരിലൂടെയും അല്മായരിലൂടെയും പൊതുജനങ്ങൾക്ക് ലഭിക്കുന്ന നല്ല മാതൃകകൾ സമൂഹം അംഗീകരിക്കുന്നു. വ്യക്കദാനം ഇതിനുദാഹരണമാണ്. കത്തോലിക്കാസഭയുടെ കെട്ടുറപ്പുള്ള ശക്തമായ നേതൃത്വം വലിയൊരു ശക്തിയാണ്. ഇത്രമാത്രം അച്ചടക്കവും നേതൃത്വവും, പങ്കാളിത്തവും കൊണ്ട് സമ്പന്നമായതും പൊതുസമൂഹത്തിന് എണ്ണമറ്റമൂല്യങ്ങൾ നൽകുന്നതുമായ വേറെ ഏതു സംവിധാനമാണുള്ളത്.

സഭയുടെ ചില കുറവുകളും വിശകലനം നടത്താനാഗ്രഹിക്കുന്നു. ഒന്നാമതായി സഭയിൽ നിലനിൽക്കുന്ന Institutional Inertia ആണ്. ഇന്നലെ ചെയ്തത് തന്നെ ഇന്നും തുടർന്നുകൊണ്ടിരിക്കുന്ന പ്രവണതയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. വർഷങ്ങളായി ഒരേ രീതിയിലും ഒരേ കാര്യങ്ങളും ചെയ്യുന്ന കലണ്ടർ കേന്ദ്രീകൃതമായ പ്രവർത്തനശൈലി നമ്മൾ തുടരുന്നു. ഇത്തരം പതിവു ശൈലികൾ നാം ആവർത്തിക്കപ്പെടുന്നതിനാൽ നമ്മുടെ ശുശ്രൂഷകളിൽ ചൈതന്യം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. "ആത്മാവിന്റെ സജീവമാക്കൽ" ഇന്ന് ആവശ്യമായിരിക്കുന്നു. ആയതിനാൽ പുതിയ പ്രവർത്തനശൈലികളെക്കുറിച്ച് ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു. കാരണം നമുക്കു ചുറ്റുമുള്ള ലോകം അതിവേഗം മാറികൊണ്ടിരിക്കുന്നു. എന്നാൽ നാമിപ്പോഴും ഒരു Cycilcal style തുടർന്നുകൊണ്ടിരിക്കുന്നു. സാങ്കേതികവിദ്യയുടെ പുരോഗതി, ജീവിതസൗകര്യങ്ങളുടെ മികവ്, റ്റി.വി, വാഹനങ്ങൾ, വൈദ്യുതി മുതലായവയുടെ വർദ്ധിച്ച ഉപയോഗം എല്ലാം ഇതിനുദാഹരണമാണ്. ആയതിനാൽ ഇവയ്ക്കനുസൃതമായി നമ്മുടെ സ്ഥാപനങ്ങളുടെ പ്രവർത്തനശൈലികളിൽ മാറ്റം വരുത്തണം. സ്ഥാപനകാലത്തെ ചൈതന്യം നിലനിർത്തുകയും വേണം.

രണ്ടാമത് നാം സമ്പത്തിന്റെ സംസ്ക്കാരത്തിന് കീഴ്പ്പെട്ട് പോകുന്നു എന്നതാണ്. ഇന്ന് പൊതുവെ മനുഷ്യർ കൈയിൽ പണം ഉണ്ടെന്നുള്ള ഒരേ കാരണത്താൽ ആവശ്യമില്ലാത്തതും വാങ്ങിക്കൂട്ടുന്നു. ഇത് സഭാശുശ്രൂഷകളെയും ബാധിച്ചിരിക്കുന്നു. ഈ prosperity culture-ൽ നിന്ന് നാം പുറത്തു വരണം. പള്ളിക്ക് പണമുള്ളതിനാൽ മുറ്റം ടൈൽ വിരിക്കുകയും സെമിത്തേരിക്ക് മേൽക്കെട്ടിയുണ്ടാക്കുകയും പണം ചെലവാക്കാൻ പുതിയ പദ്ധതികൾ കണ്ടുപിടിക്കുകയും ചെയ്യുന്ന അവസ്ഥ നിലനിൽക്കുന്നു. വീടില്ലാത്തവരും, ചികിത്സയ്ക്കു പണം ഇല്ലാത്തവരും, വിവാഹം നടത്താൻ പണമില്ലാത്തവരും സഞ്ചരിക്കാൻ വാഹനമില്ലാത്തവരും കൂടാതെ മറ്റ് അത്യാവശ്യസൗകര്യങ്ങളില്ലാത്തവരും ധാരാളമുള്ള ഈ ലോകത്ത് ഇങ്ങനെസംഭവിക്കാൻ പാടില്ല. നമ്മുടെ അനാവശ്യ ചെലവുകൾ വഴി തിരിച്ച് വിടണം.

മൂന്നാമത് സമ്പന്നത സൃഷ്ടിക്കുന്ന അസ്വസ്ഥതയും അപചയവുമാണ്. സുഖസൗകര്യങ്ങളുടെ തടവറയിലാണ് നാം. സമ്പന്നത നമ്മെ സുഖലോലുപതയിലേക്ക് നയിക്കുന്നു. പ്രവൃത്തിയില്ലാത്ത ആദ്ധ്യാത്മികതയിലേക്ക് നാം വഴുതിവീണു കൊണ്ടിരിക്കുന്നു. ഞായറാഴ്ച ക്രിസ്ത്യാനിയിൽ നാം സംതൃപ്തിയടയുന്നു. അനുഷ്ഠാനബദ്ധ വിശ്വാസത്തിൽ നാം തളച്ചിടപ്പെടുന്നു. കൃത്യമായി പറഞ്ഞാൽ നാം Robotic Ritualistic Christians ആയി മാറിയിരിക്കുന്നു. നമ്മുടെ ബന്ധങ്ങളും യാന്ത്രികമായിരിക്കുന്നു - A self hypnotic spiritual relationship. കപ്പൽ വെള്ളത്തിൽ മുങ്ങുമ്പോൾ മറ്റുള്ളവരുടെ നാശം എനിക്ക് പ്രശ്നമല്ല. ഞാനും എന്റെ കുടുംബവും മാത്രം രക്ഷപ്പെടണം എന്ന ചിന്ത ശക്തമായി വരുന്നു. വാസ്തവത്തിൽ നാം സമാധാനവും നീതിയും സ്നേഹവും പ്രസരിപ്പിക്കാനല്ലേ വിളിക്കപ്പെട്ടിരിക്കുന്നത്? സമൃദ്ധിയുടെയും ക്ഷേമത്തിന്റെയും ആദ്ധ്യാത്മികത നമ്മെ കൂട്ടായ്മയിൽ നിന്നകറ്റുന്നു എന്നാണ് പരി. പിതാവ് പറയുന്നത്. നമ്മുടെ ഈ സുഖലോലുപതയുടെ ദൈവശാസ്ത്രത്തിലടിയുറച്ച ജീവിതശൈലി നമ്മെ സമൂഹത്തിൽ നിന്നകറ്റുകയും ഇതുമൂലം ഒറ്റപ്പെടുന്ന ഒട്ടനവധിപേർ മറ്റു വിശ്വാസസമൂഹത്തിലേക്ക് പോകാനിടവരികയും ചെയ്യുന്നു.

നമുക്ക് മെച്ചപ്പെടുത്താവുന്നതും നല്ല രീതിയിൽ പ്രവർത്തിക്കാവുന്നതുമായ മേഖലകളെക്കുറിച്ച് ഇത്തരുണത്തിൽ പങ്കുവയ്ക്കാനാഗ്രഹിക്കുന്നു. ഒന്നാമതായി നാം കുടുംബങ്ങളിൽ പ്രത്യേകം ശ്രദ്ധ നൽകുക എന്നതാണ്. നമ്മുടെ ബഹു. വികാരിയച്ചൻമാർ എപ്പോഴും തിരക്കിലാണ്. അതുകൊണ്ട് തന്നെ കുടുംബങ്ങളുമായി സംവദിക്കാൻ അവർക്ക് പറ്റുന്നില്ല. മതിയായ സമയം ലഭിക്കുന്നില്ല. പണ്ട് വികാരിയച്ചൻമാർക്ക് വാഹനമില്ലായിരുന്നു. അവർ നടന്നുപോകുമ്പോൾ പോകുന്ന വഴി ഒത്തിരിപേരെ കാണും, സംസാരിക്കും. കണ്ടുമുട്ടുന്നവർക്ക് അദ്ദേഹത്തിൽ നിന്നും ഒത്തിരി ചൈതന്യം ലഭിക്കുന്നു. ഇന്ന് ഈ അവസ്ഥ മാറിയിരിക്കുന്നു.

കുടുംബങ്ങളിലെ സ്ഥിതി ഏറെ മാറിയിരിക്കുന്നു. അക്ഷരാർത്ഥത്തിൽ മാതൃക geographical കുടുംബങ്ങൾ ഇന്ന് നിലവിലില്ല. അപ്പനും അമ്മയും മക്കളും ആഴ്ചയിൽ അഞ്ച് ദിവസം ഒരുമിച്ചുറങ്ങുന്ന കുടുംബങ്ങളിന്നില്ല. ഭൂമിശാസ്ത്രപരമായി കുടുംബങ്ങൾ ശിഥിലമായിക്കൊണ്ടിരിക്കുന്നു. കുടുംബാംഗങ്ങൾ വൈകാരികമായും മാനസികമായും ദരിദ്രമായിക്കൊണ്ടിരിക്കുന്നു. ഇവിടെ നിരന്തരമായി ഇടവകാംഗങ്ങളുമായി വ്യക്തിബന്ധം പുലർത്തുന്ന വികാരിയച്ചൻമാർക്ക് ഏറെ അനിവാര്യതയുണ്ട്.

രണ്ടാമത് വ്യക്ത്യാന്തര ബന്ധമുള്ള ഇടവകസമൂഹത്തിന്റെ ആവശ്യകതയാണ്. ഇന്ന് ഇടവകാംഗങ്ങൾ തമ്മിൽ ആത്മബന്ധമില്ല. Interpersonal interaction കുറഞ്ഞു വരുന്നു. പള്ളിയിലെ ആരാധനകൾ കഴിഞ്ഞ് പരസ്പരം സംസാരിക്കാൻ നിൽക്കാതെ ഓരോരുത്തരും താന്താങ്ങളുടെ വാഹനത്തിൽ വീടുകളിലേക്ക് തിരികെ പോകുന്നു. ആർക്കും ഒന്ന് ഉള്ളു തുറക്കാനോ, സങ്കടങ്ങൾ പങ്കുവയ്ക്കാനോ, ഭാരങ്ങൾ ഇറക്കിവയ്ക്കാനോ അവസരം ലഭിക്കാതെ പോകുന്നു. ഈ വിധത്തിൽ ഒറ്റപ്പെട്ടു പോകുന്നവർ കൂട്ടായ്മയിൽ നിന്ന് പിൻവാങ്ങുകയോ, മറ്റ് കൂട്ടായ്മകൾ അന്വേഷിക്കുകയോ ചെയ്യുന്നു. അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും എന്റെ അടുത്ത് വരട്ടെ എന്ന യേശുവിന്റെ ആഹ്വാനം നമ്മെ അസ്വസ്ഥതപ്പെടുത്തേണ്ടതാണ്.

യുവജനങ്ങളെ ആകർഷിക്കുക എന്നതാണ് നമുക്ക് ചെയ്യാനാകുന്ന മറ്റൊരു ശുശ്രൂഷ. വികാരിയച്ചൻ ഇടവകയിലെ യുവജനങ്ങളുടെ ആകർഷണകേന്ദ്രമായി മാറണം. യുവജനങ്ങളെ നാം ശക്തിപ്പെടുത്തണം. മുതിർന്നവരും വൈദികരും ഒരുപോലെ അവരുമായി അടുത്തിടപഴകണം. അവർ ഇഷ്ടപ്പെടുന്ന സിനിമ, വിനോദം, കളികൾ, സംഗീതം, സാങ്കേതിക വിദ്യകൾ, സാമൂഹ്യമാധ്യമങ്ങൾ ഇവ സഭയ്ക്ക് അന്യമല്ല എന്ന് നാം മനസ്സിലാക്കണം. ഇവ



malankaralibrary.com

യിലെ നന്മ കാണാനും ഇവയുടെ ശരിയായ ഉപയോഗം മനസ്സിലാക്കിക്കൊടുക്കാനും നമുക്കാകണം. ഇവയ്ക്കുള്ള ഒരു സ്ഥലമായി പള്ളിയും പള്ളിക്കോമ്പൗണ്ടും മാറണം. യുവജനങ്ങളുടെ കൂട്ടത്തിൽ അകത്തോലിക്കരും ഉണ്ടാകട്ടെ. അവർക്കിഷ്ടപ്പെട്ട സിനിമ, പരിസ്ഥിതി മുതലായ വിഷയങ്ങൾ നാം ഒഴിവാക്കരുത്. ആനുകാലിക വിഷയങ്ങളിൽ അവർക്ക് അവബോധം നൽകണം. പ്രസിദ്ധമായ സിനിമകളും അതിലെ ധാർമ്മിക മൂല്യങ്ങളും അവരുമായി ചർച്ചചെയ്യണം. മാധ്യമങ്ങളെ സാത്താനായി പുറംതള്ളിയാൽ അവർ സാത്താന്റെ കൈകളിലെത്തപ്പെടും. നൂറുശതമാനം മതപരമായ ആദ്ധ്യാത്മിക അനുഷ്ഠാനങ്ങളിൽ മാത്രം നമ്മുടെ ക്രിസ്തീയ ജീവിതത്തെ ഒതുക്കി നിർത്തരുത്. വേദനയനുഭവിക്കുന്നവരിലേക്കിറങ്ങണം. യുവജനങ്ങളിലെ മാറ്റങ്ങൾക്കു വേണ്ടിയുള്ള ത്വരയും, എതിർക്കാനുള്ള വ്യഗ്രതയും ഭാവാത്മകമാക്കി സംസ്ക്കരിച്ചെടുക്കണം.

നാലാമതൊരു കാര്യം വിദ്യാഭ്യാസത്തിലുള്ള സുതാര്യതയാണ്. പാവപ്പെട്ടവരെയും പണക്കാരെയും വേർതിരിക്കുന്ന ഒരു വിദ്യാഭ്യാസരീതി വളർന്നു വരുന്നു. അങ്ങനെയൊരു പ്രവണത പ്രോത്സാഹിപ്പിക്കപ്പെടാൻ പാടില്ലാത്തതാണ്. എന്റെ കുട്ടി ഏറ്റവും നല്ല സ്കൂളിൽ പഠിക്കണം എന്ന ചിന്തമാത്രമാണ് നമുക്കുള്ളത്. അയൽക്കാരന്റെ കുട്ടി എവിടെ പഠിക്കുന്നു എന്ന് എനിക്കറിയേണ്ടതില്ല. ഇതാണ് ഇന്നത്തെ നിലപാട്. അയൽക്കാരനെക്കൂടി ഉന്നതനിലവാരത്തിലേക്ക് ഉയർത്തണമെന്നും എല്ലാവർക്കും ഏറ്റവും നല്ല വിദ്യാഭ്യാസം നൽകുകയും വേണമെന്ന ജീവിതശൈലിയിലേക്ക് നാം വളരണം. മാത്രമല്ല നമ്മുടെ കുട്ടി എല്ലാ നിലവാരത്തിലും എല്ലാ സാഹചര്യത്തിലുമുള്ള കുട്ടികളുമായി ബന്ധപ്പെടാനുള്ള അവസരങ്ങൾ ഉണ്ടാകണം. അല്ലാത്തപക്ഷം രണ്ടുതരം സ്ഥാപനങ്ങളിൽ വളരുന്നവർ തമ്മിൽ വൈരാഗ്യവും ശത്രുതയും വളരുന്നു. ഇത് സമൂഹത്തിന്റെ ഭാവിയിൽ ദൂരവ്യാപകമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. രണ്ടുതരം പൗരന്മാരെ സൃഷ്ടിക്കുന്ന ആധുനിക വിദ്യാഭ്യാസരീതി മൂലം പാവപ്പെട്ടവരെ അറിയാത്ത ഭരണാധികാരികളാണ് ഭാവിയിൽ നമുക്കുണ്ടാകാൻ പോകുന്നതെന്ന് നാം ഓർക്കണം. ആയതിനാൽ എല്ലാ സ്കൂളുകളും നല്ലതായിരിക്കണം എന്ന മനോഭാവം ഉണ്ടാകണം. പാവപ്പെട്ടവർക്കും മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭിക്കാൻ അവസരം ലഭിക്കണം. നമ്മുടെ സ്കൂളുകൾക്ക് 500 മീറ്റർ ചുറ്റളവിലുള്ള ഏതു കുട്ടിയെയും സ്കൂളിൽ പ്രവേശിപ്പിക്കാൻ നാം തയ്യാറാകണം. പാവപ്പെട്ടവരുടെ കൂടെയിരുന്നു പഠിച്ചവരാണ് ഇന്നത്തെ മുതിർന്ന തലമുറ എന്നറിയാമല്ലോ.

ജാഗ്രത പുലർത്തേണ്ട ചില മേഖലകൾ കൂടി പറയട്ടെ. ഇപ്പോൾ നമുക്ക് സാമ്പത്തിക ഓഡിറ്റിംഗ് സംവിധാനമുണ്ട്. ഇതിന് പുറമെ സഭാസ്ഥാപനങ്ങൾക്ക് സോഷ്യൽ ഓഡിറ്റിംഗ് അനിവാര്യമാണ്. നമ്മുടെ സ്ഥാപനങ്ങൾക്ക് ക്രിസ്തീയ സാക്ഷ്യത്തിലുള്ള പുരോഗതിയെക്കുറിച്ച് കാലാകാലങ്ങളിലുള്ള ഒരു വിലയിരുത്തൽ അനിവാര്യമാണ്. സാക്ഷ്യത്തെക്കുറിച്ച് ഇങ്ങനെവിലയിരുത്തുമ്പോൾ മൂന്ന് വ്യക്തികളുടെ കാഴ്ചപ്പാടുകൾ മനസ്സിൽ സൂക്ഷിക്കണം. Alphonsa, Chavara and Mother Theresa of Calcutta (ACT) കൃത്യമായി പറഞ്ഞാൽ ഈ വിശുദ്ധരുടെ പേരും കാഴ്ചപ്പാടുകളും സംഗ്രഹിക്കുന്ന ACT of Love ആയിരിക്കട്ടെ ഈ വിലയിരുത്തലുകളുടെ അടിസ്ഥാനം.

വിശ്വാസ്യത കാത്തു സൂക്ഷിക്കുകയെന്നതാണ് രണ്ടാമതൊരു പ്രധാനപ്പെട്ടകാര്യം. ചുരുക്കം ചില പുരോഹിതരുടെ പ്രവൃത്തി വിമർശനവിധേയമാകുമ്പോൾ അതിനെഒരു പൊതുസ്വഭാവമാക്കി മാറ്റിത്തീർക്കുന്ന പ്രവണതയ്ക്കെതിരെ നമുക്ക് പ്രതിരോധിക്കാനാകണം. അതോടൊപ്പം നമ്മുടെ സംവിധാനത്തെ നല്ലതാക്കാനും ശ്രമിക്കണം. ആരോപണങ്ങൾ അറിയുമ്പോൾ തന്നെ സുതാര്യമായ അന്വേഷണം നടത്തണം. അതോടൊപ്പം രഹസ്യമായി ആരോപണങ്ങൾ ഉന്നയിക്കാൻ വേദികൾ ഉണ്ടാകുകയും വേണം. പബ്ലിക് ചാനലിൽ വിവരങ്ങൾ എത്തുന്നതിനു മുമ്പ് നമ്മുടെ ഭാഗത്ത് നിന്ന് ആക്ഷൻ എടുക്കാൻ സാധിക്കണം. Good faith-ൽ എടുക്കുന്ന പല കാര്യങ്ങളും malafide ആകാനിടയുണ്ട്. ആയതിനാൽ വളരെ സുതാര്യതയുള്ള ഒരു അന്വേഷണ സംവിധാനം നമുക്ക് വേണം.

മോറൽ പോലീസിന്റെ അപകടത്തെക്കുറിച്ച് ബോധവാന്മാരാകുക എന്നതാണ് മറ്റൊരു പ്രധാനപ്പെട്ട കാര്യം. സഭയുടെ ധാർമ്മിക ചിന്ത നേരിട്ട് അടിച്ചേൽപ്പിക്കാൻ ശ്രമിക്കരുത്. പഠനങ്ങളിലൂടെ ആശയപരമായി നമുക്ക് ധാർമ്മികതത്വങ്ങൾ ഉയർത്തിക്കാണിക്കാൻ സാധിക്കണം. കോടതിയും നിയമവും മുഖേനയും ചാനലുകൾ മുഖേനയും അപേക്ഷകളിലൂടെയും നമുക്ക് പ്രതിരോധം സൃഷ്ടിക്കാനാകണം. നേരിട്ടുള്ള Physical ആയിട്ടുള്ള ഇടപെടലുകൾ നാം പരിമിതപ്പെടുത്തണം. നിയമനിഷേധം പാടില്ല. വിശ്വാസ സംബന്ധമായ കാര്യങ്ങളിൽ ബാഹ്യമായ ഇടപെടൽ വേണ്ടി വന്നേക്കാം. പരസ്പര ആരോപണങ്ങൾ അഭിലഷണീയമല്ല. വ്യക്തികളെ മാറ്റിയെടുക്കലായിരിക്കണം നമ്മുടെ ശൈലി.

ഭീകരതയെക്കുറിച്ചുള്ള കാഴ്ചപ്പാടാണ് വേറൊരു പ്രധാനകാര്യം. ഒരു പ്രത്യേക രീതിയിൽ മാത്രം മതത്തെക്കുറിച്ച് ചിന്തിച്ചാൽ ഭീകരതയുടെ എലിപ്പത്തായത്തിൽ നാം എത്തിപ്പെടാൻ സാദ്ധ്യതയുണ്ട്. ഭീകരത ഒരു പ്രത്യേക മതവിഭാഗത്തിന്റെ മാത്രം മാനസിക വൈകല്യമല്ല എന്ന് നാം അറിഞ്ഞിരിക്കണം. ഐറിഷ് കത്തോലിക്കരിൽ നിന്നുണ്ടായ ഭീകരർ ലോകം കണ്ട ഏറ്റം വലിയ ഭീകരഗ്രൂപ്പിൽ ഒന്നാണല്ലോ. ശ്രീലങ്കയിൽ ഹിന്ദുക്കളായ ഭീകരരുടെ മുന്നേറ്റം നമുക്ക് അറിവുള്ളതാണ്.

കഴിവുള്ള അല്മായരെ സഭയുടെ അഭിപ്രായ രൂപീകരണത്തിലും നയരൂപീകരണത്തിലും ഭാഗഭാക്കാക്കണം. സഭയുടെ സാമൂഹിക ദർശനത്തെക്കുറിച്ച് ചിന്തിക്കുന്ന അല്മായരുടെ ഒരു കൂട്ടായ്മ രൂപപ്പെടണം. അപ്പോൾ സഭയ്ക്കുവേണ്ടി സംസാരിക്കാൻ കഴിവുള്ള അല്മായർ ഉണ്ടാകും. ഇതില്ലാത്തതുമൂലം അല്മായരെ സഭയുടെ ആളുകളായി അംഗീകരിക്കാത്ത ഒരവസ്ഥ നിലനിൽക്കുന്നു.

പ്രതിരോധിക്കാനാവാത്തവിധം ക്രിസ്ത്യാനികൾ ലോകത്തിന്റെ പലഭാഗങ്ങളിലും പീഢിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നു എന്നത് യാഥാർത്ഥ്യമാണ്. പീഢനത്തിന്റെ സാദ്ധ്യതകൾ നമ്മുടെ conscience-ൽ ഉണ്ടാകണം. നമ്മെ പീഡിപ്പിക്കാൻ തോന്നാത്തവിധം വാക്കിലും പ്രവൃത്തിയിലും നാം സാക്ഷ്യം നൽകുകയും ജീവിക്കുകയും ചെയ്യേണ്ടതാണ്. പീഡിപ്പിക്കലിൽ നിന്ന് അവരെ പിന്തിരിപ്പിക്കത്തക്ക പ്രതിഛായ നമുക്കുണ്ടാകണം. അതിന് നമ്മുടെ ജീവിതസാക്ഷ്യവും വിശ്വാസജീവിതത്തിലുള്ള നമ്മുടെ ജാഗ്രതയും ഇടയാകണം. പാവങ്ങളോട് പക്ഷം ചേരുക സഭയുടെ മുഖവും അയൽക്കാരന്റെ പുരോഗതിയെ സ്വപ്നം കാണുന്ന നല്ല ശമരിയാക്കാരന്റെ മനസ്സും പാർശ്വവത്ക്കരിക്കപ്പെടുന്നവനെചേർത്തുനിർത്തുന്ന കൂട്ടായ്മാഭാവവും എം.സി.എയിലൂടെ സമൂഹത്തിൽ ആവിഷ്കരിക്കുവാൻ നമ്മുടെ സംഘടനാതീത പ്രവർത്തനങ്ങൾക്ക് കഴിയട്ടെ എന്ന് ആഗ്രഹിക്കുന്നു. ആശംസിക്കുന്നു.



malankaralibrary.com



ഫാ. ജോൺ അരീക്കൽ

# അത്മായ ദൈവവിളി

ദൈവവിളി എന്നുകേൾക്കുമ്പോൾ തന്നെ സന്യാസത്തിലേക്കോ പൗരോഹിത്യത്തിലേക്കോ പ്രത്യേകമായി വിളിച്ചു വേർതിരിക്കുന്നതിനേപ്പറ്റിയാണ് മനസ്സിൽ വരുന്നത്. ദൈവം ഓരോരുത്തരേയും ഈ ലോകത്ത് ജന്മം നൽകുമ്പോൾ തന്നെ അവനവന്റെ തെരഞ്ഞെടുപ്പ് കൃത്യമായി വിപക്ഷിക്കുന്നുണ്ട്. അത്മായ ജീവിതംതന്നെ യഥാർത്ഥത്തിൽ ദൈവവിളിതന്നെയാണ്. "ദാനങ്ങളിൽ വൈവിധ്യമുണ്ടെങ്കിലും ആത്മാവ് ഒന്നുതന്നെ. ശുശ്രൂഷകളിൽ വൈവിധ്യമുണ്ടെങ്കിലും കർത്താവ് ഒന്നുതന്നെ. പ്രവർത്തികഴിൽ വൈവിധ്യമുണ്ടെങ്കിലും എല്ലാവർക്കും എല്ലാറ്റിലും പ്രചോദനം നൽകുന്ന ദൈവം ഒന്നുതന്നെ. ഓരോരുത്തരിലും ആത്മാവ് വെളിപ്പെടുന്നത് പൊതുനന്മയ്ക്കുവേണ്ടിയാണ്. തന്റെ ഇശ്ചയ്ക്കൊത്ത് ഓരോരുത്തർക്കും പ്രത്യേകം പ്രത്യേകം ദാനങ്ങൾ നൽകുന്ന ഒരു ആത്മാവിന്റെ തന്നെ പ്രവർത്തിയാണ് ഇതെല്ലാം. (1 കോര 12:4-11) ഓരോ ജീവിതാന്തസ്സ് തെരഞ്ഞെടുക്കാനും അതു നിർവ്വഹിക്കാൻ വേണ്ട കരുത്ത് നൽകുന്നതും ഓരോ ആത്മാവാണ്. അതുപോലെ ഏതു ജീവിതാവസ്ഥ തെരഞ്ഞെടുക്കുവാനും ദൈവം അനുഗ്രഹം നൽകുന്നു. ദൈവമാണ് നമ്മെ ഓരോ ജീവിത ശുശ്രൂഷയിലേക്കും നിയോഗിക്കുന്നത്. ഇത് വ്യക്തികളുടെ തെരഞ്ഞെടുപ്പല്ല. ഒരു വ്യക്തിയെ സമൂഹ നന്മയ്ക്കും ദൈവ മഹത്വത്തിനും വേണ്ടി ഡോക്ടറാക്കുന്നതും എൻജിനീയറാക്കുന്നതും അദ്ധ്യാപനവും ആതുര ശുശ്രൂഷയും കൃഷിയും കച്ചവടവും എല്ലാം ഏൽപ്പിക്കുന്നത് ദൈവമാണ്. പാപംമൂലം ദൈവത്തിൽനിന്ന് അകന്നുപോയ ലോകത്തെ നമുക്കനുസരിച്ച് ദൈവൈക്യത്തിലും നീതിയിലും പുനഃസ്ഥാപിക്കുന്ന വലിയ ദൗത്യമാണ് ഓരോ അത്മായനിലും നിക്ഷിപ്തമായിരിക്കുന്നത്. അതിന് ക്രിസ്തുവിന് സാക്ഷിയായി തീരണം. മറ്റൊരു ക്രിസ്തുവായി ഓരോ അത്മായനും രൂപാന്തരപ്പെടണം. ഇനി ഞാനല്ല ക്രിസ്തു എന്നിൽ ജീവിക്കുന്നുവെന്ന വിശുദ്ധ പൗലോസ് ശ്ലീഹായുടെ വാക്കുകൾ ഓരോ നിമിഷത്തിലും ഒരു അത്മായനെ ഓർമ്മപ്പെടുത്തലാണ്. ഈ ദൈവവിളി നാം ചെയ്യുന്ന ശുശ്രൂഷകളിൽ ചിലപ്പോൾ പൊതുജനസമ്മതിയൊന്നും കണ്ടില്ലെന്നുവരാം സത്യത്തിനും നീതിക്കുംവേണ്ടി നിലകൊള്ളുമ്പോൾ എല്ലാവരും അനുകൂലിച്ചെന്നുവരില്ല. അപ്പോൾ യേശുവിന്റെ വചനം "ലോകം നിങ്ങളെ അന്വേഷിക്കുന്നെങ്കിൽ അതു മുമ്പേതന്നെ എന്തന്വേഷിച്ചെന്ന് മനസ്സിലാക്കുവിൻ" (യഹോ. 15:18) നമ്മെ നയിക്കണം ഭരിക്കണം.

സമ്പത്തും പ്രശസ്തിയും ലഭിക്കുന്ന നിരവധി ജോലികൾ ഒരു വ്യക്തിക്ക് ലഭിച്ചേക്കും എന്നാൽ പാവപ്പെട്ടവനെപരിഗണിക്കാതെയും സത്യസന്ധതയില്ലാതെയും മനുഷ്യനെമാനിക്കാതെയും കള്ളത്തരത്തിനു കൂട്ടുനിൽക്കുമ്പോൾ അവിടെയെല്ലാം യേശുക്രിസ്തുവിനെനിഷേധിക്കലാണ് സംഭവിക്കുന്നത്. ഓർക്കുക ഒരുവൻ ലോകം മുഴുവൻ നേടിയാലും തന്റെ ആത്മാവിനെനഷ്ടപ്പെടുത്തിയാൽ അവന് എന്തുപ്രയോജനം.(മത്താ 16.26) ഓരോ അത്മായനും തന്നെ ഏൽപ്പിച്ചിരിക്കുന്ന ഉത്തരവാദിത്വം ഭംഗിയായും ചിട്ടയായും നിർവ്വഹിച്ചുകൊണ്ട് തന്റെ ജീവിതം വഴി വിശ്വാസം പ്രഘോഷിക്കണം. ഇത് ജീവിത സാക്ഷ്യത്തിൽ മാത്രമല്ല അവിശ്വാസികളെ വിശ്വാസത്തിലേക്ക് നയിക്കാനും വിശ്വാസികളെ പ്രബുദ്ധരും തീഷ്ണതയുള്ളവരാകുവാനും വാക്കുകൊണ്ടും പ്രവർത്തികൊണ്ടും ക്രിസ്തുവിന്റെ യഥാർത്ഥ പ്രേക്ഷിതനാകുവാനും കഴിയണം.





malankaralibrary.com

# അത്മായ സഭ

കത്തോലിക്കാസഭയിൽ അത്മായർക്കു പ്രാധാന്യം നൽകാൻ ശക്തമായ നിലപാട് എടുത്തത് രണ്ടാം വത്തിക്കാൻ കൗൺസിലാണല്ലോ! ആധുനിക കാലഘട്ടത്തിൽ സഭയുടെ ശക്തമായ സ്വരവും സമഗ്രമായ പ്രബോധനവും രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖകളിൽ നമുക്കു ദർശിക്കാൻ കഴിയും. അൻപത് വർഷങ്ങൾ പിന്നിട്ടിരിക്കുന്ന ഈ വേളയിൽ ഇപ്പോഴും അത്മായർ ഈ തിരിച്ചറിവിലേക്കു കടന്നു വന്നോ എന്നു സംശയം ഉണ്ട്.

മലങ്കര കത്തോലിക്കാസഭയുടെ സ്ഥാപനത്തിന്റെ തുടക്കം മുതൽ സുവിശേഷപ്രഘോഷണത്തിന് അത്മായർ മുൻകൈ എടുത്തിരുന്നു എന്നത് അഭിമാനത്തോടെ ഓർക്കുന്നു. അഭിവന്ദ്യനായ സിറിൾ ബസേലിയോസ് കാതോലിക്കാബാവ അത്മായർക്കായി ഔദ്യോഗികമായ ഒരു പ്രസ്ഥാനം തന്നെ രൂപം നൽകാൻ തയ്യാറായി. മലങ്കര കാത്തലിക് അസോസിയേഷൻ (എം.സി.എ.) എന്ന പേരിൽ. കഴിഞ്ഞ 21 വർഷക്കാലമായി പുനരൈക്യ ആഘോഷങ്ങളോടു ചേർന്ന് വലിയ സംഗമങ്ങൾ തന്നെ ആഗോളസഭയായി നടത്തിവരുന്നു. മലങ്കര കത്തോലിക്കാ അംഗങ്ങൾ ലോകത്തിന്റെ ഏതു ഭാഗത്തായിരുന്നാലും ഒരു കൊടിക്കീഴിൽ, ഒരേ പേരിൽ അണിചേരാൻ കഴിഞ്ഞതിൽ അത്മായർക്കുള്ള ആത്മാഭിമാനം വർദ്ധിപ്പിക്കാൻ അതിനു കഴിയുന്നു. അതുകൊണ്ടുതന്നെ ഈ അത്മായ സംഗമത്തിൽ അണിചേരാൻ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ താമസിക്കുന്ന നമ്മുടെ അത്മായർ വലിയ മനസ്സ് കാണിക്കുന്നു. കഴിഞ്ഞ ആറുവർഷം എം.സി.എയുടെ സഭാതല ആത്മീയ ഉപദേഷ്ടാവായി പ്രവർത്തിക്കാൻ കഴിഞ്ഞത് വലിയ ഭാഗ്യമായി കാണുന്നു. അത്മായരുടെ സഭാസ്നേഹവും, സഭയ്ക്കായി പണവും ആരോഗ്യവും സമയവും ഒക്കെ ചെലവഴിക്കുന്നത് നേരിൽ കാണാൻ കഴിഞ്ഞിട്ടുണ്ട്. എം.സി.എ. പ്രസ്ഥാനം ഒറ്റബാനറിൽ നിൽക്കുന്നു എന്നത് തന്നെ നമ്മുടെ സഭയുടെ കെട്ടുറപ്പിന്റെ ശക്തിയായി അതിനെവ്യാഖ്യാനിക്കാൻ കഴിയുന്നു. സഭാതല നേതൃനിരയിലേക്ക് ഉയർന്നു വരുവാനും, കാര്യക്ഷമമായി പ്രവർത്തിക്കാനുമൊക്കെ നമ്മുടെ അത്മായർ കാണിക്കുന്ന ശുഷ്കാന്തി ഒന്നു എടുത്തു പറയേണ്ടതു തന്നെയാണ്. എത്ര നേതൃനിരയിൽ എത്തിയാലും സഭാപിതാക്കന്മാരോടും വൈദീകരോടും ഇടവകയോടുമൊക്കെയുള്ള കൂറും സ്നേഹവും കരുതലും ബഹുമാനവും ഒട്ടും കുറവുവരാതെ തന്നെ പ്രവർത്തിക്കാൻ നിർബന്ധബുദ്ധിയും ഇവരിലൊക്കെ കാണാൻ കഴിയുന്നുമുണ്ട്. ഇത്തരത്തിൽ 21-ാം ആഗോള അത്മായ സമ്മേളനം അടൂർ വച്ചു നടത്തപ്പെടുമ്പോൾ അതൊരു മഹാസംഭവമായി മാറട്ടെ എന്ന് ആഗ്രഹിക്കുന്നു. പ്രാർത്ഥിക്കുന്നു. എല്ലാ ആശംസകളും നേരുന്നു.



മോൺ. ജോൺ തുണ്ടിയത്ത്



malankaralibrary.com



# അല്മായ ദൗത്യം



ഡോ. അലക്സാണ്ടർ ജേക്കബ് ഐ.പി.എസ്.
(റിട്ട. ഡി.ജി.പി.)

കത്തോലിക്കാസഭ അല്മായരെപ്പറ്റി ഏറ്റവും വിശദമായി പഠിച്ചത് രണ്ടാം വത്തിക്കാൻ സുന്നഹദോസിലാണ്. അതിന്റെ മഹത്തായ രേഖകളിൽ ഒരു വാല്യം മുഴുവൻ അല്മായ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകികൊണ്ടുള്ള ആശയഗതിയാണ് വിവരിച്ചിട്ടുള്ളത്. കത്തോലിക്കാസഭയെ സംബന്ധിച്ചിടത്തോളം മനസിലാക്കേണ്ട ഒരു വലിയ കാര്യം അതിന്റെ ചരിത്രപരമായ പ്രാധാന്യമാണ്. 2000 വർഷം അഭംഗുരം നിലനിന്ന ഒരു രാജവംശമോ, അതിർത്തികൾ മാറാത്ത ഒരതിർത്തിയോ, ഭൂമിയിൽ ഇല്ല. അതേപോലെ 2000 വർഷം നിലനിന്ന ഒരു സംഘടനയും ലോകചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടില്ല. രണ്ടായിരം വർഷം അഭംഗുരം നിന്ന ഒരൊറ്റ സ്ഥാപനമേ ഭൂമിയിലുള്ളു. അത് റോമിലെ മാർപാപ്പായും അദ്ദേഹത്തിന്റെ കീഴിൽ നിലനിൽക്കുന്ന കത്തോലിക്കാസഭയും മാത്രമാണ്. ഏഴ് തവണ റോം ആക്രമിക്കപ്പെട്ടു. മൂന്ന് തവണ റോം അഗ്നിക്ക് ഇരയാക്കപ്പെട്ടു. പക്ഷേ രണ്ട് അഗ്നിജ്വാലകൾക്കിടയിൽ നിന്നും ഉയർത്തെഴുന്നേറ്റ് വന്നത് വത്തിക്കാനും അവിടുത്തെ മാർപാപ്പായും പേപ്പസിയുമാണ്. 160 വർഷം മാർപാപ്പ റോമിൽ നിന്ന് ഫ്രാൻസിലെ  അവിജ്ഞവറിലേക്ക് മാറി പോകേണ്ടി വന്നു. എന്നിട്ടും പേപ്പസി അഭംഗുരം തിരിച്ചുവന്നു എന്നുള്ളതാണ് ചരിത്രത്തിലെ വലിയ അത്ഭുതം. ലോകചരിത്രത്തിൽ രണ്ടായിരം വർഷം അഭംഗുരം നിലനിന്ന അതിശ്രേഷ്ഠമായ ഒരു സഭയാണ് കത്തോലിക്കാസഭ.

കത്തോലിക്കാസഭയിലെ ഏറ്റവും പ്രധാനപ്പെട്ട ഭാഗം അതിലെ അൽമായരാണ് എന്ന് കൃത്യമായി ചൂണ്ടികാണിക്കുന്നത് ജോൺപോൾ രണ്ടാമൻ മാർപാപ്പയാണ്. അദ്ദേഹത്തിന്റെ 1993ലെ വിശ്വപ്രസിദ്ധമായ ഗ്രന്ഥമാണ് On the treasurhold of the 20th Century “21-ാം നൂറ്റാണ്ടിന്റെ പടിവാതിൽക്കലേക്ക്” എന്ന പേരിൽ ഈ ഗ്രന്ഥം മലയാളത്തിലേക്ക് തർജിമ ചെയ്തിട്ടുണ്ട്.  ആ പുസ്തകത്തിൽ മാർപാപ്പ ചൂണ്ടിക്കാണിക്കുന്ന ശ്രദ്ധേയമായ ഒരു കണക്കുണ്ട്. കത്തോലിക്ക സഭ എന്നാൽ മെത്രാന്മാരും മാർപാപ്പയും മാത്രമല്ല അതിലെ പ്രധാനഘടകങ്ങൾ എന്നാണ് ജോൺപോൾ രണ്ടാമൻ മാർപാപ്പ പറയുന്നത്. ഒരു മാർപാപ്പയും 239 കർദ്ദിനാൾമാരും 4369 ബിഷപ്പുമാരും 5 ലക്ഷം വൈദികരും ഒൻപതര ലക്ഷം കന്യാസ്ത്രീകളും 120 കോടി ജനങ്ങളുമുള്ളതാണ് കത്തോലിക്കാസഭ. വൈദികരും കന്യാസ്ത്രീകളും ഉൾപ്പെടെയുള്ള സഭ



malankaralibrary.com

യുടെ പട്ടത്വവും കൈവയ്പ്പും കിട്ടിയവർ എല്ലാവരും കൂടിയാൽ 15 ലക്ഷത്തിൽ കൂടുതൽ വരില്ല. എന്നാൽ 1200 ദശലക്ഷം അല്മായർ അടങ്ങുന്ന ഒരു സംഘടന യാണ് കത്തോലിക്കസഭ. സഭയുടെ അംഗത്വം കണക്കാക്കുമ്പോൾ പട്ടത്വം ലഭിച്ചവരും കൈവയ്പ്പ് ലഭിച്ചവരും 120-ൽ ഒന്ന് മാത്രമാണ്. അതായത് ഒരു ശതമാന ത്തിലും കുറവ്. അങ്ങനെയുള്ള സഭയിൽ ഏറ്റവും പ്രധാനപ്പെട്ടവർ അല്മായരാണ് എന്ന് ജോൺപോൾ രണ്ടാമൻ മാർപാപ്പ ശക്തമായി രേഖപ്പെടുത്തിയിരിക്കുകയാണ്. അല്മായരുടെ സാക്ഷ്യമാണ് ഒരു സഭയുടെ സാക്ഷ്യം എന്ന് പറയുന്നത്. ഇത് വളരെ കൃത്യമായി മാർപാപ്പ ഊന്നിപറയുമ്പോൾ അത് കുറച്ചുകൂടി അദ്ദേഹം വിശദീകരിക്കുന്നത് 1997-ൽ അദ്ദേഹം എഴുതിയ "മൂന്നാം സഹസ്രാബ്ദത്തിലേക്ക്" എന്ന പുസ്തകത്തിലാണ്. പ്രസ്തുത ഗ്രന്ഥത്തിൽ മാർപാപ്പ ഇപ്രകാരമാണ് പറഞ്ഞിരിക്കുന്നത്. "മൂന്നാം സഹസ്രാബ്ദത്തിൽ ഉള്ള ലോകചരിത്രം കെട്ടിപെടുക്കുന്നതിൽ ഏറ്റവും വലിയ പങ്ക് വഹിക്കേണ്ടത് 120 കോടി വരുന്ന അൽമായരാണ്" അല്മായരുടെ കൂട്ടത്തിൽ ഏറ്റവും അധികം പ്രാധാന്യം മാർപാപ്പ കൊടുക്കുന്നത് മതാദ്ധ്യാപകർക്കാണ്. 50 ലക്ഷം വരും കത്തോലിക്കാസഭയിലെ മതാദ്ധ്യാപകർ.

അധ്യാപകർ മതബോധനക്ലാസുകളിൽ കുട്ടികളെ വാർത്തെടുക്കുന്നതിനനുസരിച്ചായിരിക്കും സഭ ഉണ്ടാകുവാൻ പോകുന്നത്. മാർപാപ്പ വളരെ കൃത്യമായി നമ്മേ പഠിപ്പിക്കുന്ന ഒരു കാര്യമുണ്ട്. ഒരു കത്തോലിക്കാ അല്മായൻ ഭൂമിയിൽ ജോലി ചെയ്യുമ്പോൾ ആ ജോലി എങ്ങനെചെയ്യണമെന്ന് കൃത്യമായി അവന് മാർഗ്ഗ നിർദ്ദേശം നൽകുന്നത് യേശുക്രിസ്തു ജീവിതത്തിൽ കാണിച്ച പന്ഥാവാണ്. അൽമായർ എങ്ങനെയാവണം എന്ന് യേശുക്രിസ്തു പഠിച്ച പാഠങ്ങളിലും മാതൃകയിലും വ്യക്തമാണ്. ഡോക്ടർമാർ, എഞ്ചിനീയർമാർ, അദ്ധ്യാപകർ, അഭിഭാഷകർ, നിയമപാലകർ തുടങ്ങി എല്ലാവരും എങ്ങനെഅവരുടെ ജീവിതമേഖലകളിൽ വ്യാപരിക്കണം എന്ന് യേശുവിന്റെ മാതൃകയിൽ നിന്നും ശൈലിയിൽ നിന്നും സ്വീകരിച്ച് ജീവിതത്തിൽ പ്രാവർത്തികമാക്കണം. കർത്താവ് പഠിപ്പിക്കുന്ന മാർഗ്ഗത്തിലൂടെ ജോലി ചെയ്യുമ്പോൾ മാത്രമാണ് ഒരു കത്തോലിക്ക അൽമായൻ ലോകത്തിന് സാക്ഷി ആകുന്നത്.

അമേരിക്കയിൽ ബ്ലാക്സ്റ്റർ എന്ന് പേരായ ഒരു സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ഉണ്ടായിരുന്നു. അദ്ദേഹത്തിന് ക്രിസ്ത്യാനികളോട് കടുത്ത വിരോധമായിരുന്നു. അദ്ദേഹം ക്രൈസ്തവ വിരുദ്ധനായിരുന്നു. ക്രിസ്ത്യാനികളെ നിർദ്ദയം ശിക്ഷിക്കുമായിരുന്നു. നട്ടെല്ലിന് രോഗം ബാധിച്ച അദ്ദേഹം ഒരു ഓപ്പറേഷനു ശേഷം 46 ദിവസം ആശുപത്രിയിൽ കിടക്കേണ്ടി വന്നു. രോഗം ഭേദമായ ബ്ലാക്സ്റ്റൺ ക്രൈസ്തവ വിരുദ്ധത മാറ്റി കത്തോലിക്കാസഭയിൽ അംഗമായി ചേർന്നു. കൂടെയുണ്ടായിരുന്ന ജഡ്ജിമാർ അദ്ദേഹത്തോട് കത്തോലിക്കരെ വെറുക്കുകയും കഠിനശിക്ഷകൾ നൽകി നിർദ്ദയം ഉപദ്രവിക്കുകയും ചെയ്തിരുന്ന നിങ്ങൾക്ക് എങ്ങനെഒരു കത്തോലിക്കനാകാൻ കഴിയുമെന്ന് ചോദിച്ചു അദ്ദേഹത്തിന്റെ മറുപടി ഇപ്രകാരമായിരുന്നു. ഞാൻ ആശുപത്രിയിൽ ആയിരുന്നപ്പോൾ എന്നെ ശുശ്രൂഷിച്ചത് കന്യാസ്ത്രീ ആയ ഒരു നേഴ്സ് ആയിരുന്നു. ദിവസവും രാവിലെ എന്റെ കൈ പിടിച്ച് ആകാശത്തേക്ക് നോക്കി എനിക്കു വേണ്ടിയും എന്റെ രോഗശാന്തിക്കും ആയുസിനുവേണ്ടിയും നേഴ്സ് പ്രാർത്ഥിക്കുമായിരുന്നു. പ്രാർത്ഥനക്കുശേഷം എന്റെ മുറിവുകൾ വെച്ച് കെട്ടും. എന്റെ ശരീരമെല്ലാം വൃത്തിയാക്കും. എന്നെ നന്നായി ശുശ്രൂഷിച്ചു. 46 ദിവസത്തെ പ്രാർത്ഥനയും ശുശ്രൂഷകളും എന്റെ മനസിനെനന്നായി ആകർഷിച്ചു. ഈ കന്യാസ്ത്രീ ചെയ്യുന്നതാണ് കത്തോലിക്കസഭ എങ്കിൽ ഒരു കത്തോലിക്കനാകാൻ ഞാനും ആഗ്രഹിക്കുന്നു എന്ന് അദ്ദേഹം തന്റെ വിശ്വപ്രസിദ്ധമായ പ്രസംഗത്തിൽ പറഞ്ഞു. ബ്ലാക്സ്റ്റന്റെ മാനസാന്തരത്തിന് ഒരു കന്യാസ്ത്രീയുടെ ശുശ്രൂഷ കാരണമായി.

കത്തോലിക്ക അൽമായർ ഇന്ന് ലോകത്തിലെ ഏറ്റവും വലിയ ശക്തികളിലൊന്നാണ്. 120 കോടി എന്ന് പറയുന്നത് ലോകജനസംഖ്യയിൽ അഞ്ചിൽ ഒന്നോളം വരും. ലോകത്തിൽ എന്ത് മാറ്റവും വരുത്തുവാൻ കഴിയുന്ന ഒരു വലിയ ജനസമൂഹമാണത്. മലങ്കര കത്തോലിക്കാസഭയെ സംബന്ധിച്ചിടത്തോളം അൽമായർ ഒരു പ്രത്യേക ദൗത്യത്തിലേക്ക് വിളിക്കപ്പെട്ടവരാണ്. ഒരു അല്മായൻ സമൂഹത്തിൽ പ്രവർത്തിക്കുമ്പോൾ പ്രാർത്ഥനയും ദൈവവിശ്വാസവും ദൈനംദിനജീവിതത്തിൽ മറ്റുള്ളവർക്ക് മാതൃകയായി കാണിച്ചുകൊടുക്കാൻ ബാദ്ധ്യസ്ഥനാണ്. 20-ാം നൂറ്റാണ്ടിലെ ഏറ്റവും വലിയ തത്വചിന്തകൻ ആയിരുന്നു ബർനാർഡ് റസ്സൽ. റസ്സൽ ക്രിസ്തുമതത്തിനെതിരെ Why I am not a Christian എന്ന പുസ്തകം എഴുതിയ ആളാണ്. എന്നാൽ അദ്ദേഹം മരിക്കുന്നതിനു മുൻപ് അവസാനമായി എഴുതിയ പുസ്തകമാണ് Gates of wisdom. ഈ പുസ്തകം അവസാനിക്കുന്നത് വിശ്വപ്രസിദ്ധമായ ഒരു ഖണ്ഡികയോടെയാണ്. What the world needs now I am ashamed to say it is nothing but Christian Charity. ലോകത്തിന് ഏറ്റവും ആവശ്യമായത് എന്ത് എന്ന് ചോദിച്ചാൽ ക്രിസ്തുമതം ലോകത്തെ പഠിപ്പിക്കുന്ന ജീവകാരുണ്യപ്രവർത്തികളാണ്.

സമൂഹത്തിൽ മാറ്റങ്ങൾ വരുത്തുവാൻ കഴിയുന്നത് അൽമായ പ്രവർത്തനങ്ങളുടെ നല്ല ലക്ഷണങ്ങളിൽ ഒന്നാണ്. കത്തോലിക്ക അല്മായർ സമൂഹത്തിൽ ജീവിക്കുമ്പോൾ അവർ ആ സമൂഹത്തോട് ചെയ്യേണ്ട ഏറ്റവും വലിയ കാര്യം ജീവകാരുണ്യപ്രവർത്തനങ്ങളാണ്. ജീവകാരുണ്യപ്രവർത്തനങ്ങൾ ചെയ്ത് "ഈ ചെറിയവരിൽ ഒരുത്തന് ചെയ്യുന്നത് എനിക്കായി ചെയ്യുന്നു" എന്ന് കർത്താവ് പറയുന്ന സാക്ഷ്യം ലോകത്തിന് കാണിച്ചുകൊടുക്കണം. വിശുദ്ധ മദർ തെരേസയെപ്പോലുള്ള വലിയ ആളുകൾ നമുക്ക് കാണിച്ചു തന്ന വലിയ പാത പിൻതുടർന്ന് പ്രവർത്തിക്കുവാൻ അല്മായർക്ക് കഴിയുമ്പോഴാണ് സഭയുടെ സാന്നിദ്ധ്യം ആ നാട്ടിലെ ജനങ്ങൾക്ക് അറിയുവാൻ കഴിയുക. പുനരൈക്യത്തിന്റെ ഈ വലിയ വാർഷികവേളയിൽ ജോൺപോൾ രണ്ടാമൻ മാർപാപ്പ ചൂണ്ടിക്കാണിക്കുന്ന വലിയ പാതയിലൂടെ കത്തോലിക്ക അല്മായർ പ്രവർത്തിക്കുകയും കേരളത്തിൽ വലിയ മാറ്റങ്ങൾ വരുത്തുവാൻ മലങ്കര കത്തോലിക്ക സഭയിലെ അല്മായർക്ക് സാധിക്കുകയും ചെയ്യട്ടെ എന്ന് ആശംസിച്ചു കൊള്ളുന്നു. പ്രാർത്ഥിക്കുന്നു.



malankaralibrary.com



ഡോ. ജോർജ് ഓണക്കൂർ

# മലങ്കരയുടെ മാർ ഈവാനിയോസ്

സൂര്യചന്ദ്രന്മാർ പ്രകാശം ചൊരിയുന്നു. കാലം കടന്നുപോകുന്നു. ആ പരിണാമങ്ങൾക്കിടയിൽ ചൈതന്യപൂർണരായി നിലനിൽക്കുന്ന മഹൽജീവിതങ്ങളുണ്ട്. യുഗപുരുഷന്മാരായി അവർ ആദരിക്കപ്പെടുന്നു. ചുറ്റുപാടുകളിൽ എന്തെന്തു മാറ്റങ്ങൾ സംഭവിച്ചാലും അവരുടെ അനുസ്മരണത്തിന് മങ്ങലേൽക്കുന്നില്ല. അങ്ങനെനിത്യഭാസുരമായി മനുഷ്യമനസ്സുകളിൽ ജീവിക്കുന്ന മഹാത്മാവാണ് മലങ്കരയുടെ മാർ ഈവാനിയോസ് തിരുമേനി. വിശുദ്ധ പദവി യോട് ഏറ്റവും അടുത്തുനിൽക്കുന്ന ആ പുണ്യചരിതന്റെ ഓർമ്മപ്പെരുന്നാൾ ജൂലൈ പതിനഞ്ചിന് നാം പ്രാർത്ഥനാപൂർവ്വം ആചരിക്കുന്നു.

മാർ ഈവാനിയോസ് തിരുമേനിയുടെ വിശുദ്ധിയുടെ വെളിപാടു പുസ്തകം വിനയപൂർവ്വം ഞാൻ വായിക്കുകയാണ്. വിദ്യാസമ്പന്നനായിരുന്നു അവിടുന്ന്. കേരളത്തിലെ സുറിയാനി വൈദികർക്കിടയിൽ ആദ്യമായി എം.എ. ബിരുദം നേടി എന്നതുകൊണ്ട് 'എം.എ. അച്ചൻ' എന്ന് അറിയപ്പെട്ടു. ഫാദർ പി.റ്റി. ഗീവർഗീസിന് വിദ്യാഭ്യാസ മേഖലയിൽ താത്പര്യമുണർന്നത് സ്വാഭാവികം. കോട്ടയം എം.ഡി. സെമിനാരി ഹൈസ്കൂൾ പ്രിൻസിപ്പൽ, കൽക്കത്തയിലെ സെറാമ്പൂർ കോളജ് പ്രൊഫസർ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചു. കൽക്കത്തയിലെ കർമ്മവേദിയിലേക്ക് കേരളീയ യുവാക്കളെ കൂട്ടിക്കൊണ്ടുപോയി ഉന്നതവിദ്യാഭ്യാസം നൽകിയതും കിഴക്കേ ബംഗാളിലെ ബാരിസോളിൽ യൂറോപ്യൻ സിസ്റ്റേഴ്സ് നടത്തുന്ന ഡയസിഷ്യൻ കോളജിൽ സമർത്ഥരായ യുവതികൾക്ക് പ്രവേശനം നേടിക്കൊടുത്തതും ചരിത്രം. മലങ്കരയിൽ പ്രബുദ്ധരായ യുവാക്കളുടെ നേതൃനിര സൃഷ്ടിക്കുകയായിരുന്നു ആ ക്രാന്തദർശിയുടെ ലക്ഷ്യം.

ഭൗതികാധികാരത്തിലും ധനത്തിലും ആർത്തി പെരുത്തവർ ചേരിതിരിഞ്ഞും കലഹിച്ചും ഇവിടത്തെ സഭാന്തരീക്ഷം കലുഷിതമാക്കിയിരുന്നു. അതിനു വിരാമമിട്ട് ആത്മീയതയുടെ പുനരുജ്ജീവനം യാഥാർത്ഥ്യമാക്കാൻ ഫാദർ പി.റ്റി. ഗീവർഗീസ് പ്രതിജ്ഞാബദ്ധനായി. ചൈതന്യനിർഭരമായ ബംഗാളിന്റെ ആർഷസംസ്കൃതി അദ്ദേഹത്തിൽ വലിയ സ്വാധീനത ചെലുത്തി. ശ്രീരാമകൃഷ്ണപരമഹംസനും സ്വാമി വിവേകാനന്ദനും പ്രസരിപ്പിച്ച ആദ്ധ്യാത്മികതയുടെ പ്രകാശം സ്വായത്തമാക്കി, മഹാകവി രവീന്ദ്രനാഥ ടാഗോറിന്റെ 'ശാന്തിനികേതൻ' ഏതർത്ഥത്തിലും നൂതനപരീക്ഷണമായിരുന്നു. അവിടത്തെ വിദ്യാഭ്യാസ മാതൃകകളും ടാഗോറിന്റെ ജീവിതദർശനവും ഫാദർ പി.റ്റി. ഗീവർഗീസിന്റെ ഉൾക്കാഴ്ചകൾക്ക് കൂടുതൽ അർത്ഥവും ആഴവും നൽകി. പിൽക്കാലത്ത് അദ്ദേഹം രൂപം നൽകിയ സന്യാസാശ്രമമായ ബഥനിയുടെ 'രൂപവും ഭാവവും' വലിയൊരളവിൽ ടാഗോറിനോട് കടപ്പെട്ടിരിക്കുന്നു.

മലങ്കര സുറിയാനി സഭയിൽ ധ്യാനനിഷ്ഠമായ ജീവിതം അവലംബിച്ചുകൊണ്ട് ത്യാഗത്തിന്റെയും സേവനത്തിന്റെയും സ്നേഹത്തിന്റെയും ആകാശനീലിമ വീണ്ടെടുക്കുന്ന പുതിയ സന്ന്യാസമൂഹത്തിന്റെ സമാരംഭം ഫാദർ പി.റ്റി. ഗീവർഗീസിന്റെ സ്വപ്നമായി. അത് പാശ്ചാത്യ ക്രൈസ്തവ സന്ന്യാസത്തിന്റെ ശൈലി പുലർത്തരുതെന്ന് അദ്ദേഹത്തിനു നിർബന്ധമുണ്ടായിരുന്നു. ഭാരതത്തിന്റെ സനാതനപാരമ്പര്യങ്ങളോട് ആഭിമുഖ്യം പുലർത്തി ക്കൊണ്ട് രൂപപ്പെടുത്തിയ സന്ന്യാസാശ്രമമാണ് ബഥനി. 1917-ൽ സെറാമ്പൂരിൽ സേവനമർപ്പിക്കുന്ന കാലത്താണ് ബഥനി മിശിഹാനുകരണ സന്ന്യാസ സമൂഹത്തിന്റെ ആവിർഭാവം. രണ്ടു വർഷം കഴിഞ്ഞ് നാട്ടിൽ മടങ്ങിയെത്തിയ ഫാദർ പി.റ്റി. ഗീവർഗീസ് പെരുനാട്ടിലെ മുണ്ടൻമലയിൽ ധ്യാനജീവിതം നയിച്ചു.

കാട്ടുപുല്ലുകൾ മേഞ്ഞ കൂടിൽ, മുളതല്ലിപ്പരത്തി പലകയാക്കി ഭിത്തി, ചാണകം മെഴുകിയ തറ, മൺപാത്രങ്ങളിൽ ഭക്ഷണപാനീയങ്ങൾ; സസ്യാഹാരം, കാവിവസ്ത്രം. അഭൂതപൂർവമായിരുന്നു മലങ്കരയിൽ ഈ സന്ന്യാസാനുഭവം.കലഹങ്ങളും വ്യവഹാരങ്ങളും കലുഷിതമാക്കിയ മലങ്കരസഭാന്തരീക്ഷത്തിൽ യഥാർത്ഥ ദൈവസമ്പാദനത്തിന്റെ ശാന്തി നിറയ്ക്കുകയായിരുന്നു യുഗപുരുഷനായ മാർ ഈവാനിയോസ് തിരുമേനി.

സന്ന്യാസമാർഗ്ഗത്തിൽ സഞ്ചരിച്ചുകൊണ്ട് മലങ്കര സുറിയാനി സഭയിൽ ഐക്യവും ശാന്തിയും സൃഷ്ടിക്കുക ജീവിതധർമമായി തിരിച്ചറിഞ്ഞ ആ മഹാത്മാവിന്റെ കർമ്മകാണ്ഡം സുവിദിതമാണ്. പക്ഷേ കലഹങ്ങൾ മൂർച്ഛിക്കുകയും പരസ്പരശത്രുത വളർന്ന് ദൈവികത തീർത്തും അപ്രത്യക്ഷമാവുകയും ചെയ്ത ഘട്ടത്തിൽ രക്ഷപ്പെടലിനെക്കുറിച്ചുള്ള ചിന്തകൾ ശക്തിപ്പെട്ടു. അപ്പോഴേക്ക് ബഥനിയുടെ മെത്രാൻ എന്ന നിയോഗം ഏറ്റെടുത്തുകഴിഞ്ഞിരുന്ന അവിടുന്ന് സുന്നഹദോസുമായി ചേർന്ന് ഏകവും വിശുദ്ധവും സാർവത്രികവും ശ്ലൈഹികവുമായ സഭയോട് പുനരൈക്യപ്പെടുന്നതിനുള്ള ശ്രമങ്ങളിൽ മുഴുകി. അതിന്റെ സാഫല്യമാണ് 1930 സെപ്റ്റംബർ 20-ന് സംഭവിച്ചത്. പ്രിയ ഗുരുനാഥനായ വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് തിരുമേനിയോടും മാതൃതുല്യം സ്നേഹിച്ച മലങ്കര സുറിയാനി സഭയോടും യാത്ര പറയുക ഹൃദയഭേദകം തന്നെയായിരുന്നു. അനിവാര്യമായ ദൈവനിയോഗത്തിൽ നിന്ന് ഒഴിഞ്ഞുമാറ്റാൻ കഴിയാതെ എല്ലാം വെടിഞ്ഞ് ഏതാനും അനുയായികൾക്കൊപ്പം മാർ ഈവാനിയോസ് തിരുമേനി സത്യത്തിന്റെ വഴി തിരഞ്ഞെടുത്തു. കത്തോലിക്കാ സഭയോട് പുനരൈക്യപ്പെട്ടു.

സഭൈക്യത്തിന്റെ ശാന്തിദൂതൻ എന്ന നിലയിലാണ് ചരിത്രം മലങ്കരയുടെ മാർ ഈവാനിയോസിന്റെ



malankaralibrary.com

# ആധുനിക തിരുവിതാംകൂറിന്റെ ചരിത്രം രൂപപ്പെടുത്തുന്നതിൽ നിർണ്ണായക പങ്കുവഹിച്ച എം.എം.വർക്കി



ജോൺ കച്ചിറമറ്റം




കത്തോലിക്കാ സമുദായത്തിന്റെയും തിരുവിതാംകൂറിന്റെയും ഈ നൂറ്റാണ്ടിലെ ചരിത്രമെഴുതുവാൻ തുടങ്ങുന്നവർക്ക് പ്രധാനാവലംബം എം.എം. വർക്കി പ്രസാധനം ചെയ്ത പ്രസിദ്ധീകരണങ്ങളും വർക്കി എഡിറ്റുചെയ്ത പത്രങ്ങളുമായിരിക്കുമെന്നതിന് തർക്കമില്ല. ആ ചരിത്രത്തിന്റെ പ്രധാനഭാഗങ്ങളാകട്ടെ വർക്കി സൂത്രധാരണം വഹിച്ച പ്രസ്ഥാനങ്ങളുടെ കഥയായിരിക്കും.

ആധുനിക തിരുവിതാംകൂറിന്റെ ചരിത്രം രൂപപ്പെടുത്തുന്നതിൽ ഏറ്റവും കൂടുതൽ പങ്കുവഹിച്ച ഒരു അതുല്യ പ്രതിഭയായിരുന്നു ശ്രീ വർക്കി. യാതൊരു പ്രതിഫലവും ഇച്ഛിക്കാതെ ജീവിതകാലം മുഴുവൻ സഭയ്ക്കും സമുദായത്തിനും രാഷ്ട്രത്തിനും വേണ്ടി ജീവിതമർപ്പിച്ചതിനുശേഷം രോഗിയായി, ഏതാണ്ട് എല്ലാവരാലും പരിത്യക്തനായി തിരുവല്ലയിൽ ക്ലർജിഹോമിൽ കഴിഞ്ഞുകൂടി.

തൃപ്പൂണിത്തറയിലെ പ്രധാനവും പ്രശസ്തവും സമ്പന്നവുമായ മുക്കഞ്ചേരി കുടുംബത്തിൽ 1898 ജനുവരി 13ന് അണ് വർക്കിയുടെ ജനനം.

വിദ്യാഭ്യാസ കാലത്തുതന്നെ പത്രപ്രവർത്തനത്തിൽ തൽപ്പരനായിരുന്ന വർക്കി ദീപിക, മനോരമ തുടങ്ങിയ പത്രങ്ങൾക്ക് റിപ്പോർട്ടുകൾ എഴുതി കൊടുത്തിരുന്നു. പത്രാധിപന്മാരിൽ നിന്നുലഭിച്ച പ്രോത്സാഹനങ്ങൾ പത്രപ്രവർത്തനത്തിൽ വർക്കിയെ കൂടുതൽ തൽപ്പരനാക്കി. ഈ കാലഘട്ടത്തിലാണ് തൃശൂർ ലഹള നടന്നത്. ലഹളയുടെ മദ്ധ്യത്തിൽ ചെന്നുനിന്ന് ആധുനിക പത്രപ്രവർത്തകരുടെ ശൈലിയിൽ സമരകാര്യ ലേഖകന്റെ ആവേശത്തോടെ തിരുവിതാംകൂർ പത്രങ്ങൾക്ക് യുദ്ധവാർത്ത അയച്ചുകൊടുത്തു. തൃശൂർ ലഹളയുടെ മദ്ധ്യത്തിൽ നിന്ന് റിപ്പോർട്ടുചെയ്ത സന്ദർഭത്തിൽ ഒരു വെടിയേറ്റുയെങ്കിലും പത്രപ്രവർത്തനത്തിൽ കൂടുതൽ ശ്രദ്ധതിരിക്കാൻ ശ്രമിച്ചു. ഫോട്ടോഗ്രാഫിയിൽ കൂടുതൽ പരിശീലനം നേടുവാൻ ബാംഗ്ലൂരിൽ എത്തി.

ആ സമയം ബാംഗ്ലൂർ പ്ലേഗ് ബാധയുടെ പിടിയിൽ അമർന്നിരുന്നു. പ്ലേഗ് ബാധിതരുടെ ഇടയിൽ ചുറ്റിക്കറങ്ങി അവർക്ക് സഹായവുമായി നടന്ന ഒരു വൈദികനെവർക്കി ദിവസവും കണ്ടു. പ്ലേഗിനെഭയന്ന് എല്ലാവരും സ്ഥലംവിട്ടപ്പോൾ അവരുടെ ഇടയിൽ ഔഷധങ്ങളും ആഹാരപദാർത്ഥങ്ങളും വിതരണം ചെയ്തു

---

മഹത്ത്വം ദർശിക്കുന്നത്. സമാനതകളില്ലാത്ത വിശുദ്ധിയുടെ വഴിയാണ് അത്; മൗലികവും ഉദാത്തവുമായ പുണ്യമാർഗ്ഗം. ശരിക്കും ബലിയർപ്പണമായിരുന്നു ആ മഹൽജ്ജീവിതവും ദർശനവും. കാനോനികമായ ചടങ്ങുകൾ ആവശ്യ മായിരിക്കാം. പക്ഷേ മാർ ഈവാനിയോസ് തിരുമേനിയുടെ ഓർമ്മ കർത്താവിന്റെ ബലിപീഠത്തിൽ ആദരിക്കപ്പെടുന്നതിന് 'ചടങ്ങുകൾ' കാലവിളംബരം വരുത്താൻ പാടില്ലാത്തതാണ്. ആ പുണ്യതാതൻ തുറന്നിട്ട സഭൈക്യത്തിന്റെ വഴി സഭാചരിത്രത്തിലെ മഹാദ്ഭുതം തന്നെയാണ്. സാങ്കേതികത്വത്തിന്റെ ദുർഘടസന്ധികൾ വേഗത്തിൽ പരിഹരിച്ച് വിശുദ്ധ പദവിയിലേക്കുള്ള ദൈവിക പ്രയാണം വേഗത്തിൽ യാഥാർത്ഥ്യമാകുമെന്ന് നമുക്ക് പ്രതീക്ഷിക്കാം, പ്രാർത്ഥിക്കാം, ത്യാഗപ്രവൃത്തികൾ അനുഷ്ഠിക്കാം.



malankaralibrary.com

കൊണ്ടുനടന്ന ആ പതിത കാരുണീയൻ- ബാഗ്ലൂർ സെന്റ് പാട്രിക് കത്തോലിക്കാ പള്ളിവികാരി-ഫ്രഞ്ചുകാരനായിരുന്ന ഫാ. ടബാർഡ് ആയിരുന്നു. ആ മനുഷ്യസ്നേഹിയുടെ പ്രവർത്തനങ്ങൾ വർക്കിയുടെ ഹൃദയത്തെ സ്വാധീനിച്ചു. ഫാ. ടബാർഡുമായി വർക്കി നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരുന്നു. ഫാ. ടബാർഡ് വർക്കിക്ക് നിരവധി ഗ്രന്ഥങ്ങൾ വായിക്കാൻ നൽകി. അതിൽ ഒരുപുസ്തകം കാർഡിനെന്റ് ഗിബ്ബൻ രചിച്ച Faith of our fathers (നമ്മുടെ പിതാക്കന്മാരുടെ വിശ്വാസം) എന്നതായിരുന്നു. വർക്കിയെ ഏറെ സ്വാധീനിച്ച ഒരു ഗ്രന്ഥമായിരുന്നു കാർഡിനെന്റ് ഗിബ്ബൻ രചിച്ച ഗ്രന്ഥം. അദ്ദേഹം കൂടുതൽ വായിച്ചും പഠിച്ചും ചരിത്രപരമായ പഠനങ്ങളിലേക്ക് ശ്രദ്ധ തിരിച്ചു. ആ പഠനത്തിന്റേയും ഗവേഷണത്തിന്റെയും ഫലമായി വർക്കി കത്തോലിക്കാ സഭയുടെ പടിവാതുക്കൽ വന്നുകൂടി. കത്തോലിക്കാ സഭയെ ആശ്ലേഷിക്കാൻ ആഗ്രഹിക്കുന്നതായി വർക്കി കാർഡ് അച്ചനെഅറിയിച്ചു. വളരെയധികം ആലോചിച്ച് തീരിമാനമെടുത്താൽ മതിയെന്നും തിരുവിതാംകൂറിൽവെച്ച് മാനസ്സാന്തര കാര്യം തീരുമാനിച്ചാൽ മതിയെന്നും ഫാ. ടബാർഡ് വർക്കിയെ സ്നേഹപൂർവ്വം അറിയിച്ചു. നസ്രാണി ദീപികയുടെ പത്രാധിപരായി വർക്കിയെ ക്ഷണിച്ചു. ഫാ. ടബാർഡിന്റെയും കൂടെ ഉപദേശമനുസരിച്ച് 1921ൽ മാന്നാനത്ത് എത്തി വർക്കി പത്രാധിപരായി സ്ഥാനമേറ്റു. തുടർന്ന് സി.എം.ഐ. സഭയുടെ പ്രയോർ ജനറാൾ കട്ടക്കയത്തിൽ കൊച്ചുചാണ്ടിയച്ചൻ ഏറെ താമസിയാതെ വർക്കിയെ തിരുവനന്തപുരം പ്രതിനിധിയായി അയച്ചു. അന്ന് വർക്കി തിരുവനന്തപുരത്തെത്തിയപ്പോൾ കത്തോലിക്കരുടെ സ്ഥിതി എന്തായിരുന്നുവെന്ന് മനസ്സിലാക്കണം. അന്ന് തിരുവനന്തപുരത്ത് കത്തോലിക്കരോ കത്തോലിക്കാ സ്ഥാപനങ്ങളോ അധികം ഉണ്ടായിരുന്നില്ല. പാളയം പള്ളിയിൽ സെന്റ് ജോസഫ് സ്ക്കൂൾ മാത്രമായിരുന്നു അന്ന് തിരുവനന്തപുരത്തുണ്ടായിരുന്ന കത്തോലിക്കാ സ്ഥാപനങ്ങൾ. വ്യവസായ ഡയറക്ടർ ഐ.സി. ചാക്കോ ഹൈക്കോടതി ജഡ്ജിയായിരുന്ന റാവുബഹദൂർ മുളനായകൻപിള്ള തുടങ്ങി ഏതാനം കത്തോലിക്കരും തിരുവനന്തപുരത്തുണ്ടായിരുന്നു. കത്തോലിക്കർ എന്നൊരു സമുദായംതന്നെ ഉണ്ടെന്ന് തിരുവിതാംകൂർ അംഗീകരിക്കപ്പാതിരുന്ന ഒരു കാലഘട്ടമായിരുന്നു അത്. എല്ലാവരും ക്രിസ്ത്യാനികൾ എന്ന സാമാന്യ പേരിലാണ് അറിയപ്പെട്ടിരുന്നത്. അന്ന് സർക്കാരുദ്യോഗം വഹിച്ചിരുന്ന കത്തോലിക്കരായിരുന്ന ഉന്നത ഉദ്യോഗസ്ഥകർക്കുപോലും മറ്റുള്ളവരെ അപേക്ഷിച്ച് ശമ്പളം കുറവായിരുന്നു.

സർക്കാർ സർവ്വീസിലും പ്രതിനിധി സ്ഥാപനങ്ങളിലും ജനസംഖ്യാനുപാതികമായ പ്രാധിനിത്യം അന്ന് കത്തോലിക്കർക്കും ഇവിടുത്തെ അവർണ്ണ ഹിന്ദുക്കൾക്കും പിന്നോക്ക വിഭാഗങ്ങൾക്കും ലഭിച്ചിരുന്നില്ല. അതിനെതിരായി നടന്ന പ്രോക്ഷോമായിരുന്നു പൗരസമസ്തവാദ പ്രക്ഷോഭണം. പൗരസമസ്തവാദ പ്രക്ഷോഭണം വിജയത്തിലെത്തിയെങ്കിലും അതിന്റെ പ്രയോജനം കത്തോലിക്കർക്ക് ലഭിച്ചിരുന്നില്ല. കത്തോലിക്കർ എന്നൊരു വിഭാഗം- ഒരു സമുദായം ഇവിടെയുണ്ടെന്ന് സർക്കാരിനെക്കൊണ്ടി അംഗീകരിപ്പിക്കാനും അവർ നേരിടുന്ന അവഗണനയ്ക്ക് പരിഹാരം കാണാനും തിരുവനന്തപുരത്തുനിന്നും സ്വന്തമായി ഒരു പത്രം തുടങ്ങുവാൻ വർക്കി തീരുമാനിച്ചു. കത്തോലിക്കരില്ലാത്ത ഒരു സ്ഥലത്ത് ഒരി പത്രം തുടങ്ങിയാൽ വിജയിക്കുകയില്ലെന്ന് പലരും അഭിപ്രായപ്പെട്ടു. സാഹസികനായ വർക്കി 1924 മാർച്ച് 22ന് കേരളദാസൻ എന്ന പത്രം തിരുവനന്തപുരത്തുനിന്നും ആരംഭിച്ചു. വർക്കി ജയിലിലാക്കപ്പെട്ടതിനെതുടർന്ന് കേരളദാസൻ പുറത്തിറങ്ങാനുള്ള സാഹചര്യം ഇല്ലാതായി. അധൈര്യപ്പെടാതെ വർക്കി 1926 മാർച്ച് 20ന് ദാസൻ എന്ന പത്രം തുടങ്ങി. 1933 ഏപ്രിൽ 1 ന് തിരുവിതാംകൂർ ഗവൺമെന്റ് ദാസൻ പത്രത്തേയും നിരോധിച്ചു. 28 ദിവസങ്ങൾക്കു ശേഷം വർക്കി യുവഭാരതി എന്ന പത്രം പ്രസിദ്ധീകരിച്ചു. വർക്കി ആരംഭിച്ച ഈ മൂന്നുപത്രങ്ങളുടേയും പൊതു ഉദ്ദേശം തിരുവിതാംകൂറിൽ കത്തോലിക്കർ എന്നൊരു വർഗ്ഗം ഉണ്ടെന്ന് സർക്കാരിനെക്കൊണ്ട് അംഗീകരിപ്പിക്കുക എന്നുള്ളതായിരുന്നു. ഈ ലക്ഷ്യം വച്ചുകൊണ്ട് പ്രജാസഭയിലും നിയമസഭയിലും അംഗങ്ങളായിരുന്നവർ തിരുവനന്തപുരത്തുവന്നാൽ വർക്കിയോടൊത്തു താമസിക്കുകയും രാഷ്ട്രീയകാര്യങ്ങളെക്കുറിച്ച് ചർച്ചചെയ്യുകയും പ്രക്ഷോഭണ പരിപാടികൾ ആസൂത്രണം ചെയ്യുകയും പതിവായിരുന്നു.

പത്രങ്ങളിലൂടെ വർക്കിയും നിയമസഭയിലൂടെ ഷെവ: ഇലഞ്ഞിക്കൽ കുഞ്ഞിത്തുമ്മൻ പ്രഭൃതികളും നടത്തിയ നിരന്തരമായ പ്രക്ഷോഭണത്തിന്റെ ഫലമായി തിരുവിതാംകൂറിൽ കത്തോലിക്കർ എന്നൊരു സമുദായമുണ്ടെന്ന് അംഗീകരിപ്പിക്കുവാൻ സർക്കാരിനെനിർബന്ധമാക്കി. പബ്ലിക് സർവ്വീസിൽ ജനസംഖ്യാനുപാതികമായ സമുദായ പ്രാതിനിത്യത്തിനുവേണ്ടിയുള്ള സമരമായി പിന്നീട്. ഇതിലേക്ക് കേരള ദാസനിലും ദാസനിലും എഴുതിയിട്ടുള്ള ലേഖനങ്ങൾക്കും മുഖപ്രസംഗങ്ങൾക്കും കണക്കില്ല. എന്നാൽ ലേഖനങ്ങളെക്കാൾ ശക്തമായത് വർക്കിയുടെ പട്ടികകളാണ്. സർക്കാർ സർവ്വീസിൽ പൊതുവെയും ഓരോ ഡിപ്പാർട്ടുമെന്റിൽ പ്രത്യേകിച്ചുമുള്ള ഉദ്യാഗസ്ഥന്മാരുടെ ജാതിതിരിച്ചുള്ള പട്ടികകൾ തുടരെ തുടരെ വർക്കി തന്റെ പത്രത്തിൽ പ്രസിദ്ധം ചെയ്തു പോന്നു. ഇവയിൽ മിക്കതിലും കത്തോലിക്കരുടെ പേരിനെതിരെ തടിച്ച അക്ഷരത്തിൽ കാണുന്നത് വട്ടപൂജ്യമാണ്. കത്തോലിക്കരോടുകാണിക്കുന്ന അനീതി വ്യക്തമാക്കുവാനും കത്തോലിക്കരുടെ വാദം എത്ര ന്യായയുക്തമാണെന്ന് അന്യസമുദായങ്ങളെ ബോധ്യപ്പെടുത്തുവാനും ഈ പട്ടികകൾ സഹായിച്ചു.

തിരുവിതാംകൂർ റീജന്റ് മഹാറാണിക്ക് 1926 ഏപ്രിൽ മാസത്തിൽ കത്തോലിക്കർ സമർപ്പിച്ച മെമ്മോറിയലിന് രൂപംകൊടുത്തത് വർക്കിയാണ്. പബ്ലിക് സർവ്വീസിലും ജുഡീഷ്യൽ വകുപ്പിലും കത്തോലിക്കർക്ക് പ്രാതിനിത്യം ഇല്ലാത്ത വസ്തുതയും ഹൈക്കോടതിയിൽ ഒരു കത്തോലിക്കനെനിയമിക്കേണ്ടതിന്റെ ആവശ്യകതയും ചൂണ്ടിക്കാണിച്ചുകൊണ്ട് കേരളത്തിനകത്തും പുറത്തുമുള്ള പത്രങ്ങളിൽ വർക്കി ലേഖനങ്ങൾ എഴുതി പ്രസിദ്ധീകരിച്ചു. നിരവധി നിവേദനങ്ങൾ മഹാറാണിക്ക് സമർപ്പിച്ചു. ആ നിവേദനങ്ങളും ലേഖനങ്ങളും ചേർത്ത് ഒരു പുസ്തകം പ്രസി



malankaralibrary.com

ദ്ധീകരിച്ചു. കത്തോലിക്ക് ക്ലെയിംസ് എന്നാണ് അതിന്റെ പേര്. അതിന്റെ ഇംഗ്ലീഷ് പതിപ്പ് തയ്യാറാക്കി കേരളത്തിനുപുറത്തും ബ്രിട്ടനിലും വിതരണം ചെയ്തു. അന്നത്തെ ദിവാൻഗ്രന്ഥം കണ്ടിട്ട് തന്റെ സുഹൃത്തായിരുന്ന വിദ്യാഭ്യാസ ഡയറക്ടർ മിസ്റ്റർ സി.പി.ചന്ദ്രശേഖരനോട് ഇപ്രകാരം പറഞ്ഞു. "ഞാൻ എവിടെച്ചെന്നാലും കാണുന്നത് കത്തോലിക്ക് ക്ലെയിംസ് എന്ന പുസ്തകമാണ്. ആരെ കണ്ടുമുട്ടിയാലും അവരൊക്കെ സംസാരിക്കുന്നതും കത്തോലിക്കരുടെ അവകാശങ്ങളെക്കുറിച്ചാണ്. കത്തോലിക്കരുടെ അവകാശങ്ങൾ എന്ന ഈ പുസ്തകത്തിന്റെ കർത്താവ് ആരാണ്.

വർക്കി തയ്യാറാക്കിയതും കത്തോലിക്കാ കോൺഗ്രസ് സമർപ്പിച്ചതുമായ ഒരു നിവേദനമാണ് കാതലിക് ഗ്രിവൻസസ് എന്ന മെമ്മോറാണ്ടം. തിരുവിതാംകൂറിലെ യഥാർത്ഥ സ്ഥിതി വിലയിരുത്തിക്കൊണ്ടും തിരുവിതാംകൂറിലെ 22 ഡിപ്പാർട്ടുമെന്റിലും ഓരോ സമുദായത്തിനും ജനസംഖ്യ താല്ക്കാലികമായി ലഭിക്കുന്നതിനും പകരം ലഭിച്ചിട്ടുള്ള ജോലിക്കാരുടെ എണ്ണം പട്ടിക സഹിതം പ്രസിദ്ധീകരിച്ച ഒരു മെമ്മോറാണ്ടമാണ് കാത്തലിക് ഗ്രിവൻസ്. ആ മെമ്മോറാണ്ടം അച്ചടിച്ച് 132 പേജുകളായിട്ടാണ് തയ്യാറാക്കി സമർപ്പിച്ചത്. നിവർത്തനപ്രക്ഷോഭത്തിന്റെ മുന്നണി പോരാളിയായി പ്രവർത്തിച്ചതും വർക്കി തന്നെയായിരുന്നു.

തിരുവിതാംകൂറിൽ ഉത്തരവാദ പ്രക്ഷോഭത്തിനുവേണ്ടി നടന്ന പ്രക്ഷോഭണത്തിന്റെ മുന്നണി പോരാളിയായിരുന്നു വർക്കി. സ്റ്റേറ്റു കോൺഗ്രസ് പ്രവർത്തനങ്ങളെ സർക്കാർ നിരോധിക്കുകയും പ്രക്ഷോഭകരെ പീഡിപ്പിക്കുകയും ചെയ്തപ്പോൾ സ്റ്റേറ്റുകോൺഗ്രസ് എറണാകുളത്തേക്കുമാറ്റി അതിന്റെ നേതൃത്വം ഏറ്റെടുത്തതും വർക്കിതന്നെയായിരുന്നു. എലിസബേത്തുകുരുവിള, ആനിമസ്ക്രിൻ തുടങ്ങിയ ഉജ്വല വനിതാ പ്രതിഭകളെ കണ്ടെത്തി പ്രക്ഷോഭത്തിന്റെ മുൻനിരയിൽ എത്തിച്ചതും വർക്കിയുടെ ശ്രമഫലമായിട്ടായിരുന്നു. ഹെഡ്മാസ്റ്റർ ഉദ്യോഗം രാജിവെപ്പിച്ച് സ്റ്റേറ്റു കോൺഗ്രസ് പ്രസിഡന്റ് സ്ഥാനത്തേക്ക് ഉയർത്തി തിരുവനന്തപുരത്തേക്ക്- രാജകൊട്ടാരത്തിലേക്ക് പതിനായിരങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ചരിത്രം സൃഷ്ടിച്ച അക്കാമ്മ ചെറിയാന്റെ ധീരതയ്ക്ക് കളമൊരുക്കിയതും ശ്രീ വർക്കി തന്നെ.

നഷ്ടത്തിലായതിനാൽ പ്രവർത്തനം ഉപേക്ഷിക്കാൻ തീരുമാനിച്ച മലബാർ മെയിൽ പത്രം ഏറ്റെടുത്ത് തിരുവിതാംകൂറിലെ ഉത്തരവാദ പ്രക്ഷോഭണത്തിനും ഊർജ്ജം നൽകിയതും വർക്കിതന്നെയായിരുന്നു. തങ്കശേരി പ്രദേശത്ത് തിരുവിതാംകൂറിലെ രാഷ്ട്രീയ പ്രവർത്തകർ അഭയം പ്രാപിച്ചുകൊണ്ടിരുന്നു. അതുതടയാൻ സർ സി.പി. തിരുവിതാംകൂറിൽ തങ്കശ്ശേരിയെ ലയിപ്പിക്കാൻ ശ്രമിച്ചപ്പോൾ എം.എം. വർക്കിയും ബാരിസ്റ്റർ ജോർജ്ജ് ജോസഫും കൂടി ഡൽഹിയിലെത്തി വൈസ്രോയിയെ കണ്ട് ലയനത്തിനെതിരായി വാസ്ടോയിയെക്കൊണ്ട് നടപടി എടുപ്പിച്ചതും വർക്കി തന്നെ. (1931ൽ ബാരിസ്റ്റർ ജോർജ്ജ് ജോസഫ് മർത്തോമ്മ സഭയിൽ നിന്ന് കത്തോലിക്കാ സഭയെ ആശ്ലേഷിക്കുകയുണ്ടായി. മഹാത്മാഗാന്ധിയുടെ യംഗ് ഇന്ത്യയും മോത്തിലാൽ നെഹ്രുവിന്റെ ഇന്റിപ്പെന്റൻസും എഡിറ്റുചെയ്ത ആളാണ് ബാരിസ്റ്റർ ജോർജ്ജ് ജോസഫ്. ഇന്ത്യയിൽ ആദ്യമായി യൂണിയൻ സംഘടിപ്പിച്ചതും അദ്ദേഹമാണ്. ബാരിസ്റ്റർ ജോർജ്ജ് ജോസഫിന്റെ വസതിയിൽ വെച്ചാണ് മഹാത്മജി ഇന്നത്തെ അർദ്ധ നഗ്നനായ ഫക്കീറിന്റെ വെഷം ധരിച്ചത്.)

വർക്കിയും ദാസൻപത്രവും വെറും രാഷ്ട്രീയ കാര്യങ്ങൾ മാത്രമല്ല ചർച്ചചെയ്തിരുന്നത്. സമുദായത്തിന്റെ സാമൂഹികവും സാമ്പത്തികവും സാഹിത്യപരവുമായ ഉന്നമനത്തിലും വർക്കി ശ്രദ്ധ പതിപ്പിച്ചിരുന്നു. കവിതയ്ക്കും സമസ്യാ പൂരണത്തിനും ഗ്രന്ഥ നിരൂപണത്തിലും ശ്രദ്ധചെലുത്തി. തോമാ കത്തനാരുടെ വർത്തമാനപുസ്തകം ഖണ്ഡശം പ്രസിദ്ധീകരിച്ചു. രക്തസാക്ഷി ദേവസഹായം പിള്ളയുടെയും സർദാനയിലെ ബീഗം ഡക്രുവിന്റെയും ജീവചരിത്രം പ്രസിദ്ധീകരിച്ച് മലയാളികളെ പരിചയപ്പെടുത്തി. ഐസി ചാക്കോയുടെ വിഖ്യാതങ്ങളായ പല ലേഖനങ്ങളും ദാസനിൽ പ്രസിദ്ധീകരിച്ചു. കത്തോലിക്കാ എം.എൽ.സി. മാരുടെ തൂലികാചിത്രങ്ങൾ പ്രസിദ്ധീകരിച്ചു.

മാർ ഇവാനിയോസ് ആഗ്രഹിച്ച പുനരൈക്യ പ്രസ്ഥാനം 1930ലാണ് രൂപം കൊള്ളുന്നത്. അതിന് എട്ടു വർഷം മുൻപ് വർക്കി കത്തോലിക്കാ സഭയെ ആശ്ലേഷിച്ചു. പുനരൈക്യ പ്രസ്ഥാനത്തിന് വർക്കി നൽകിയ സംഭാവനകൾ നിസ്തുലമാണ്.

മാർ ഇവാനിയോസ് തിരുമേനിയുടെ പുനരൈക്യം വർക്കിയെ ആഹ്ലാദചിത്തനാക്കി. മാർ ഇവാനിയോസ് ആരംഭിച്ച ബഥനി മിശിഹാനുകരണ സന്ന്യാസിനി സമൂഹത്തിൽ ആദ്യം ചേർന്നത് വർക്കിയുടെ പിതൃസഹോദരിയായ മദർ ഗൈനയായിരുന്നു. പുനരൈക്യ പ്രസ്ഥാനത്തിനെതിരായി വന്ന വിമർശനങ്ങളെ സത്യത്തിന്റെയും യുക്തിയുടേയും അടിസ്ഥാനത്തിൽ മൂല്യനിർണ്ണയം നടത്തുന്ന ഒരു ലേഖനപരമ്പര വർക്കി നസ്രാണി ദീപകയിൽ പ്രസ്ദ്ധീകരിച്ചു. ആ ലേഖനപരമ്പര മലങ്കര സഭയുടെ എക്ഡാറാ എന്ന പേരിൽ സി. അന്തപ്പായിയുടെ അവതാരികയോടും പി.സി. ജോർജ്ജിന്റെ ഉപോൽഘാതത്തോടും കൂടി പ്രസ്ദ്ധീകരിച്ചു.

ക്രിസ്ത്യാനികൾ പ്രത്യേകിച്ച് കത്തോലിക്കർ എന്നൊരു കൂട്ടർ ഈ നാട്ടിലുണ്ടെന്നും അവരെ അവഗണിക്കാൻ പറ്റില്ലെന്നും അധികാരികളെ മനസ്സിലാക്കിയ ഒരു പ്രതിഭാധനനാണ് വർക്കി. അധികാര സ്ഥാനങ്ങളിൽ കടന്നുകൂടണമെന്നുള്ള ആഗ്രഹം ലവലേശമില്ലാതെ സ്വാതന്ത്ര്യസമരത്തിലേർപ്പെടുകയും സ്വാതന്ത്ര്യസമ്പാദനത്തിനുശേഷം രാഷ്ട്രീയ മുതലെടുപ്പിനു ശ്രമിക്കാതിരിക്കുകയും ചെയ്ത വർക്കിയുടെ ത്യാഗോജ്വലമായ സേവനങ്ങൾ ഇന്നത്തെ തലമുറ കണ്ടുപഠിക്കുക തന്നെ ചെയ്യണം.

എം.എം.വർക്കി ഒരിക്കലും താൻ നേരിട്ട അവഗണനകളെപ്പറ്റി ദുഃഖിക്കുകയോ പരിഭവിക്കുകയോ ചെയ്തിട്ടില്ല. തിരുവല്ല ക്ലർജി ഹോമിൽ താമസിച്ചിരുന്ന വർക്കിയെ മരണത്തിന് ഒരുമാസം മുൻപെ തന്റെ ഇളയസഹോദരൻ തന്റെ തൃപ്പൂണിത്തുറയിലുള്ള വസതിയിൽ കൊണ്ടുവന്ന് പരിചരിച്ചു. അവിടെവെച്ച് 1986 നവംബർ 30 ന് വർക്കി ദിവംഗതനായി. തിരുവല്ല ബിഷപ്പ് ഐസക് മാർ യുഹാന്നോൻ തിരുമേനിയുടെ കാർമ്മികത്വത്തിൽ തൃപ്പൂണിത്തുറ കത്തോലിക്കാ പള്ളിയിൽ മൃതദേഹം സംസ്ക്കരിച്ചു.



malankaralibrary.com

## എം.എം. വർക്കി സ്മാരകം

എം.സി.എ. സർക്കുലർ നം. 2

'കേരള കത്തോലിക്കാസമുദായത്തിലെ ഒരു അനശ്വര ജ്യോതിസ്സായ എം.എം. വർക്കി ചെയ്തിട്ടുള്ളടത്തോളം പ്രയോജനകരമായ സമുദായ സേവനം മറ്റേതെങ്കിലും വ്യക്തിയോ സ്ഥാപനമോ ചെയ്തിട്ടുണ്ട് എന്നു തോന്നുന്നില്ല. കത്തോലിക്കാസമുദായത്തിന് അചിരേണ ലഭിച്ച രാഷ്ട്രീയ അംഗീകാരത്തിനും ഉന്നതനിലയും കത്തോലിക്കാസമുദായം വർക്കിക്ക് കുറച്ചൊന്നുമല്ല കടപ്പെട്ടിരിക്കുന്നത്. സ്വന്തമായ നേട്ടങ്ങൾ ഉണ്ടാക്കുവാൻ കൂട്ടാക്കാതിരുന്ന വർക്കിയെ കേരള കത്തോലിക്കാസമുദായം വിസ്മരിച്ചു കളഞ്ഞുവെന്നത് സമുദായ ചരിത്രത്തിലെ ഇരുളടഞ്ഞ ഒരു ഏടായി അവശേഷിക്കുന്നു.' ഇത് ഒരു ചരിത്ര പഠനരേഖയിൽ നിന്നുള്ള ഉദ്ധാരണിയാണ്.

നിവർത്തനപ്രക്ഷോഭത്തിന്റേയും സംയുക്തരാഷ്ട്രീയ സഭയുടേയും സ്റ്റേറ്റ് കോൺഗ്രസ് സമരങ്ങളുടേയും കൂടെനിന്ന് പ്രവർത്തിച്ച ജയിലിൽ കയറാതെ തിരുവിതാംകൂറിന്റേയും കൊച്ചിയുടേയും  തുറന്ന ജയിലിൽ ജീവിച്ച ഒരു അസാധാരണ മനുഷ്യനാണ് എം.എം. വർക്കി. പൂമാലകൾക്കും പൂച്ചെണ്ടുകൾക്കും വേണ്ടി വർക്കി കഴുത്തും കൈയ്യും നീട്ടിയിട്ടില്ല. തനിക്കായിട്ട് ഒരു പാഴ്തരിമണൽ പോലും ആഗ്രഹിച്ചിട്ടുമില്ല. രാജ്യത്തിന്റെ ജനതയുടെ പൊതുവായ പുരോഗതി ഒന്നു മാത്രമാണ് അദ്ദേഹം ആഗ്രഹിച്ചത്. ഏതാണ്ട് അര നൂറ്റാണ്ടുകാലം അവിശ്രമം പ്രവർത്തിച്ചത്. (പുതുപ്പള്ളി രാഘവൻ, സ്വാതന്ത്ര്യസമര സേനാനി)

'കഴിഞ്ഞ തലമുറയിൽ ജീവിച്ച് പൊതുസമൂഹത്തിനുവേണ്ടി ജീവിതം അർപ്പിച്ച എം.എം. വർക്കിയെ ഇന്നത്തെ തലമുറയ്ക്കുമുമ്പിൽ അവതരിപ്പിക്കുന്നതിൽ കുറ്റകരമായ അനാസ്ഥ നാം കാണിച്ചിരിക്കുന്നു. തിരുവിതാംകൂറിന്റെ ചരിത്രഗതിയെ തിരിച്ചുവിട്ട വർക്കിയുടെ ജീവിതം ഒരു വിസ്മയം തന്നെയാണ്. അദ്ദേഹത്തെ അനുസ്മരിക്കുവാനോ ഒരു സ്മാരകമേർപ്പെടുത്തുവാനോ ആരും തയ്യാറായില്ല എന്നത് ഖേദകരം തന്നെ'. (അത്യഭിവന്ദ്യ ബസ്സേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവാ - 'എം.എം. വർക്കി- രാഷ്ട്രീയ സഭയിലെ സൂര്യതേജസ്' എന്ന ഗ്രന്ഥത്തിനു നൽകിയ അവതാരികയിൽ നിന്നും)

ഒരു പത്രപ്രവർത്തകനായി ജീവിതം ആരംഭിക്കുകയും മലങ്കര പുനരൈക്യപ്രസ്ഥാനത്തിന് എട്ടുവർഷം മുമ്പ് കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെടുകയും ചെയ്ത വർക്കി തിരുവനന്തപുരം കേന്ദ്രമാക്കി പ്രവർത്തനമാരംഭിച്ചതോടെയാണ് ചരിത്രത്തിന്റെ ഭാഗമാകുന്നത്. മാർ ഈവാനിയോസ് പിതാവുമായി അടുത്തബന്ധം പുലർത്തിയിരുന്ന വർക്കി മലങ്കര കത്തോലിക്കാസഭയുടെ വളർച്ചയിലും സ്വാധീനത്തിനും നിർണ്ണായകമായ പങ്കുവഹിച്ചിരുന്നു.കത്തോലിക്കരുടെ അവകാശങ്ങൾക്കുവേണ്ടി ധീരമായി പടപൊരുതിയ ഇദ്ദേഹം പിന്നീട് ഭാരതത്തിന്റെ സ്വാതന്ത്ര്യസമര പരമ്പരയിലെ മുഖ്യസംഘാടകനായി. തിരുവിതാംകൂറിലും കൊച്ചിയും സ്റ്റേറ്റ് കോൺഗ്രസ് രൂപീകരിക്കുന്നതിനും സ്വാതന്ത്ര്യസമരങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിനും വർക്കിയ്ക്ക് സാധിച്ചു. അന്നത്തെ ദിവാനായിരുന്ന സി.പി. രാമസ്വാമി അയ്യരുടെ മുഖ്യപ്രതിയോഗിയായി ഇദ്ദേഹം കണക്കാക്കപ്പെട്ടു. രാഷ്ട്രപിതാവ് മഹാത്മാഗാന്ധി നേരിട്ട് വിളിച്ച് അഭിനന്ദിച്ച അപൂർവ്വം സ്വാതന്ത്ര്യസമരസേനാനികളിൽ ഒരാളായ വർക്കി സ്വാതന്ത്ര്യാനന്തര ഭരണസംവിധാനങ്ങളിൽ അധികാരത്തിന്റെ പുറകേ പോകാതെ ജനസേവനങ്ങളിൽ മുഴുകി ജീവിച്ചു. ദാസൻ വർക്കി എന്ന അപരനാമത്തിൽ അദ്ദേഹം അറിയപ്പെട്ടു. അവിവാഹിതനായ വർക്കിയെ 'സ്വയം ജീവിക്കുവാൻ മറന്നുപോയ വ്യക്തി' എന്നാണ് ചരിത്രകാരന്മാർ വിശേഷിപ്പിച്ചിരിക്കുന്നത്. വർക്കിയുടെ അന്ത്യകാലങ്ങൾ ക്ലേശപൂർണ്ണമായിരുന്നു. തിരുവല്ല പുഷ്പഗിരിക്ക് സമീപമുള്ള ക്ലേർജിഹോമിൽ ഏകാന്തജീവിതം നയിച്ച വർക്കി 1986 നവം. 30 ന് തൃപ്പൂണിത്തുറയിലെ സഹോദര ഭവനത്തിൽവച്ച് അന്തരിച്ചു. തൃപ്പൂണിത്തുറ പള്ളിസെമിത്തേരിയിൽ അദ്ദേഹം സംസ്ക്കരിക്കപ്പെട്ടു.

വർക്കി എന്ന മഹാ സാന്നിദ്ധ്യത്തെ ആധുനിക ചരിത്രകാരന്മാർ തമസ്കരിക്കുകയും രാഷ്ട്രീയ നേതൃത്വം തിരസ്ക്കരിക്കുകയും കത്തോലിക്കാസഭ വിസ്മരിക്കുകയും ചെയ്തതോടെ വർക്കിയെന്ന മഹാമനുഷ്യൻ നന്ദികേടിന്റെ പര്യായമായി വിസ്മൃതിയുടെ യവനികക്കുള്ളിൽ മറഞ്ഞു. 'എം.എം. വർക്കി- രാഷ്ട്രീയ നഭസ്സിലെ സൂര്യതേജസ്സ്' എന്ന പേരിൽ ശ്രീ. ജോൺ കച്ചിറമറ്റം രചിച്ച വർക്കിയുടെ ജീവചരിത്രഗ്രന്ഥത്തിലൂടെ വർക്കിയുടെ ജീവിതം വീണ്ടും സഭയുടെ ശ്രദ്ധയിലേക്കും നൊമ്പരങ്ങളിലേക്കും കടന്നു വന്നു. യഥാർത്ഥത്തിൽ മലങ്കര കത്തോലിക്കാസഭാംഗങ്ങളിൽ ഏറ്റം ശ്രദ്ധേയനായ ആദ്യവ്യക്തി എം. എം. വർക്കിയാണ്. വർക്കി നമ്മുടെ രാജ്യത്തിനും സമൂഹത്തിനും സഭയ്ക്കും നൽകിയ സേവനങ്ങൾ അഭിമാനപൂർവ്വം നമ്മുടെ പാരമ്പര്യത്തിന്റേയും പൈതൃകത്തിന്റേയും ഭാഗമാക്കണം. വർക്കിയുടെ സംഭാവനകൾക്ക് അർഹമായ ഒരു സ്മാരകം നാം പണിയണമെങ്കിൽ മറ്റൊരു താജ്മഹൽ തന്നെ നിർമ്മിക്കേണ്ടിവരും. അതിനൊന്നും ശ്രമിച്ചില്ലെങ്കിലും 'സ്വാതന്ത്ര്യ സമരസേനാനിയും സാമുദായിക പരിഷ്ക്കർത്താവുമായിരുന്ന ശ്രീ. എം.എം. വർക്കി (ദാസൻവർക്കി) ഇവിടെ അന്ത്യവിശ്രമം കൊള്ളുന്നു' എന്ന് എഴുതിയ ഒരു ഫലകത്തോടുകൂടിയ ഒരു സ്മാരകം നമ്മുടെ അവഗണനയ്ക്കുള്ള പ്രായശ്ചിത്തമായി നമുക്കവിടെ പണിതുയർത്തണം. ഇത് മലങ്കര കത്തോലിക്കാസഭയിലെ മുഴുവൻ അത്മായരുടേയും സ്നേഹാദരവിന്റെ പ്രതീകമായി വർക്കിയുടെ ഓർമ്മദിനമായ നവംബർ 30 ന്  മുമ്പായി ഈ സ്മാരകം പൂർത്തിയാക്കുവാനാണ് ആഗ്രഹിക്കുന്നത്. ഇതിന് എല്ലാവരുടേയും നിസീമമായ സഹകരണം അഭ്യർത്ഥിക്കുന്നു.

**എം.എം. വർക്കി സ്മാരക നിർമ്മാണ ഫണ്ടിലേക്ക് സംഭാവന നൽകേണ്ട അക്കൗണ്ട്**

**MALANKARA CATHOLIC ASSOCIATION**
A/C No: 029803703419190001, IFSC : CSBK0000298
The Catholic Syrian Bank Ltd, Pattom, Thiruvananthapuram



malankaralibrary.com

# അസ്തിവാരത്തിലെ ആധാരശിലകൾ



പീറ്റർ സി. ഏബ്രഹാം

കഴുകന് മഹാകാശം ഒരാവേശമാണ്. അതു താണ്ടാൻ വേണ്ട കരുത്ത് കാലാകാലങ്ങളിൽ അത് ആർജ്ജിച്ചുകൊണ്ടിരിക്കും. പുതിയ തൂവൽക്കരുത്ത് അതു നേടുന്നത് ധ്യാനത്തിന്റെ ഗുഹാന്തരങ്ങളിൽ നിന്നുമാണ്. മലങ്കര കത്തോലിക്കാ സഭയെ സംബന്ധിച്ചും ഓരോ പുനരൈക്യവാർഷികവും പുതുചക്രവാളങ്ങൾ താണ്ടാൻവേണ്ട ബലം നേടുന്ന ധ്യാനവേളയാണ്. പുനരൈക്യസഭയുടെ ബാലാരിഷ്ടതകളെ അതിജീവിക്കാൻ ആത്മസമർപ്പണം ചെയ്ത രണ്ട് പൂജിത താതന്മാരുടെ സ്മൃതികുടീരങ്ങളാണ് നമുക്കീബലം സമ്മാനിക്കുന്നത്. അതേ, മലങ്കര കത്തോലിക്കാസഭയുടെ മോശയും പിൻഗാമിയായ ജോഷ്വായും പോലെ ആ ആദിപിതാക്കന്മാർ ശോഭിക്കുന്നു. ഒരാൾ, പാലും തേനും ഒഴുകുന്ന കാനാൻ ദേശത്തിന്റെ തുറക്കപ്പെട്ട വാതായനമായി നിന്നു. അപരൻ പുനരൈക്യപ്രയാണത്തെ വറുതിയിൽനിന്ന് നിറവിന്റെ ഭൂമികയിലേക്ക്  ആനയിച്ചു. ആ അഭിനവ മോശ മാർ ഈവാനിയോസ് തിരുമേനിയും അഭിനവ ജോഷ്വാ, ബനഡിക്റ്റ് മാർ ഗ്രീഗോറിയോസ് തിരുമേനിയും തന്നെ.

ഗുരു, മാർഈവാനിയോസ് പിതാവ് വിശുദ്ധിയുടെ പരിമളമായിരുന്നു. പാദങ്ങൾ പാഴ്മണ്ണിൽ ചവുട്ടിനിന്നപ്പോഴും ആത്മനേത്രങ്ങൾ അത്യുന്നതങ്ങളിലായിരുന്നു. പാശ്ചാത്യകുബേര പ്രഭുക്കന്മാർക്കൊപ്പം പത്രാസ്സിൽ കഴിയാമായിരുന്ന ആ മനീഷി വെറുമയുടെ കാഷായമുടുത്ത് മണ്ണോളം താണു ജീവിച്ചു. വിണ്ണിന്റെ വാസനകളെ ഇത്തിരിമണ്ണിൽ കുടിയിരുത്താനായി അവിടുന്ന് ആശ്രമങ്ങൾ സ്ഥാപിച്ചു. മുന്നമേ ദേവേഷ്ടം തേടുന്നവർക്കായി ബാക്കിയെല്ലാം ഒരുക്കപ്പെട്ടിരിക്കുന്നു എന്ന ദേവോക്തികൾ ആ ജീവിതത്തിൽ അടിമുടി പൂത്തുനിന്നിരുന്നു. അതിന്റെ സൗരഭ്യം തുടിച്ച പുനരൈക്യസഭയുടെ അഴകുകൾ ഇതര സമൂഹങ്ങളെ ആശ്ചര്യം കൊള്ളിച്ചുമിരുന്നു. ഇക്കാരണത്താലാണ് ഈവാനിയൻ തിരുശേഷിപ്പുകളെ സ്പന്ദിക്കുന്ന അസ്ഥിമാടങ്ങൾ എന്നു വിശേഷിപ്പിച്ച് മുൻപൊരിക്കൽ ഞാനെഴുതിയത്. കാലാതിവർത്തിയായ ആ ജീവൽ സ്പന്ദനമാണ് സഭയുടെ മുന്നാക്കപ്രയാണത്തിന്റെ ഇന്ധനം എന്ന പരമാർത്ഥം കാലമേറുന്തോറും കൂടുതൽ വ്യക്തമാക്കപ്പെടുകയാണ്.

പുനരൈക്യ സഭയുടെ ആദ്യകാലഘട്ടം രണ്ടു കാര്യങ്ങളാൽ ഏറെ ഞെരുക്കപ്പെട്ടിരുന്നു. സാമ്പത്തിക ക്ലേശത്താലും, പൂർവ്വ സഭാപക്ഷത്തുനിന്നുള്ള പ്രതിരോധ



malankaralibrary.com

സന്നാഹങ്ങളാലും അഭിനവ മോശയായി മാർ ഈവാനിയോസ് എന്ന അനന്യബലവാൻ സാരഥ്യം നൽകിയിരുന്നില്ലെങ്കിൽ ഈ അജഗണങ്ങൾ ചിതറിപ്പോകുമായിരുന്നു. ഒരുമയുടെ ആ പ്രവാചകൻ വിശ്വോന്നതിയോളം വളർന്ന തന്റെ സ്വാധീനശക്തിയാലും പ്രാർത്ഥനാ നിറവാലും വൈരസന്നാഹങ്ങളെ ഭേദിച്ചുമുന്നേറി. പട്ടിണിയുടെ മരുഭൂയാത്രകളിൽപ്പോലും എത്ര ദീർഘവീക്ഷണത്തോടെയാണ് അദ്ദേഹം പണം കടമെടുത്തുപോലും തന്റെ മക്കളുടെ ഭാവിക്കുവേണ്ടി വിദ്യാലയ സ്ഥാപനമെന്ന ഭാരിച്ച ദൗത്യം പേറി മുന്നേറിയത്.

മലങ്കരയുടെ ആ മഹാസൂര്യൻ അസ്തമനത്തിനു മുമ്പേ തന്റെ അനുഗാമിയായി ഒരു ഭാസുര താരത്തെ കണ്ടെത്തിയിരുന്നു. സത്യവിശ്വാസത്തെപ്രതി സ്വകുടുംബാംഗങ്ങളെപ്പോലും ഉപേക്ഷിച്ച് സന്ന്യാസദാഹത്താൽ പരവശനായി മാർ ഈവാനിയോസ് എന്ന ഗുരുശ്രേഷ്ഠന്റെ ആശ്രമത്തിൽ അഭയം തേടിയ തങ്ങളത്തിൽ റ്റി.ഇ. വറുഗീസ് പിൽക്കാലത്ത് വിശ്വാസ പ്രചുരിമയുടെ ചക്രവാളങ്ങളെ പ്രോജ്വലിപ്പിച്ച ബനഡിക്ട് മാർ ഗ്രിഗോറിയോസ് ആയി ചരിത്രത്തിൽ ഇടംനേടി. ഗുരു, ശത്രു നേത്രങ്ങളെ ഭസ്മീകരിക്കുന്ന ദീപ്തസ്രോതസ്സായിരുന്നെങ്കിൽ ഈ അരുമശിഷ്യൻ, സൗമ്യശാന്തഭാവങ്ങളുടെ നിലാവെട്ടം തുടിച്ച സാത്വികാചാര്യനായിരുന്നു. ആ സാത്വികത സർവ്വസ്വീകാര്യതയുടെ സാദ്ധ്യതകളായി മാറി. രണ്ടു ദശകങ്ങൾക്കപ്പുറത്തേക്കുനീണ്ട ഈവാനിയൻ വാഴ്ചയുടെ അനുസ്യൂതിയായി ബഹുദീർഘമായ നാലു പതിറ്റാണ്ടുകൾ താണ്ടാൻ ഈ യോഗിക്കു യോഗമുണ്ടായി. കത്തോലിക്കർക്കെന്നല്ല, സകല ക്രൈസ്തവർക്കും ഇതര ജാതിമതസ്ഥർക്കും ഇത്ര സാർവ്വജനീനനായ മറ്റൊരാചാര്യൻ കേരളീയ ചരിത്രത്തിൽ വേറെയില്ല. ഭിക്ഷാംദേഹിമുതൽ പ്രഭുകുടുംബാംഗങ്ങൾവരെയുള്ളവരുമായുള്ള ആ ശുദ്ധ ചങ്ങാത്തം, പൊതുസമൂഹമദ്ധ്യേ മലങ്കര കത്തോലിക്കാസഭയ്ക്ക് പ്രത്യേകമായൊരു അംഗീകാരകാരണമായിത്തീർന്നു. ദൈവാരാധനയ്ക്ക് തീക്ഷ്ണമായ ആഭിമുഖ്യം കാട്ടിയ തിരുമേനി, മാനവ ഭൗതിക വിമോചനാർത്ഥം നൂറുകണക്കിന് പദ്ധതികളാണ് സമാരംഭിപ്പിച്ച് വിജയിപ്പിച്ചത്. പട്ടിണി എന്ന ദുരിതത്തിനൊരു അറുതിയായിരുന്നു ലക്ഷ്യം.ഒപ്പം പ്രപഞ്ച സംരക്ഷണത്തിന്റെ വക്താവായി മാറുകയുംചെയ്തു തിരുമേനി.

രണ്ടു പിതാക്കന്മാരുടെയും തിരുമുമ്പിൽ സ്വകീയ ലാഭങ്ങളുടെയോ ഔദ്യോഗികാനന്ദങ്ങളുടെയോ രാജവീഥികൾ തുറക്കപ്പെട്ടു കിടന്നിരുന്നു. ഇരുവരും കോളജ് പ്രൊഫസറന്മാർ. പക്ഷേ മണ്ണിന്റെ പരുക്കൻ യാഥാർത്ഥ്യങ്ങൾതേടി വിണ്ണിന്റെ അധിപൻ കരുണയായി താഴ്ന്നിറങ്ങിയതുപോലെ അവരും നന്മചെയ്ത് ചുറ്റിസഞ്ചരിച്ചു. സ്വവർഗ്ഗക്കാരുടെ നീതി ലഭ്യതയ്ക്കുവേണ്ടി കൊട്ടാരവാസംപോലും വെടിഞ്ഞ് പലായനം ചെയ്ത മോശയെപ്പോലെ മാർ ഈവാനിയോസ് പിതാവും വിജനതകളിലൂടെ ഒറ്റയ്ക്കലഞ്ഞു. കണ്ണീർക്കണങ്ങളുടെ ഉപ്പു നുണഞ്ഞിറക്കിക്കൊണ്ടുള്ള ആ മരുഭൂയാത്രകൾ അശരണജനതയുടെ വിമോചനത്തിനുവേണ്ടിയായിരുന്നു. കീറിപ്പോയ പരുത്തിക്കുപ്പായം സ്വയം തുന്നിക്കൂട്ടി ഉപയോഗിച്ചിരുന്ന മാർ ഗ്രീഗോറിയോസ് പിതാവിന്റെ എളിമയും ആരെയാണ് ആകർഷിക്കാത്തത്.

ദൈവരാജ്യത്തിന്റെ കൂട്ടുകൃഷിക്കാരെപ്പോലെ രണ്ടു കാലഘട്ടങ്ങളിൽ വിയർപ്പൊഴുക്കി അദ്ധ്വാനിച്ചവർ. കൂട്ടത്തിൽ ഒരാൾപോലും വഴിതെറ്റിപ്പോകരുതെന്ന നിഷ്ഠയോടെ ജാഗരിച്ചവർ. ഏറ്റവും കഷ്ടപ്പാടുകൾ സഹിക്കേണ്ടിവരുന്നത് ആദ്യത്തെ കർഷകനുതന്നെ. നിലമൊരുക്കണം, തടമെടുക്കണം, വിത്തുവിതയ്ക്കണം. വരുംതലമുറകൾക്കുവേണ്ട പ്രാണസന്ധാരണത്തിന്റെ ഓരിലകളും, ഈരിലകളുമായി കൃഷിത്തോട്ടം തഴപ്പിച്ചത് പിൻഗാമി. ഗുരുവരൻ ഒരുക്കിയെടുത്ത ആത്മീയ കൃഷിത്തോപ്പിനെശിഷ്യൻ നന്നായി പരിപാലിച്ചു. മുണ്ടുമുറുക്കിയുടുത്ത് പണിയെടുത്ത ഇരുവർക്കും സമൃദ്ധമായ ആദായം എടുത്തനുഭവിക്കാൻ കഴിഞ്ഞില്ല. പക്ഷേ ഇന്നതല്ല സ്ഥിതി. കാഴ്ചക്കാരുടെ കണ്ണഞ്ചിപ്പിക്കുന്ന നൂറുമേനി വിളവിന്റെ മാതൃകാകൃഷിഭൂമിയായി ഇതുമാറിയിരിക്കുന്നു. നമ്മുടെ വിദ്യാഭ്യാസ മണ്ഡലവും ആതുരപരിപാലനരംഗങ്ങളും സേവനത്തിന്റെ സന്ന്യാസാശ്രമ മഠങ്ങളും അതിവേഗം പൊട്ടിമുളച്ചു പടരുന്ന അതിന്റെ ചില്ലകൾ പ്രസരിപ്പിക്കാനായി ഭൂഖണ്ഡങ്ങൾക്കതീതമായി വിശ്വചക്രവാളങ്ങൾ തേടുന്ന ദ്രുതവളർച്ചയുടെ കാലമാണിത്. ഇത്തരം ഓരോ വിളവെടുപ്പുത്സവത്തിന്റെ ഘോഷവായ്ത്താരികളാണ് ഓരോ പുനരൈക്യ വാർഷികത്തിലൂടെയും മുഴങ്ങിക്കേൾക്കുന്നത്.

രണ്ടാം വത്തിക്കാൻ കൗൺസിൽ എന്ന ദിവ്യവിപ്ലവത്തിന്റെ പൊരുളുകൾ അലയടിച്ചു തുടങ്ങിയതിനു എത്രയോ വത്സരങ്ങൾക്കുമുമ്പേ അതേ ആശയങ്ങൾ കർമ്മപഥത്തിലാക്കിയ ദീർഘദർശിയായിരുന്നു മാർ ഈവാനിയോസ്. നാലുകൊല്ലം നീണ്ട വത്തിക്കാൻ കൗൺസിലിൽ ആദ്യന്തം സംബന്ധിച്ച വളരെ ചുരുക്കം മേല്പട്ടക്കാരിൽ ഒരുവനായിരുന്നു മാർ ഗ്രിഗോറിയോസ്. അവിടെ സ്ഥിരീകരിക്കപ്പെട്ട ആശയങ്ങൾ ഏറ്റം ചടുലതയോടെ സ്വന്തം സഭാ തട്ടകത്തിൽ ആവിഷ്ക്കരിക്കാൻ ഉത്സാഹിച്ചു എന്നതാണ് ഗ്രീഗോറിയോസ് പിതാവിന്റെ നേട്ടം.

അല്മായർക്ക് സഭാ മാതാവ് കല്പിച്ചുവച്ച ആനുകൂല്യങ്ങൾ വേദഗ്രന്ഥ പശ്ചാത്തലത്തിൽ ചാർത്തിത്തന്ന് അവരെ സഭയുടെ ഉന്മിഷത്തായ ഭാവമാക്കിമാറ്റാൻ ഈ മൂലശില്പികൾ ഇരുവരും യത്നിച്ചു എന്നത് നമ്മുടെ സഭാശക്തിയായി മാറി. മാർതോമ്മാ നസ്രാണികളുടെ കാലംമുതൽ അനുവർത്തിച്ചുവന്ന വിശ്വാസ തീക്ഷ്ണതയും പോർട്ടുഗീസ് അധിനിവേശത്തിനു ശേഷം ചെറുത്തുനിൽപ്പിനായുള്ള സാരഥ്യവും ഒത്തിണങ്ങിയ ചലനാത്മകമായ അല്മായ നേതൃത്വത്തെയാണ് ഇരുവരും വിഭാവനം ചെയ്തത്. അധികാര വികേന്ദ്രീകരണത്തിന്റെ പ്രകട മാതൃകയായിരുന്നു അത്. ഏറ്റം ഗൗരവതരമായ സുവിശേഷീകരണധർമ്മത്തിൽപ്പോലും അല്മായരെ ഭാഗഭാക്കുകളാക്കാൻ പിതാക്കന്മാർ ശ്രമിച്ചിരുന്നു. ഇതിന്റെയെല്ലാം പ്രതിനന്ദി എന്ന നിലയിൽഅല്മായർ ഏറെ തീക്ഷ്ണതയോടെ ഇവാനിയൻ പദയാത്രയും ഗ്രീഗോറിയൻ അനുസ്മൃതികളും അനുഷ്ഠിച്ച് പിതാക്കന്മാരോടുള്ള ആത്മൈക്യം പ്രകടമാക്കുന്നു. പുനരൈക്യ വാർഷികാഘോഷഭാഗമായി നടത്തപ്പെടുന്ന അല്മായ ശക്തീകരണ ദിനവും ഈ ഗുരുപൂജയുടെ നാൾവഴികൾതന്നെ.



malankaralibrary.com

# നികുതിയുടെ ദൈവശാസ്ത്രം



ജോജോ കെ. എബ്രഹാം

ഭാരതചരിത്രത്തിലാദ്യമായി നികുതിയും അനുബന്ധ ഘടകങ്ങളും ഏറെ ചർച്ചചെയ്യപ്പെടുന്ന ഒരു കാലഘട്ടത്തിന്റെ നേർസാക്ഷികളാണ് സമകാലീനതലമുറ. കഴിഞ്ഞ ഏതാനും മാസങ്ങൾക്കുള്ളിൽ ഇത്രയേറെ ചർച്ചചെയ്യപ്പെട്ട മറ്റൊരുവിഷയവും രാജ്യത്തില്ല. നമ്മുടെ സമ്പദ്‌വ്യവസ്ഥയിലെ ഘടനാപരമായ മാറ്റങ്ങളെ ലോകസമൂഹം തന്നെ ആകാംക്ഷയോടെയാണ് വീക്ഷിക്കുന്നത്. നിയന്ത്രണങ്ങളുടെയും നിരോധനങ്ങളുടെയും സമകാലീനം മാന്ദ്യത്തിന്റെ പടുകുഴിയിലേയ്ക്ക് നമ്മെ ഒന്നാകെ തള്ളിവിടുമ്പോഴും ഇരുൾവീണ വർത്തമാനകാലത്തിനുശേഷം ഒരു ശോഭനമായ ഭാവിയുണ്ടാകുമെന്ന വാഗ്ദാനം നൂറ്റിമുപ്പതുകോടി ജനങ്ങളെ കർമ്മനിരതരാക്കുന്നു. സകല ജനങ്ങൾക്കുമായുള്ള നന്മയുടെ ആ ദിനങ്ങൾ നമ്മുടെ കണ്ണുകൾക്ക് ദൃശ്യമാകുമോയെന്ന ശങ്കകൾക്കിടയിലും ഏറെ ചർച്ചചെയ്യപ്പെടുന്നത് നികുതി എന്ന പദം തന്നെ.

' Nothing in this world is certain except death and taxes' നികുതിയും മരണവുമല്ലാതെ ഈലോകത്ത് മറ്റൊന്നും സുനിശ്ചിതമായില്ല - എന്ന ബഞ്ചമിൻ ഫ്രാങ്ക്ളിന്റെ വിഖ്യാതവാചകം നികുതിയുടെ അനിവാര്യതയിലേയ്ക്കും തലമുറകളായി ഈ മേഖലയിൽ നിലനിൽക്കുന്ന വെറുപ്പിലേയ്ക്കും വിരൽ ചൂണ്ടുന്നു. നൂറ്റാണ്ടുകളായി എല്ലാ സാംസ്ക്കാരിക ചാലുകളുടെയും അവിഭാജ്യഘടകമായി നിലനിന്ന നികുതിയ്ക്കും നികുതി ശേഖരണത്തിനും എല്ലാ മതസംഹിതകളും നിയതമായ നിയമത്തിന്റെ പിൻബലം കൽപ്പിച്ചുനൽകി; ഒപ്പം വിശുദ്ധിയുടെ പരിവേഷവും. എന്നാൽ ഈ പിൻബലത്തിൽ നിന്നുകൊണ്ട് നികുതി ശേഖരണം ജനതകളുടെ മേലുള്ള ഒരു പീഢനമാർഗ്ഗമായി അധഃപതിക്കുകയും അതുമൂലം പിൽക്കാലചരിത്രം നികുതി ശേഖരണം എന്ന തൊഴിലിനെനിന്ദ്യമായി വിലയിരുത്തുകയും ചെയ്തു. കരംപരിവ് എന്ന വിശുദ്ധമായ രാഷ്ട്രക്രമത്തെ ഒരു പീഢനമാർഗ്ഗമാക്കി അധികാരികൾ മാറ്റിയതുമൂലമാണ് ക്രിസ്തുവിന്റെ കാലത്ത് പാപികൾ എന്ന പദത്തിനൊപ്പവും അതിന് പര്യായം എന്നവണ്ണവും ചുങ്കക്കാർ എന്ന പദവും കടന്നുവന്നത്. എല്ലാ വിപ്ലവങ്ങളുടെയും മൂലകാരണങ്ങളിലൊന്ന് നികുതി സംവിധാനത്തിലെ അരാചകത്വം ആയിരുന്നവെന്നതും ഒരു ചരിത്രയാഥാർത്ഥ്യം. ബഞ്ചമിൻ ഫ്രാങ്ക്ളിന്റെ വാചകവും ഈ മേഖലയിൽ തലമുറകളായി നിലനിൽക്കുന്ന അമർഷത്തിന്റെ മറ്റൊരുദാഹരണം.

എല്ലാകാലത്തും ക്രയവിക്രയപരിണാമങ്ങളെ നിയന്ത്രിച്ചിരുന്നത് മനുഷ്യന്റെ ആവശ്യങ്ങളായിരുന്നു. നെല്ലിനു പകരം ചീനിയും മാംസവും കൈമാറ്റം ചെയ്തിരുന്ന ഒരു പ്രാക്തനകാലഘട്ടത്തിൽ നിന്നും e-payment -ൽ നാം എത്തിനിൽക്കുന്നു. വ്യക്തിയുടെയും അവന്റെ സമ്പത്തിന്റെയും സുരക്ഷിതത്വവും സംരക്ഷണവും, നാടുവാഴികളുടെയും രാജാക്കന്മാരുടെയും ഉത്തരവാദിത്വമായി പരിണമിച്ചപ്പോൾ സംരക്ഷണ ചെലവ് താങ്ങുന്നതിനായി ചുങ്കം/നികുതി എന്ന



malankaralibrary.com

സംവിധാനം രൂപംകൊണ്ടു.

**നികുതി - ഭരതീയചിന്ത**

കരം പിരിവിനെഏറ്റം പവിത്രമായി കരുതിവന്ന ഒരു സംസ്ക്കാരമാണ് ഭാരതത്തിന്റേത്. പിൽക്കാലത്ത് ഏറെ വിമർശനങ്ങൾക്ക് വിധേയമായ ഒരു ഗ്രന്ഥമാണെങ്കിൽ കൂടി ബി.സി. 500 - ൽ രചിക്കപ്പെട്ടതെന്ന് കരുതപ്പെടുന്ന മനുസ്മൃതിയാണ് ഈ വിഷയത്തിലെ നമ്മുടെ ഏറ്റവും ആധികാരിക ഗ്രന്ഥം. മനുസ്മൃതി 8-ാം അദ്ധ്യായത്തിൽ കരംപിരിക്കുന്നതിനു പിന്നിലെ യുക്തിയും പാലിക്കപ്പെടേണ്ട പ്രായോഗികതയും മര്യാദയും കല്പിക്കപ്പെട്ടിരിക്കുന്നു.

1. യഥാഫലേനയുജ്യേത രാജാകർത്താ ച കർമ്മണാം,
   തഥാവേക്ഷ്യ നൃപോരാഷ്ട്രേ കൽപയേത് സതതം കരാൻ

രാജാവിന് മേൽഭരണത്തിന്റെ ഫലവും കച്ചവടക്കാർ, കൃഷിക്കാർ മുതലായവർക്ക് അവരവരുടെ പ്രവർത്തികളുടെ ഫലവും ന്യായമായി ലഭിക്കത്തക്കവിധത്തിൽ രാജാവ് തന്റെ രാജ്യത്ത് ചുങ്കവും കരവും പിരിക്കണം.

2. ക്രയവിക്രയമദ്ധ്വാനം ഭക്തം ച സപരിവ്യയം,
   യോഗക്ഷേമ ച സംപ്രേക്ഷ്യ വണിജോ ദാപയേത്കരാൻ

വാങ്ങിക്കുന്നതിന്റെയും വിൽക്കുന്നതിന്റെയും നിരക്ക്, സാധനങ്ങൾ കൊണ്ടുവന്ന ദൂരം, ഭക്ഷണത്തിനും മറ്റുമുള്ള ചെലവ്, വഴിയിൽ ചോരാദികളിൽ നിന്നുള്ള സംരക്ഷണ ചെലവ്, ലാഭം എന്നിവ കണക്കാക്കി വ്യാപാരാദികളിൽ നിന്നും കരം ഈടക്കണം.

3. യഥാൽപാൽപമദന്ത്യാദ്യം വാര്യോകോ വത്സഷട്പദാ,
   തഥാൽപാൽപോഗൃഹീതവ്യോ രാഷ്ട്രാദ്രാജ്ഞാബ്ദികഃ കരഃ

നീരട്ട രക്തവും, കിടാവു പാലും, വണ്ടു തേനും അല് പാല്പമായി കുടിച്ച് സംഭരി ക്കുന്നതുപോലെ രാജാവും രാഷ്ട്രത്തിൽ നിന്ന് അല്പാല്പമായി വാർഷിക നികുതി പിരിക്കണം.

ഇന്ന് നിലവിലുള്ള ആദായനികുതി നിയമവും ഏറ്റവും ഒടുവിലായി രൂപം കൊണ്ട ജി.എസ്.റ്റി നിയമം ഉൾപ്പെടെയുള്ളവയുടെ അടിസ്ഥാനവും നൂറ്റാണ്ടുകൾക്ക് മുമ്പ് എഴുതപ്പെട്ട ഈ തത്ത്വങ്ങളിൽ അധിഷ്ഠിതം.

**കരം - ഇസ്ലാം തത്വസംഹിതകളിൽ**

ഇസ്ലാം മതവി ശ്വാസപ്രകാരം കരം പിരിവ് രാഷ്ട്ര പുരോഗതിയ്ക്കായുള്ള ഒരു സംവിധാനമായി അംഗീകരിച്ചിരിക്കുന്നു. മുഹമ്മദ് നബിയുടെ കാലത്ത് ഭൂനികുതി ഉണ്ടായിരുന്നില്ല. എന്നാൽ ഭൂമിയിൽ നിന്നുള്ള ഉത്പന്നങ്ങൾക്ക് സകാത്ത് മാത്രമേ കൊടുക്കേണ്ടിയിരുന്നുള്ളൂ. നിങ്ങൾക്ക് അല്ലാഹു നൽകിയ അവന്റെ ധനത്തിൽ നിന്ന് നിങ്ങൾ അവർക്ക് കൊടുക്കുക. പിന്നീട് ഉമർഖത്താബിന്റെ കാലത്ത് അധീനതയിലുണ്ടായിരുന്ന ഭൂമിയുടെ കൈവശാവകാശം അദ്ദേഹം കർഷകർക്ക് തന്നെ നൽകിയപ്പോൾ ലഭിച്ച ഭൂമിയുടെ സ്വഭാവം അനുസരിച്ച് ഖറാജ് എന്ന നികുതി ഏർപ്പെടുത്തി. രാഷ്ട്രത്തിന്റെ വികസനപ്രവർത്തനങ്ങൾക്കായുള്ള ഭൂനികുതിയാണ് ഖറാജ്. ഖറാജും, സകാത്തും സ്വഭാവത്തിൽ വ്യത്യസ്ഥമായതുകൊണ്ട് രണ്ടും നിലനിർത്തണമെന്ന അഭിപ്രായം ഉയർന്നു. എങ്കിലും സകാത്ത് എന്ന വിശാല കാഴ്ചപ്പാടിലൂടെ ഓരോരുത്തരും അർഹിക്കുന്നത് അവരവർക്ക് നൽകുക എന്ന് ഇസ്ലാം മതം പഠിപ്പിക്കുന്നു.

**കരം - യഹൂദ, ക്രൈസ്തവ ചിന്താധാരകളിൽ**

പഴയനിയമകാലത്ത് കരം, കാണിക്ക എന്നിവ പര്യായപദങ്ങളായി ഉപയോഗിച്ചുപോന്നു. കർത്താവ് മോശയോട് അരുളിചെയ്തു. ജനസംഖ്യാകണക്കിൽ ഉൾപ്പെടുന്ന ഓരോവ്യക്തിയും വിശുദ്ധ മന്ദിരത്തിൽ നിലവിലുള്ള കണക്കനുസരിച്ച് അര ഷെക്കൽ വീതം കർത്താവിന് കാണിക്കയായി കൊടുക്കണം. ധനികൻ കൂടുതലോ ദരിദ്രൻ കുറവോ കൊടുക്കാൻ പാടില്ല. പാപപരിഹാരത്തുക സ്വീകരിച്ച് സമാഗമകൂടാരത്തിലെ ശുശ്രൂഷയ്ക്ക് ഉപയോഗിക്കണം. (പുറ: 30:11-16) നൽകുന്നതിലെ കൃത്യതയും തുല്യതയും വ്യക്തയും ഇവിടെ സുവ്യക്തം.

കർത്താവിന്റെ ദാസനായ മോശ സമാഗമകൂടാരത്തിനുവേണ്ടി സമൂഹത്തിനുമേൽ ചുമത്തിയിരുന്ന നികുതി യൂദയായിൽ നിന്നും ജറുസലേമിൽ നിന്നും പിരിച്ചെടുക്കാൻ നീ ലേവ്യരോട് ആവശ്യപ്പെടാതിരുന്നത് എന്തുകൊണ്ട്? (2 ദിനവൃ. 24:6) ദൈവത്തിന്റെ ദാസനായ മോശ മരുഭൂമിയിൽ വെച്ച് ഇസ്രയേലിന്റെ മേൽ ചുമത്തിയ നികുതി കർത്താവിന് നൽകണമെന്ന് യൂദായിലും ജറുസലേമിലും വിളംബരം ചെയ്തു(2 ദിനവൃ. 24:9). പുതിയനിയമത്തിൽ യേശു നൽകുന്ന ദേവാലയനികുതി (മത്താ: 17:24) യുടെ നിയമ പിൻബലം ഇവിടെ ദൃശ്യമാണ്. നികുതി ശേഖരണവും അതിന്റെ വിശുദ്ധ പരിവേഷവും പഴയനിയമത്തിൽ അനേകം തവണ പ്രതിപാദിച്ചിട്ടുള്ളതിൽ മേൽ വിവരിച്ചവ ചിലതുമാത്രം.

നികുതി നൽകുന്ന ആളും ശേഖരിക്കുന്ന ആളും പുലർത്തേണ്ട ഉന്നത മര്യാദകൾ പുതിയ നിയമത്തിൽ ഒട്ടേറെ തവണ പരാമർശ വിഷയമായി കാണുന്നു. വിശുദ്ധ മത്തായി ശ്ലീഹായുടെ സുവിശേഷത്തിലാണ് ഈ വിഷയം കൂടുതലായി പരാമർശിച്ചുകാണുന്നത്. ഒരു പക്ഷേ ശ്ലീഹായായി വിളക്കപ്പെടുന്നതിനുമുമ്പ് താൻ അനുഷ്ഠിച്ചുവന്ന തൊഴിൽ ഈ വിഷയത്തിൽ അദ്ദേഹത്തിന് കൂടുതൽ ശ്രദ്ധചെലുത്തുന്നതിന് കാരണമായിരിക്കാം (മത്താ. 9:9). ചുങ്കക്കാരുടെയും പാപികളുടെയും സ്നേഹിതനായ മനുഷ്യപുത്രനെ(മത്താ. 11:19,20) കാണുകയും അവന്റെ വിളികേട്ട് അവനെഅനുധാവനം ചെയ്യുകയും ചെയ്ത ചുങ്കം പിരിക്കുന്ന അനേകരിൽ ഒരുവനായിരുന്നു മത്തായി; സക്കേവൂസ് മറ്റൊരാളും.

**ദേവാലയനികുതി (ദ്വിദ്രഹ്മ നികുതി) നൽകുന്ന യേശു (മത്താ. 17:24-27)**

ഫരീസേയർ പത്രോസിനേയും അതുവഴി യേശുവിനേയും കുടുക്കുവാനായിരിക്കണം നിങ്ങളുടെ ഗുരു ദേവാലയ നികുതി കൊടുക്കുന്നില്ലേ എന്ന ചോദ്യവുമായി പത്രോസിനെസമീപിച്ചത്. ഇവിടെ പത്രോസിന്റെ മറുപടി ഉവ്വ് എന്ന് മാത്രമാണ്. കൊടുക്കുന്നുവെന്നോ, ഇല്ലെന്നോ ഈ മറുപടിയിലൂടെ വ്യക്തമല്ല. സ്വാഭാവികമായും യേശുവിന്റെ നികുതി ബാദ്ധ്യത (Tax Liability) സംബന്ധിച്ച് പത്രോസിന് ഉണ്ടായിരുന്ന അവ്യക്തത മൂലമായിരിക്കാം ഈ മറുപടി അദ്ദേഹം നൽകിയത്. പിന്നീട് വീട്ടിലെത്തിയപ്പോൾ താൻ നേരിടേണ്ടിവന്ന ചോദ്യം പത്രോസ് യേശുവിനോട് പറഞ്ഞിട്ടുണ്ടാവും. തുടർന്ന് ആർക്കാണ് നികുതി ബാദ്ധ്യതയെന്നതു സംബന്ധിച്ച് യേശു വ്യക്തമാക്കുന്നു. രാജാവിനും



malankaralibrary.com

പ്രഭുക്കന്മാർക്കും മുകളിൽ അധികാരമുള്ള മനുഷ്യപുത്രനാണ് താനെങ്കിലും കണ്ടുനിൽക്കുന്നവർക്ക് നികുതിയിൽ നിന്നും ഒഴിവാകുന്നവൻ (Tax evading person) എന്ന ദുർമാതൃകയ്ക്ക് കാരണമാകാതിരിക്കുവാൻ ദേവാലയനികുതി നൽകുവാൻ അവിടുന്ന് ശിമയോനോട് ആജ്ഞാപിക്കുന്നു. ചൂണ്ടയിട്ടുലഭിക്കുന്ന മത്സ്യത്തിന്റെ വായിൽ കണ്ടെത്തുന്ന നാണയം (ചതുർദ്രഹ്മ - ഒരു ഷെക്കൽ) എടുത്ത് എനിക്കും നിനക്കും വേണ്ടി അവർക്ക് കൊടുക്കുക. തന്നോടൊപ്പമുള്ള മറ്റുള്ളവരുടെ ബാദ്ധ്യത (Liability) യേശു ഏറ്റെടുക്കുന്നില്ല എന്നത് വ്യക്തം; തന്റേതും പത്രോസിന്റേതും മാത്രം. കാരണം ദേവാലയനികുതി ഇരുപത് വയസ്സിനുമുകളിലുള്ള ഓരോരുത്തരും നൽകുവാൻ ബാദ്ധ്യസ്ഥരാണ് എന്നത് മോശയുടെ ലിഖിതനിയമം (പുറ. 30:14). എന്നാൽ ദേവാലയത്തിൽ വിലപിക്കുന്ന ചുങ്കക്കാരന്റെ (ലൂക്കാ. 18:13) ഉപമയിലൂടെ തങ്ങളുടെ അനീതിയും അക്രമങ്ങളും മൂലം അവർ അനുഭവിച്ചുവന്ന മാനസീക വ്യഥ യേശുവെളിവാക്കുന്നു. രാജകീയ നികുതി(ഭൂനികുതി) കടംവാങ്ങിപോലും അടയ്ക്കുന്ന ജനത്തെയും (നെഹ. 5:4) ഗോലിയാത്തിനെകൊല്ലുന്നവന്റെ പിതൃഭവനത്തിന് കരമൊഴിവ് കൽപ്പിച്ചുകൊടുക്കുന്നതിന് തയ്യാറാകുന്ന രാജാവിനെയും (1 സാമു. 17:25) പഴയനിയമത്തിൽ നാം കാണുന്നു (Tax exemption).

നികുതി കൊടുക്കുന്നവരും വാങ്ങുന്നവും പുലർത്തേണ്ട മാന്യതയും നികുതിയും അധികാരങ്ങളും ദൈവസാഥാപിതമെന്നും വി. പൗലോസ് ശ്ലീഹ വ്യക്തമായി പഠിപ്പിക്കുന്നു (റോമ. 13:6,7). ഓരോരുത്തർക്കും അവകാശപ്പെട്ടത് ...നികുതി അവകാശപ്പെട്ടവന് നികുതി ... ചുങ്കമവകാശപ്പെട്ടവന് ചുങ്കം....ആദരം അർഹിക്കുന്നവന് ആദരം... (Giving each man what is due to him) എല്ലാനിയമങ്ങളുടെയും അടിസ്ഥാനതത്വം എത്ര ഭംഗിയായി വിശുദ്ധ പൗലോസ് ശ്ലീഹ പറഞ്ഞുവെയ്ക്കുന്നു.

ഒരു തുലാസിന്റെ ഇരുതട്ടുകളും പുലർത്തേണ്ട തുലനമാണ് ഈ മേഖലയിൽ ഇന്ന് ആവശ്യം. നികുതിയ്ക്കും അനുബന്ധവിഷയങ്ങൾക്കുമായി (നോട്ടുകൾ മാറ്റിവാങ്ങുന്നതിനുപോലും) ഒരോ വ്യക്തിയുടെയും ജീവിതത്തിന്റെ സിംഹഭാഗം മാറ്റിവെയ്ക്കേണ്ടി വരുന്നുവെങ്കിൽ അത് വ്യവസ്ഥിതിയുടെ അപചയത്തിലേയ്ക്കും അരാചകത്വത്തിലേയ്ക്കും വിരൽ ചൂണ്ടുന്നു. മരണത്തേപോലെ ഭീതിയോടെ നികുതിയെ സമീപക്കുവാൻ തക്ക കാരണങ്ങൾ ഉണ്ടാകരുത്. നീരട്ട രക്തവും വണ്ടു തേനും കിടാവ് പാലും ശേഖരിക്കുന്നതുപോലെ ലഘുവും സന്തോഷപ്രദവും ആയിരിക്കണം നികുതി സംഭരണം. മറിച്ച് നികുതിയോടുള്ള വെറുപ്പ് ഒരു രാഷ്ട്രത്തിനും അഭികാമ്യമല്ല. നിയന്ത്രണങ്ങളും നിരോധനങ്ങളും ഉണ്ടാക്കിവെയ്ക്കുന്ന വരുമാനനഷ്ടവും അരാജകത്വവും, അതിബ്രഹത്തായ നികുതിശേഖരണത്തിലൂടെ മറികടക്കാമെന്ന ചിന്ത രാജ്യത്തെ ഭരിക്കരുത്. കേന്ദ്ര-സംസ്ഥാനസർക്കാരുകൾക്ക് കരഗതമാകുന്ന ഭീമമായ വരുമാനവർദ്ധനവ് നൂറ്റിമുപ്പത് കോടി ജനങ്ങളുടെയും സമ്പാദ്യത്തിൽ നിന്നുള്ളതാണ്; ഓരോ വ്യക്തിയുടെയും ക്രയവിക്രയ നടപടികളിൽ നിന്നുമാണ് ഭൂരിഭാഗം ചരക്കുകളും സേവനങ്ങളും നികുതിക്ക് വിധേയമാകുമ്പോൾ വില വർദ്ധനവ് സ്വാഭാവികം. സർക്കാരുകളുടെ വരുമാനത്തിലെ ഈ വർദ്ധനവ് കൂടുതൽ ഉത്തരവാദിത്വബോധത്തോടെ വ്യക്തിയുടെയും സമൂഹത്തിന്റെയും രാജ്യത്തിന്റെ തന്നെയും സുരക്ഷയും സംരക്ഷണവും ഉറപ്പാക്കുന്നതിന് ദൈവത്താൽ സ്ഥാപിതമെന്ന് നാം വിശ്വസിക്കുന്ന അധികാരശ്രേണികൾക്ക് കഴിയണം. എല്ലാ ഭരണകാലഘട്ടങ്ങളെയും ചരിത്രം വിലയിരുത്തുന്നത് ഈ അളവുകോലിലൂടെയാണ്. എല്ലാ മാറ്റങ്ങളും നിരോധനങ്ങളും നിയന്ത്രണങ്ങളും ഏറ്റുവാങ്ങുവാൻ വിധിക്കപ്പെട്ട സമകാലീനതലമുറ ഇവയോരോന്നും അപഗ്രഥനത്തിന് വിധേയമാക്കുന്നതിനുള്ള ബാദ്ധ്യതകൂടി ഏറ്റെടുത്തേ മതിയാവൂ. മറിച്ച് ഉത്തരവാദപ്പെട്ട പൗരന്മാർ എന്ന നിലയിൽ നാം ഓരോരുത്തരും ഇവ പഠനവിധേയമാക്കാത്ത പക്ഷംസാമ്പത്തിക അടിമത്തത്തിലേയ്ക്കും അരാജകത്വത്തിലേയ്ക്കും, ഒരു രാജ്യത്തെ മുഴുവൻ തങ്ങളുടെ നിശബ്ദതയിലൂടെ നയിച്ച തലമുറയെന്ന് ചരിത്രം നമ്മെ വിലയിരുത്തും.

ആശംസകൾ..

പ്രിൻസ് ലെൻസ്, അടൂർ

മൊബൈൽ: 9447123718



malankaralibrary.com



# ന്യൂനപക്ഷ വികസനത്തിനായി കേരള സംസ്ഥാനന്യൂനപക്ഷ വികസനധനകാര്യ കോർപ്പറേഷൻ ലിമിറ്റഡ് പ്രവർത്തിക്കുന്നു


അജു എബ്രഹാം, വാളക്കുഴി
ന്യൂനപക്ഷ വികസനഫോറം എം.സി.എ സെൻട്രൽ കമ്മറ്റി കോ-ഓർഡിനേറ്റർ, 9495313399


**വിവിധ വായ്പാ പദ്ധതികൾ**

മൈനോറിറ്റി വിഭാഗത്തിൽ ഉൾപ്പെട്ടവർ

മുസ്ലീം, ക്രിസ്ത്യൻ, പാഴ്സി, ജൈന, ബുദ്ധ, സിക്ക് വിഭാഗങ്ങൾ

മൈനോറിറ്റി വിഭാഗത്തിൽപ്പെട്ടവരുടെ പ്രത്യേകിച്ച് 1 ലക്ഷം രൂപയിൽ കുറവ് വാർഷിക വരുമാനമുള്ളവർക്ക് വരുമാനമാർഗ്ഗം സൃഷ്ടിച്ച് അവരെ പിന്നോക്കാവസ്ഥയിൽ നിന്ന് കരകയറ്റുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതികൾക്ക് രൂപം നൽകിയിട്ടുള്ളത്. കോർപ്പറേഷന്റെ ലക്ഷ്യം സാക്ഷാത്കാരത്തിനായി സ്വയം തൊഴിൽ, വിദ്യാഭ്യാസം, നൈപുണ്യ വികസനം, മൈക്രോഫിനാൻസ്, മഹിളാ സമൃദ്ധിയോജന തുടങ്ങിയ പദ്ധതികളിലാണ് സാമ്പത്തിക സഹായം നൽകി വരുന്നത്.

പദ്ധതികൾ

**1. സെൽഫ് എംപ്ലോയ്മെന്റ് ലോൺ**

കൃഷി, അനുബന്ധ സംരംഭങ്ങൾ, ടെക്നിക്കൽ, ട്രേഡ്സ്, ചെറുകിട സംരംഭങ്ങൾ, കരകൗശലം, പാരമ്പര്യ തൊഴിൽ സംരംഭങ്ങൾ, ട്രാൻസ്പോർട്ട് & സർവ്വീസ് സെക്ടർ എന്നീ വിഭാഗങ്ങളിൽ സ്വയം തൊഴിൽ കണ്ടെത്തുന്നതിനായാണ് ഈ ലോൺ നൽകി വരുന്നത്. സ്ത്രീകൾക്കും അംഗപരിമിതകൾക്കും പ്രവാസികൾക്കും മുൻഗണനനൽകി വരുന്നു. ഒരു ലക്ഷം രൂപയിൽ കുറഞ്ഞ വാർഷിക കുടുംബ വരുമാനമുള്ളവർക്ക് മുൻഗണന. നിരക്ക് 6%

അടച്ച് തീർക്കേണ്ട കാലാവധി - 5 വർഷം

**2. വിദ്യാഭ്യാസ വായ്പ**

ജോലി സാധ്യതയുള്ള വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിലേക്കായി ഇന്ത്യയിലെ അംഗീകൃത കോളേജുകളിൽ യൂണിവേഴ്സിറ്റി അംഗീകരിച്ച തൊഴിൽ സംബന്ധമായ കോഴ്സുകൾക്ക് പഠിക്കുന്ന ഒരു ലക്ഷത്തിൽ താഴെ വാർഷിക കുടുംബ വരുമാനമുള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്. പഠിക്കുന്ന കോഴ്സിന്റെ ട്യൂഷൻ ഫീ, ഹോസ്റ്റൽ ഫീ എന്നീ ഇനത്തിലേക്കാണ് ലോൺ അനുവദിക്കുന്നത്.

ലോൺ തുക - വർഷത്തിൽ 2 ലക്ഷം രൂപ കവിയാൻ പാടില്ല.

നിരക്ക് - 3 ശതമാനം

അടവ് തുടങ്ങാനുള്ള കാലാവധി - കോഴ്സ് പൂർത്തിയാക്കി 6 മാസത്തിനു ശേഷമോ, ജോലി ലഭിക്കുകയോ ചെയ്താൽ ഏതാണ് ആദ്യം. അടച്ച് തീർക്കേണ്ട കാലാവധി - 5 വർഷം

**3. മഹിളാ സമൃദ്ധി യോജന**

സ്ത്രീകളുടെ ഉന്നമനത്തിനായി പരമാവധി 20 പേര് വരെ വരുന്ന സംഘത്തിന് സ്വയം തൊഴിൽ പരിശീലനം നൽകി സ്വയം സഹായ സംഘങ്ങളുണ്ടാക്കി (എസ്. എച്ച്. ജി. എസ്) സംരംഭങ്ങൾ തുടങ്ങുന്നതിലേക്കായി സ്ത്രീകൾക്ക് നൽകുന്ന വായ്പയാണ് ഇത്. തുടങ്ങാനുദ്ദേശിക്കുന്ന പദ്ധതിക്കനുസരിച്ച് 1 ലക്ഷം രൂപ വരെ പരിശീലനം ലഭിച്ച വ്യക്തിക്ക് വായ്പയായി നൽകാവുന്നതാണ്. ട്രെയിനിങ്ങിന്റെ ചിലവ് കോർപ്പറേഷൻ വഹിക്കുന്നതാണ്. ടൈലറിംഗ് യൂണിറ്റ്, കച്ചവടം, എംബ്രോയഡറി എന്നിവ ഇതിൽപ്പെടുന്നു. നിരക്ക് 7%

**4. മൈക്രോ ഫിനാൻസ് പദ്ധതി**

പാവപ്പെട്ടവരെ കൊള്ളപലിശക്കാരിൽ നിന്നും മറ്റു സാമ്പത്തിക ചൂഷകരിൽ നിന്നും സംരക്ഷിക്കുന്നതിനായുള്ള പദ്ധതിയാണിത്. ഒരേ ആശയമുള്ളവരെയും ഒരേ സാമ്പത്തികമുള്ളവരെയും കൂട്ടായ ചിന്തയിലൂടെ ഒരുമിച്ച് ഒരു കേന്ദ്രത്തിലേക്ക് പ്രവർത്തിക്കാൻ കഴിവുള്ളവരുടെ കൂട്ടായ്മ സൃഷ്ടിച്ച് SHG (Self Help Group) ആക്കി രജിസ്റ്റർ ചെയ്ത് അവരുടെ പ്രവർത്തനമികവ് വിലയിരുത്തി ഓരോ മെമ്പർമാർക്കും സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണ്. SDS/NGO മുഖാന്തിരമാണ് പദ്ധതി നടപ്പിലാക്കുന്നത്.

5. വിസാ ലോൺ

ജോലിയുള്ള വിസയിൽ തൊഴിൽ കണ്ടെത്തുന്നതിനായി പോകുന്നവർക്കുള്ളതാണ് വിസാ ലോൺ. നിരക്ക് 5%.

6. പ്രവാസി ലോൺ

വിദേശത്തുനിന്നും ജോലി നഷ്ടപ്പെട്ട് മടങ്ങിയെത്തുന്ന പ്രവാസികൾക്കുള്ളതാണ് പ്രവാസി ലോൺ. നിരക്ക് 5%.

**സ്വയം തൊഴിൽ, വിദ്യാഭ്യാസ വായ്പകളിൽ ഹാജരാക്കേണ്ട രേഖകൾ.**

1. ജാതി സർട്ടിഫിക്കറ്റ്
2. വരുമാനസർട്ടിഫിക്കറ്റ്
3. താമസ സ്ഥലം തെളിയിക്കുന്നതിനുള്ള രേഖകൾ.
4. കോളേജ്, യൂണിവേഴ്സിറ്റികളിൽ നിന്നും ലഭ്യമാകുന്ന ഫീസ് ഘടന രേഖകൾ, അഡ്മിഷൻ വിവരങ്ങൾ, കോളേജിന്റെ അഫിലിയേഷൻ തെളിയിക്കുന്ന രേഖകൾ (വിദ്യാഭ്യാസ വായ്പക്ക്).
5. നടത്താനുദ്ദേശിക്കുന്ന പ്രോജക്ടിന്റെ വിവരങ്ങൾ.
6. വായ്പ തിരിച്ചടവ് ഉറപ്പ് വരുത്തുന്നതിലേക്കായി ആധാരം, കുടിക്കട സർട്ടിഫിക്കറ്റ്, മറ്റ് അനുബന്ധ രേഖകൾ, ശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥരുടെ ജാമ്യം നൽകുന്നതിനുള്ള രേഖകൾ.
7. പദ്ധതി നടത്തുന്നതിനുള്ള കോഴ്സുകൾ പാസായിട്ടുണ്ടെങ്കിൽ ആയതിന്റെ സർട്ടിഫിക്കറ്റ്.
8. കുടുംബപരമായ തൊഴിലുകളിൽ ഉൾപ്പെട്ടവരാണെങ്കിൽ ഏതെങ്കിലും രജിസ്ട്രേഷൻ ഉണ്ടെങ്കിൽ അതിന്റെ കോപ്പി.
9. ബാങ്ക് അക്കൗണ്ട് (NEFT/RTGS ഉള്ളത്).
10. ആധാർ കാർഡ്
11. ഫോട്ടോ

**7. ബിസിനസ്സ് ഡവലപ്പ്മെന്റ് ലോൺ**

നിലവിൽ സംരംഭങ്ങൾ നടത്തുന്നവർക്ക് വിപുലീകരണാവശ്യങ്ങൾക്കായി നൽകുന്ന വായ്പ. നിരക്ക് 7%,

പരമാവധി 3 ലക്ഷം വരെ.



malankaralibrary.com

# இறைமகிமைக்காகஎதிர்வினைகளை எதிர்கொள்வோம்



**P. இராஜேந்திரபாபு,**
தலைவர் MCA
மார்த்தாண்டம்மறைமாவட்டம்

அமெரிக்காநாட்டுஆயர்பேரவை "நசுக்கப்பட்ட, புறந்தள்ளப்பட்ட; சீர்கேடுகளினா ல்அமுக்க ப்பட்டஏழைகளின்பக்கம் மனித இனம் திரும்பவேண்டும். நாம்அனைவரும் ஓரினம் எனும் சிந்தனைக்கு மனித இனம் திரும்பவேண்டும். மனித உறவுகளுக்கிடையேஎந்தவொருமுட் டுக்கட்டைகளோ, முரண்பாடுகளோ இருக்கக்கூடாது. அரசியல், சமுதாயமுட் டுக்கட்டைகளைகளை ஏந்தெறிய வேண்டும்" என்று ஒரு முறைகூறியது. அறிவியல் வளர்ச்சியி லும்நாகரீக முதிர்ச்சியிலும்நாம்இன்றும் சிறுமைப்படுத்தப்பட்டமக்களை காண்கிறோம். வளர்ச்சி கோட்பாடுகள்பலரையும் வளர விடவில்லைஎன்பதுதான்இன்றைய உண்மை நிலை.

ஆயர்பேரவையின்கருத்துக்கள் கிறிஸ்தவகோட்பாடுகளுக்குள்வளரும் மனிதர்கள் இறைமகிமைக்கா களதிர்கொள்ள வேண்டியவைகளை நமக்கு நினைவூட்டுகிறது. "நசுக்கப்பட, புறந்தள்ளப்பட்ட, சீர்கேடுகளினா ல்அமுக்கப்பட்ட" மக்களை விவிலியம் "சிறியவர்கள்" என்றுகுறிப்பிடுகிறது.

மனித வளர்ச்சி என்றபோர்வையில்எதைவேண்டுமானாலும்செய்யலாம் என்றஉணர்வுபரவுவதைந ாம்காண்கிறோம். அரசின்வளர்ச்சி திட்டங்கள்கோ டிக்கணக்கான மக்களை வீடற்றவர்களாகவும், ஏழைகளாகவும், புலம்பெயர்ந்தவர்களாளவும்மாற்றிவிட்டன. இவர்கள்உணர்வுகள் சீரழிக்கப்ப ட்டஉணர்வுகளாகமாறியுள்ளன. நம் சகோதரர்களின் நிலையற்றவாழ்க்கை நம் சமூகத்தில்வளர்ச்சிக்குபதி லாகஏழ்மையைபரவலாக்கிறது. சமூகபொருளாதாரவாழ்க்கைபா திப்பிற்குள்ளாகிறது.

மலங்கரைகத்தோலிக்கமக்களும் கிறிஸ்தவர்களும் அதிகமாக வாழும்பகுதிகளில்முக்கியமானது கன்னியாகுமரி மாவட்டமும், திருவனந்த புரம்மாவட்டமும். வளர்ச்சி என்றபெயரில் திருவனந்தபுரம்முதல்



malankaralibrary.com

கன்னியாகுமரி வரை இரு வகையாக 8 வழி சாலைஅமைக்கப்படுகிறது. விழிஞ்ஞம்துறைமுகம்மற்றும்இனையம்துறைமுகம்ஆகியவை இரு மாவட்டங்களின்பெரும் நிலப்பரப்பைபெரு முதலாளிக ளுக்குகை யகப்படுத்தியுள்ளது, விளை நிலங்கள், வாழ்வாதாரங்கள், நீர் நிலைகள், வீடுகள், மீன்பிடி தொழில்கள்அழிக்கப்பட்டுக்கொண்டிருக்கிறது. தொழில்கள்இழந்த, வீடிழந்தமக்கள் கண்ணீருடன் போராடுகிறார்கள். மக்களை விரட்டி விட்டுஇந்த வளர்ச்சி யாருக்காக என்றகேள்வி ஓங்கி ஒலிக்கிறது.

உலகளாவியபொருளாதார அமைப்புகள்பணம்செய்யும்குறிக்கோளை மட்டும் மனதில் கொண்டு பல திட்டங்களை அறிமுகப்படுத்தி வருகின்றன. அறநெறிக்குஎ திராகஇயற்கை கக்குஎதிராகசுற்று சூழலைபாதிக்கும் பொருளாதாரசெயல் திட்டங்களு க்குஅரசும்.அமைப்புகளும்அங்கீகாரம்அளிக்கின்றனர்.பொருளாதாரமும் விஞ்ஞானமும்இணைந்துதற்காலஇலாபத்தைமட்டும்நோக்கமாககொண்டு பல திட்டங்களை செயல்படுத்துகின்றன. இவைகள்உயிர்சூழலையும்இயற்கைவளங்களையும்அழிக்கின்றன. நம் முன்னோர்கள் விட்டுசென்றஇயற்கை வளங்களையும்தொ லைநோக்குபார்வையும் மறந்து நம் தலைமுறையினர் பணம்செய்யும்நோக்கில் செயல்படுகின்றனர். இச்செயல்கள் சுய நல கோட்பாடுகளையும் சீர்கேட்டையும், அழிவையும் விதைக்கிறது.

வணிக சந்தையில்பொருள்களின்எண்ணிக்கைநாளுக்குநாள்அதிகரித்துவருகின்றன. விலைகளும்உயர் ந்தவண்ணமுள்ளன. தேவைக்குஅதிகமாகபொருட்கள்உற்பத்தி செய்யப்படுகின்றன. அவைகள்இ யற்கையைமாசுப டுத்துவதுமட்டுமின்றி வீடுகள் பெரும்குப்பைத்தொட்டிகளாகமாறிக்கொண்டிருக்கின்றன. உவ்வு பொருட்கள்மு தல்வீட்டுஉ பயோகபொருட் கள்வரை வசீகர விளம்பரங்களுக்குட்படுத்தப்பட்டு மனிதனின் உணர்வுகளை தூண்டி வாங்கவைக்கப்படுகின்றனர். விற்பனைக்கென்றேஇணைய தளங்கள், தொலைகாட்சி நிறுவனங்கள்செ சயல்படுகின்றன. இவைகள் வியாபாரம்கொள்ளைலாபம் இவற்றைமட்டும்நோக் கமாககொண்டுசெயல்படுகின்றன. இந்தியாசீனா வின்குப்பை தொட்டியாகமாறிக்கொண்டிருக்கிறது. சீனாவின்தரமற்ற பொருட்கள்இந்தியா வின்சுற்றுசூழலை பாதிக்கிறது.

இந்தியாவின்பல்வேறுமுன்னேற்றதிட்டங்கள் திட்டமிட்டகொள்ளைகளாகவேதென்படுகின்றன. உணவு உற்பத்தியில் தன்னிறைவு பெற்றதாககூறும்இந்தியாவில்இன்னும் 25 கோடி மக்கள் பட்டினி கிடக்கிறார்கள். பகிர்வதில்சமத்துவமின்மையால் உணவு பொருட்கள்வீணடிக்கப்படுகின்றன. ஏழைகளின் உணவு செலவுகள்அதிகரிக்கின்றன. ஆள்வோரும் விற்போரும்மனசாட்சியில்லாதவவர்களாகமாறிவிட்டனர்.

அனைத்துமக்களின்அடிப்படைதேவைகளில் மிக முக்கியமானது மருத்துவ உதவி. நோய்களின்த லைநகரங்களாகஇந்தியாவின் கிராமங்களும்நகரங்களும்மாறிக்கொண்டிருக்கின்றன. உலக நோய்களில் 20% இந்தியாவில்உள்ளது. நோயின்காரணமாக பல குடும்பங்களும்பொருளாதார கீழ் நிலைக்குதள்ளப்பட்டுள்ளனர். ஒவ்வொருஆண்டும்சரியான நேரத்தில்மருத்துவ உதவி கிடைக்காமல் 10 லட்சம்பேர் இறக்கிறார்கள். தனிமனித வெறுப்பால் இறந்துபோன ஒருவருக்காக நமது பாராளுமன்றத்தில் புயலாகவெடித்த னர்.அரசியல்கெ ாலைகள்கண்டனத்துக்குரியவைகளே. ஆனால்போதியமருத்துவசேவை கிடைக்காமல் 100-க்கு அதிகமான குழந்தைகள்மத்திய பிரதேசத்தில் இறந்தபோதுபோதியஎந்தகண்டன குரலையும்எழுப்பவில்லை. மனித உயிர்களு க்குமதிப்பு குறைந்துமரத்துபோன மனநிலையில்அரசியல்வாதிகளும்மக்களும்உள்ளனர். சுயநலத் தில்உை றந்துபோன ஒரு சமூகத்தில்வாழ்கிறோம்.

கல்வியில் பல முன்னேற்றங்களைகண்டிருக்கிறோம். கல்வியின் நோக்கம் அறிவியல்துணைகொண்டு புதிய படைப்புகளைஉருவாக்குவதுதற்போதையகல்வியின் நோக்கம்புதிய சந்தைகள், புதிய உற்பத்தி, புதிய விற்பனை என்று நீண்டுகொண்டேசெல்கிறது. கல்வி வேலைக்குஉத்திரவாதம் தர வேண்டும்போன்றநவீன கோட்பாடுகள்தரமற்றமனித மாண்புகளை உருவாக்கி கொண்டிருக்கிறது. கல்வி மனித மாண்புகளுடனான வாழ்க்கைக்கும்நாகரீகமுதிர்ச்சிக்கும்பயன்படும்கல்வியாகஅமையவேண்டும். அதற்குமாறாகக



malankaralibrary.com

லாச்சாரசீர்கேட்டின்அங்கங்களாககல்வி நிலையஙகள்மாறிக்கொண்டிருக்கின்றன. புதிய கல்வியின் தாக்கத்தினால்எந்தசூழலையும்ஏற்றுக்கொண்டுவாழவும் மனிததன்மையுடைய மனநிலைமையும்உருவாக்குவதற்கு தவறிவிட்டது. கல்வி நிலையங்கள் மன அழுத்தத்தின் பிறப்பிடங்களாகமாறிக்கொண்டிருக்கின்றன. கல்வியைகெ ாடுப்பதோடுஉயிர்பாதுகாப்பு கொள்கைகளும் புகுத்தப்படவேண்டும்இறைஅன்பில் நல்வாழ்வைகா ணஉதவும்கல்விணைகொடுக்க நமது கல்வி நிலையங்கள் ஒரு உயரிய முடிவைஎடுக்கவேண்டும்.

அரசியல்கொள்கைகள்மக்கள்வாழ்வின்அங்கமாகமாறி வருகின்றன. ஜனநாயகம் அனைவரையும் ஏற்றுக் கொள்ளும், மதிப்பளிக்கும், தனிமனித சுதந்திரத்திற்குமாண்பளிக்கும் சித்தாந்தம்இன்றைய ஆளும்அரசிய ல்வாதிகள்தங்கள்நம்பும்கொள்கைகள்மட்டுமேஇருக்கவேண்டும் என்றநோக்கோடுமாற்றுகருத்துஉள்ளவர்களை அழித்துவருகின்றனர். நமது அரசியலமைப்பு சட்டத்தில்அனைத்து இன மக்களுக்கும்பாதுகாப்பளிக்கும்சமூக நீதிக்குஎதிரான பிரசாரங்களும் திட்டமிட்டசட்டங்களும் சிறுபாண்மைமக்களை பெரும்அச்சத்திற்குள்ளாக்கி யிருக்கிறது. நம் நாட்டுஅரசியலமைப்பு சட்டம் கிறிஸ்தவகோட்பாடுகளில்கல்வி பயின்றவர்களின் பிரதிபலிப்பு எனவேஅதனை மாற்றவேண்டும் என்றதவறான பிரசாரம்இளைஞர்கள்மத்தியில் வலிமையாகஎ டுத்துசெல்ல ப்படுகிறது. சமத்துவம், வளர்ச்சி ஒரு நாடு, ஒரு சட்டம், ஒரு மொழி, ஒரு கலாச்சாரம், ஒரு மதம் என்றஒற்றுமை மயின்ஏமாற்று சித்தாந்தங்கள் நம் பன்மைகலாச்சாரத்தைஅழித்து மனித மாண்புகளை மழுகடிக்கசெய்யு ம்செயல்கள்.

வெறுப்பரசியல்தலைதூக்கி தாண்டவமாடுகிறது. வெறுப்பு கோபத்தையும், தீவிரவாதத்தையும் தூண்டும்செயல்களாகமாறி வருகின்றன.


இந்தசூழ்நிலைகளில் மனித உறவுகள் பாதிக்கப்படுகின்றன. மனித மாண்புகள்மற்றும்வாழ்வுவளங்கள் மிதிக்க ப்பட்டுநசுக்கப்படுகின்றன. எனவேவாழ்வின்நோக்கமும்குறிக்கோளும்ஆன்மீக சிறப்பைபவ டப்பிற்குகொடுக்கும்வண்ணம்அமையமுயற்சிப்பதுமட்டுமே மனித மாண்பை வளர்க்கஉதவும்.

மலங்கரைகத்தோலிக்கஇயக்கம்சமூகநோக்கம்கொண்டஇயக்கம். இன்றைய சூழலில்அனைத்துமலங்கரைமக்களும்இணைந்துபோராடவேண்டியகட்டாயத்திற்கு உட்பட்டுள்ளோம். நம் மக்கள்அரசின் திட்டமிடும் நிலையிலும், தீர்வுகள்வழங்கும்இடங்களிலும், திட்டங்கள்செயல்படுத்தும் நிலையிலும் இருக்கவேண்டியகட்டாயத்தில்உள்ளோம். எனவே நம் இயக்கதலைவர்களு ம்சபைஅதிகாரிகளும்அனைத்துதுறைகளிலும் திட்டமிட்டுதலைமைபண்புடைய கிறிஸ்தவகோட்பாடுகளு டன்சமூகபார்வைகொண்டஇளைஞர்களை உருவாக்குவதில் கவனம் செலுத்தவேண்டும். மனித உறவுகளுக்கிடை யேயான முட்டுக்கட்டைகளைகளைவதற்கும் சிறுமைபடுத்தப்பட்டமக்களை காப்பாற்றுவதற்கும் இணைந்துகுரல்கொடுப்போம். இறைமகிமைக்காகஇணைவோம்.



malankaralibrary.com

# MCA MANAGING COMMITTEE


P.K. Cherian


Prof. Jacob M. Abraham


K.M. Philip


Babu George


Thankachen Charivupurayidam


A. John


Sanjeev Maroor


Shaji Thevalapurath


P.K. Cherian


Murali Das


Adv. Valsa John


Jiji Joseph


Sarala Vincent


Y. Raju


Adv. Lalu John


V.C. Georgekutty


Shibu Varghese Puthukkeril


Salu Pathalil



malankaralibrary.com



## ശ്രീ. ജോൺ കച്ചിറമറ്റം
## പിഴക് പി.ഒ., കോട്ടയം

സാമുദായികസേവനം ജീവിതവ്രതമാക്കിയ ചരിത്രകാരൻ എന്ന് ഒറ്റവാചകത്തിൽ ശ്രീ. ജോൺ കച്ചിറമറ്റത്തെ വിശേഷിപ്പിക്കാം. എ.കെ.സി.സിയുടെ യുവജനവിഭാഗമായ കാത്തലിക് യൂത്ത് ഓർഗനൈസേഷൻ സ്ഥാപക ജനറൽ സെക്രട്ടറി, പ്രസിഡന്റ്, ആൾ ഇന്ത്യാ കാത്തലിക് യൂണിയൻ സെക്രട്ടറി, കേരളാ കാത്തലിക് ഫെഡറേഷൻ പ്രസിഡന്റ്, കേരള ക്രിസ്ത്യൻ ലീഡേഴ്സ് ആക്ഷൻ കമ്മിറ്റി കൺവീനർ തുടങ്ങി സഭാസംഘടനകളിലെ അതുല്യ നേതൃത്വം. അഖില കേരള കത്തോലിക്കാ കോൺഗ്രസ് പ്രതിനിധിസഭയിൽ 54 വർഷം, വർക്കിംഗ് കമ്മിറ്റിയിൽ 42 വർഷം, ജനറൽ സെക്രട്ടറിയായി 18 വർഷം, പ്രസിഡന്റായി 8 വർഷം, എ.കെ.സി.സി. ബുള്ളറ്റിൻ ചീഫ് എഡിറ്ററായി 26 വർഷം ഇതാണ് ശ്രീ. ജോൺ കച്ചിറമറ്റത്തിന്റെ സമുദായസംഘടനാചരിത്രത്തിന്റെ കാലദൈർഘ്യം.

60 പുസ്തകങ്ങളുടെ രചയിതാവ്, ജീവിച്ചിരിക്കുന്നവരും, ദിവംഗതരുമായ 1800 പേരുടെ ജീവചരിത്രം 5000 പേജുകളിലായി 'കേരളസഭാരത്നങ്ങൾ' എന്ന പേരിൽ പ്രസിദ്ധീകരിച്ച ഈ പുസ്തകം ജീവചരിത്രവിജ്ഞാനകോശം എന്ന് വിശേഷിക്കപ്പെട്ടിട്ടുണ്ട്.

എം.സി.എയുടെ രൂപീകരണത്തിന് മുമ്പ് മലങ്കര അത്മായ സമൂഹവും എ.കെ.സി.സിയിലായുരുന്നു പ്രവർത്തിച്ചിരുന്നത്. മലങ്കര കത്തോലിക്കാ അത്മായ സമൂഹത്തിന് ഇദ്ദേഹത്തിന്റെ നേതൃത്വഫലങ്ങൾ അനുഭവിക്കുവാൻ ഇടയായിട്ടുണ്ട്. സീറോ മലബാർ സഭയുടെ സഭാതാരം ബഹുമതി, കേരള സഭാതാരം, ബഞ്ചമിൻ ബയ്‌ലി പുരസ്കാരം, കെ.സി.ബി.സി. മാധ്യമകമ്മീഷന്റെ ഗുരുപൂജ അവാർഡ് തുടങ്ങിയ നിരവധിയായ പുരസ്കാരങ്ങൾ ഇദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്.

കത്തോലിക്കാസഭയുടെ അത്മായശുശ്രൂഷാമേഖലയിലും അത്മായ നേതാക്കന്മാരുടെ ജീവചരിത്രരചനയയിലും നൽകിയ സമഗ്രസംഭാവനകളെ മാനിച്ച് എം.സി.എ. പുരസ്കാരം നൽകി ആദരിക്കുന്നു.



## ഫാ.ജോർജ്ജ് ജോഷ്വാ
## ഡയറക്ടർ, സ്നേഹവീട്, തിരുവനന്തപുരം

17.11.2008 ൽ സ്നേഹവീട് ആരംഭിച്ചു. അഗതികളായ വൃദ്ധരുടെ ഭവനമായി ആരംഭിച്ച സ്ഥാപനം അഗതികളായ മാനസിക രോഗികളുടെ പുനരധിവാസ സ്ഥാപനമായി രൂപപ്പെട്ടു. ആർച്ച് ബിഷപ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥതയിലാണ് ഈ സ്ഥാപനം നടത്തപ്പെടുന്നത്. മാനസിക രോഗികളുടെ പുനരധിവാസ സ്ഥാപനവും , കിടപ്പുരോഗികളെ ശുശ്രൂഷിക്കുന്ന സ്ഥാപനങ്ങളുമായി 2 സ്ഥാപനങ്ങളാണ് സ്നേഹവീടിന്റെ കീഴിൽ ഇപ്പോൾ പ്രവർത്തിക്കുന്നത്.

**ഫാ.ജോർജ്ജ് ജോഷ്വാ**

തിരുവനന്തപുരം നഗരത്തിൽ ജനിച്ചു വളർന്ന മലങ്കര സഭയിലെ ആദ്യത്തെ വൈദികൻ. 1979 -ൽ ബത്തേരി രൂപതയിലെ സെമിനാരിയിൽ ചേർന്ന് പഠനം ആരംഭിച്ചു. 9.1.1991-ൽ ബത്തേരി രൂപതയ്ക്കു വേണ്ടി സിറിൽ മാർ ബസേലിയോസ് തിരുമേനിയിൽ നിന്നും വൈദീക പട്ടം സ്വീകരിച്ചു. 1998 ൽ മാതൃ ഭദ്രാസനമായ തിരുവനന്തപുരം അതിഭദ്രാസനത്തിൽ സിറിൽ മാർ ബസേലിയോസ് തിരുമേനി ശുശ്രൂഷക്കായി നിയോഗിച്ചു. 2008 ൽ ബസേലിയോസ് ക്ലീമിസ് കത്തോലിക്കാ ബാവ സ്നേഹവീടിന്റെ ശുശ്രൂഷകൾക്കായി നിയോഗിച്ചു. ജീവകാരുണ്യ പ്രവർത്തന മേഖലയിലെ നിസ്തുലമായ ശുശ്രൂഷാ നേതൃത്വത്തിന് എം.സി.എം. പുര



malankaralibrary.com



## ശ്രീ. പീറ്റർ സി. ഏബ്രഹാം
### ചരിവുപറമ്പിൽ, മൈലപ്ര പി.ഒ., പത്തനംതിട്ട

പത്തനംതിട്ട രൂപതയിലെ മൈലപ്രാ ഇടവകാംഗം. സഭാശുശ്രൂഷകളിലും സഭയുടെ ഇതര പ്രസ്ഥാനങ്ങളിലും സജീവമായ പങ്കാളി. മൺമറഞ്ഞ പിതാക്കന്മാരുടെ ജീവചരിത്ര രചനയിലൂടെ ശ്രദ്ധേയനായ ക്രൈസ്തവസാഹിത്യകാരൻ. സ്മൃതിരഥത്തിലെ പൊന്നൊളി, മലങ്കരസൂര്യൻ, ക്രിസ്തുദേവൻ, സ്നേഹയാഗം, ജീവജലത്തിന്റെ അരുവികൾ, ജനതകളുടെ വെളിച്ചം തുടങ്ങി പതിനഞ്ചിലധികം ഗ്രന്ഥങ്ങളുടെ കർത്താവ്, കെ.സി.വൈ.എം. സാഹിത്യചാമ്പ്യൻപദവി, ബഥനി സാഹിത്യ അവാർഡ്, സ്നേഹസേനപുരസ്കാരം, സിറിയൻ കാത്തലിക് പ്രതിഭാ പുരസ്കാരം തുടങ്ങി നിരവധി പുരസ്കാരങ്ങൾ ശ്രീ. പീറ്റർ സി. ഏബ്രഹാമിന് ലഭിച്ചിട്ടുണ്ട്. വചന പ്രഘോഷകൻ എന്ന നിലയ്ക്കും പ്രഭാഷകൻ എന്ന നിലയ്ക്കും വളരെയേറെ സഭാവേദികളിൽ സ്തുത്യർഹമായ സേവനം കാഴ്ചവെച്ചിട്ടുണ്ട്.

ക്രൈസ്തവസാഹിത്യമേഖലയിൽ ശ്രീ. പീറ്റർ സി. ഏബ്രഹാം നൽകിയ സംഭാവനകളെ ആദരിച്ചുകൊണ്ട് എം.സി.എ. പുരസ്കാരം നൽകുന്നു.



## ഡോ. തോമസ്കുട്ടി പനച്ചക്കൽ
### 303, ശാരോൺ ഗാർഡൻ, കോട്ടമുകൾ, നാലാഞ്ചിറ

പൂനയൂണിവേഴ്സിറ്റിയിൽ നിന്നും റാങ്കോടെ എക്കണോമിക്സിൽ ബിരുദാനന്തരബിരുദവും, എക്കണോമിക്സിൽ പി.എച്ച്.ഡിയും. എം.ജി. യൂണിവേഴ്സിറ്റിയിൽ നിന്നും റാങ്കോടെ എൽ.എൽ.എം., മാർ ഈവാനിയോസ് കോളേജിൽ എക്കണോമിക്സ് അദ്ധ്യാപകനായി അദ്ധ്യാപന വൃത്തി ആരംഭിച്ച ഇദ്ദേഹം മാർ കോളേജ് എക്കണോമിക്സ് വിഭാഗം മേധാവി, വർക്കല CHMM College പ്രിൻസിപ്പൽ. ഇപ്പോൾ നാലാഞ്ചിറ Mar Gregorios College of Law യിലെ വൈസ് പ്രിൻസിപ്പൽ. മലങ്കര കത്തോലിക്കാസഭയിലെ അൽമായ കമ്മീഷൻ സെക്രട്ടറി, കെ.സി.ബി.സി. അൽമായ കമ്മീഷൻ സെക്രട്ടറി സെക്രട്ടറിയായും ഇപ്പോൾ ശുശ്രൂഷ ചെയ്യുന്നു.

വിദ്യാഭ്യാസമേഖലയിലെ ഗവേഷണത്തിനും അദ്ധ്യാപനത്തിനുമായി ദേശീയ, അന്തർദേശീയ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. ദേശീയ അന്തർദേശീയവുമായ വേദികളിൽ വിവിധ സെമിനാറുകളിലും ഫോറങ്ങളിലും പങ്കെടുത്തിട്ടുണ്ട്. മലങ്കര മേജർ സെമിനാരി ഉൾപ്പെടെ വിവിധ സെമിനാരികളിലും വിവിധ വിദ്യാഭ്യാസമേഖലകളിലുമായി Resource Person, Faculty Member, Visiting Proffessor, Research Guide എന്നീ തസ്തികകളിൽ പ്രവർത്തിക്കുന്നു.

എം.സി.എ. നടത്തുന്ന കരിഗർഗൈഡൻസ് പ്രോഗ്രാമിന്റെ കോർഡിനേറ്ററായി വർഷങ്ങളായി ശുശ്രൂഷ ചെയ്യുന്നു.

വിദ്യാഭ്യാസമേഖലയിലെ വിവിധവേദികളിലും തസ്തികയിലുമായി നടത്തിവരുന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങളെ ആദരിച്ചുകൊണ്ട് വിദ്യാഭ്യാസ മേഖലയിലെ മികച്ച പ്രവർത്തകനുള്ള എം.സി.എ. പുരസ്കാരം നൽകി ആദരിക്കുന്നു.



malankaralibrary.com



## Mr. P. Rajendra Babu

3/189 Anugreh, Mecode, Kaliakkavila Post,
Kanyakumari District, Pin - 629163

സെന്റ് പോൾസ് ഐ.എ.എസ്. അക്കാഡമി കോ-ഓർഡിനേറ്റർ, മാർത്താണ്ഡം രൂപതയുടെ വിദ്യാഭ്യാസവകുപ്പ് ഗവേണിംഗ് ബോർഡ് അംഗം, മാർ അപ്രേം എഞ്ചിനീയറിംഗ് കോളേജ് ബോർഡ് മെമ്പർ, കോട്ടാർ രൂപത വിദ്യാഭ്യാസ കമ്മീഷൻ അംഗം, മലങ്കര കത്തോലിക്കസഭ വിദ്യാഭ്യാസ സിനഡൽ കമ്മീഷൻ അംഗം തുടങ്ങിയ വിദ്യാഭ്യാസ മേഖലയിലെ വിവിധപ്രവർത്തനങ്ങളിൽ സജീവം. സെന്റ് ജോസഫ്സ് ഹയർ സെക്കണ്ടറി സ്കൂളിൽ ഇംഗ്ലീഷ് അദ്ധ്യാപകനായി ഔദ്യോഗികജീവിതം ആരംഭിച്ചു. ഇപ്പോൾ എം.പി.എ. മെട്രിക് ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പലായി സേവനം അനുഷ്ഠിക്കുന്നു. കന്യാകുമാരി ജില്ലയിലെയും, മാർത്താണ്ഡം രൂപതയിലേയും വിദ്യാഭ്യാസമേഖലയുടെ പുരോഗതിക്ക് ശ്രീ. പി.രാജേന്ദ്രബാബുവിന്റെ സംഭാവനകൾ വളരെ വലുതാണ്. കരിയർ ഗൈഡൻസ് പ്രോഗ്രാമിന്റെ സംഘാടകനാണ്. എം.സി.എ. മാർത്താണ്ഡം രൂപത പ്രസിഡന്റായി പ്രവർത്തിക്കുന്നു. ശ്രീ. പി.രാജേന്ദ്ര ബാബു വിദ്യാഭ്യാസമേഖലയിൽ നൽകിയിട്ടുള്ള സമഗ്രസംഭാവനകളെ മാനിച്ച് എം.സി.എ. പുരസ്ക്കാരം നൽകുന്നു.



## ശ്രീ. തോമസ് ജോൺ തേവരേത്ത്

കുന്നം പി.ഒ., മാവേലിക്കര.

മാവേലിക്കര രൂപതയിൽ പുതിയകാവ് ഇടവകാംഗം. വിവിധ മണ്ഡലങ്ങളിൽ നിസ്തുല സംഭാവനകൾ നൽകിയ വ്യക്തി. 6 വർഷക്കാലം ഓൾ ഇന്ത്യ കാത്തലിക് യൂണിയൻ (എ.ഐ.സി.യു) നാഷണൽ സെക്രട്ടറിയായിരുന്നു. മലങ്കര കത്തോലിക്കാസഭയ്ക്ക് വിവിധ മേഖലകളിൽ നൽകിയ സംഭാവനകളെ അംഗീകരിച്ച് "ബാർ ഈത്തോ കാശീറോ" പദവി നൽകി ആദരിച്ചിട്ടുണ്ട്. തിരുവനന്തപുരം അതിരൂപത പാസ്റ്ററൽ കൗൺസിൽ അംഗം, സൺഡേസ്കൂൾ അസ്സോസിയേഷൻ പ്രസിഡന്റ്, എം.സി.എ. ദേശീയ സമിതി പ്രസിഡന്റ്, എ.ഐ.സി.യു നാഷണൽ സെക്രട്ടറി തുടങ്ങി നിരവധി നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഫാം ജേർണലിസ്റ്റാണ്. ഓൾ ഇൻഡ്യാ കാത്തലിക് യൂണിയൻ നൽകുന്ന മികച്ച സംഘാടകർക്കുള്ള നാഷണൽ അവാർഡ് ലഭിച്ചിട്ടുണ്ട്. 1989-ൽ മികച്ച ഫാം ജേർണലിസ്റ്റിനുള്ള സംസ്ഥാനഅവാർഡ് ലഭിച്ചിട്ടുണ്ട്. അത്മായ സംഘടനകളുടെ വിവിധതലങ്ങളിലുള്ള പ്രവർത്തനമികവ് അംഗീകരിച്ച് എം.സി.എ. പുരസ്കാരം നൽകുന്നു.



malankaralibrary.com



## Mr. A. Michael
### Ponthenpilavilai, Mather, Veeyannoor

മാർത്താണ്ഡം രൂപതാംഗമായ ശ്രീ. എ. മൈക്കിൾ എം.കോം ബിരുദസമ്പാദനത്തിനുശേഷം 2000-2002-ൽ Rural Uplift Centre-ൽ നിന്നും Organic Method-ൽ പരിശീലനം നേടിയ കർഷകനാണ്. രാസവളങ്ങൾ ഉപയോഗിക്കാതെ ജൈവവളങ്ങൾ ഉപയോഗിച്ച് കൃഷി എങ്ങനെ ലാഭകരമാക്കിമാറ്റാം എന്നാണ് പ്രധാനഗവേഷണമേഖല. മണ്ണ് പരിശോധനനടത്തി മണ്ണിന്റെ സംമ്പുഷ്ടത മനസ്സിലാക്കി അനുയോജ്യമായ കൃഷിയെക്കുറിച്ച് റേഡിയോ പ്രഭാഷണങ്ങളിലൂടെയും കലാലയങ്ങൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, ദേവാലയങ്ങൾ തുടങ്ങിയവ കേന്ദ്രമാക്കി കാർഷികവൃത്തിയെ പ്രോത്സാഹിപ്പിക്കുകയും ശാസ്ത്രീയമായ കൃഷിരീതികൾ പരിശീലിപ്പിക്കുകയുമാണ് ഇദ്ദേഹത്തിന്റെ പ്രധാനപ്രവർത്തനമേഖല.

കർഷകശ്രീ അവാർഡ്, കേരള അഗ്രിക്കൾച്ചറൽ അസോസിയേഷന്റെ മികച്ച കർഷകനുള്ള അവാർഡ്,' മുതൽമൈ കർഷകൻ അവാർഡ് തുടങ്ങി നിരവധി അവാർഡുകൾ ഇദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്.

എം.സി.എയുടെ ഈ വർഷത്തെ മികച്ച കർഷകനുള്ള അവാർഡ് ശ്രീ. മൈക്കിളിന് നൽകി ആദരിക്കുന്നു.



## Mr. Joy Kutty
### Plot No. 25 (1669), Nediyath Cottage
### 15th Mainroad, Annanagar, Chennai- 60040

ശ്രീ. ജോയിക്കുട്ടി നെടിയത്തിന്റെ മാതൃക ഇടവക അടൂരാണെങ്കിലും സുദീർഘമായ ഒരു കാലഘട്ടം മുഴുവൻ അദ്ദേഹം ചെന്നൈ പാടിയിലാണ് താമസം. മലങ്കര കത്തോലിക്കാ സഭയുടെ ബാഹ്യകേരള മിഷൻ പ്രവർത്തനങ്ങളുടെ സഹകാരി. ചെന്നൈ പാടി ഇടവക രൂപീകരണത്തിനും തുടർന്നുള്ള വികസനപ്രക്രിയിലും നേതൃത്വം. ബനഡിക്റ്റ് മാർ ഗ്രിഗോറിയോസ് പിതാവിന്റെ കാലം മുതൽ സഭയുടെ മുഖ്യധാരയിൽ പ്രവർത്തനം. പാടി ദേവാലയത്തെ മലങ്കര കത്തോലിക്കാ സഭയുടെ ഭൂപടത്തിൽ രേഖപ്പെടുത്തുന്നതിന് നിതാന്ത പരിശ്രമം ചെയ്ത വ്യക്തി. പാടി പാരിഷ് നിർമ്മാണകമ്മറ്റിയുടെ ചെയർമാൻ. സഭാപിതാക്കന്മാരോടും സഭാ സംവിധാനങ്ങളോടും ഏറെ പ്രതിബദ്ധതയും സ്നേഹവും പുലർത്തിവരുന്ന ശ്രീ. ജോയികുട്ടി വ്യാവസായിക മേഖലയിൽ മലങ്കര കത്തോലിക്കാ അത്മായരിൽ മുൻപന്തിയിലാണ്. Q-Fix Wires & Cables എന്ന പ്രസിദ്ധമായ സ്ഥാപനത്തിന്റെയും അനുബന്ധ വ്യവസായങ്ങളുടെയും ഉടമ എന്നനിലയ്ക്ക് മികച്ച് വ്യാവസായിക സംരംഭകനുള്ള ദേശീയവും അന്തർദേശീയവുമായ നിരവധി പുരസ്ക്കാരങ്ങൾ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്.

മലങ്കര കത്തോലിക്കാ സഭയുടെ അഭിമാനഭാജനമായ വ്യവസായ പ്രമുഖൻ ശ്രീ. ജോർജുകുട്ടിക്ക് സഭാ ശുശ്രൂഷയിലുള്ള പങ്കാളിത്വത്തേയും വ്യാവസായിക മേഖലയിലുള്ള പ്രവർത്തനമികവിനേയും ആദരിച്ച് മികച്ച വ്യവസായിക്കുള്ള എംസിഎ പുരസ്ക്കാരം നൽകി ആദരിക്കുന്നു.



malankaralibrary.com



## Sri. K.K. Jose

54F, Pocket A/1, Mayur Vihar Phase III
New Delhi.

പത്തനംതിട്ട ഭദ്രാസനത്തിലെ പാമ്പിനി സെന്റ് ജോർജ് ഇടവകാംഗമായിരുന്ന ശ്രീ. കെ.കെ. ജോസ് ഇപ്പോൾ ന്യൂഡൽഹി മയൂർവിഹാർ സെന്റ് ജോർജ് ഇടവകാംഗമാണ്. കേരള യൂണിവേഴ്സിറ്റിയിൽനിന്നും ബിരുദം സമ്പാദിച്ചു. കഴിഞ്ഞ 22 വർഷമായി മാർക്കറ്റിംഗ് ആൻഡ് ബിസിനസ് മേഖലയിൽ പ്രവർത്തിക്കുന്നു. 200ലേറെപ്പേർ ജോലി ചെയ്യുന്ന ഇംപക്സ് ഗ്ലോബൽ ലോജിസ്റ്റിക്സ് പ്രൈവറ്റ് (ലി)കമ്പനിയുടെ മാനേജിംഗ് ഡയറക്ടറാണ്. ഡൽഹി എം.സി.എയുടെ ജോയിന്റ് സെക്രട്ടറി, ട്രഷറാർ എന്നീ പദവികൾ വഹിച്ചു. ഇപ്പോൾ ഗുഡ്ഗാവ് രൂപത എം.സി.എ. ജനറൽ സെക്രട്ടറിയായി പ്രവർത്തിക്കുന്നു. വലിയ ഒരു വ്യവസായ ശൃംഖലയുടെ നേതൃത്വം വഹിക്കുന്നതിനോടൊപ്പം യുവവ്യവസായ സംരംഭകർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി പരിശീലനപരിപാടികൾക്ക് നേതൃത്വം നൽകുന്നു. വ്യാവസായിക മേഖലയിലെ മികച്ച പ്രവർത്തനങ്ങൾക്ക് ദേശീയവും അന്തർദേശീയവുമായ നിരവധി പുരസ്കാരങ്ങൾ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്.

വ്യാവസായിക മേഖലയിലെ വിജയകരമായ പ്രവർത്തനങ്ങളെ ആദരിച്ചുകൊണ്ട് എം.സി.എ. പുരസ്കാരം ശ്രീ. കെ.കെ. ജോസിന് നൽകുന്നു.



## ശ്രീ. ഫിലിപ്പ് കെ.എം.

കടവിൽ ഹൗസ്, തമ്മംഗലം, എറണാകുളം

മൂവാറ്റുപുഴ രൂപതയിലെ പൂത്രിക്ക ഇടവകാംഗം. മലങ്കര കാത്തലിക് യൂത്ത്മൂവ്മെന്റ് ജില്ലാ സെക്രട്ടറി, ജില്ലാ പ്രസിഡന്റ്, തിരുവല്ല രൂപത ട്രഷറാർ, മലങ്കര കാത്തലിക് അസോസിയേഷൻ മൂവാറ്റുപുഴ രൂപത ജനറൽ സെക്രട്ടറി, പ്രസിഡന്റ്, എം.സി.എ. ദേശീയ സമിതി പ്രസിഡന്റ് എന്നീ നിലകളിൽ മികവാർന്ന പ്രവർത്തനം കാഴ്ചവച്ച ശ്രീ. ഫിലിപ്പ് കടവിൽ മൂവാറ്റുപുഴ രൂപത പാസ്റ്ററൽ കൗൺസിൽ അംഗമാണ്. നിരവധി കാരുണ്യ പ്രവർത്തനങ്ങൾ നിർദ്ധനർക്ക് ഭവനനിർമ്മാണം, മറ്റ് നിരവധി സാമ്പത്തികസഹായപദ്ധതികൾക്ക് നേതൃത്വം നൽകുന്നു. സഭാപ്രവർത്തനങ്ങൾക്കൊപ്പം വ്യാവസായിക മേഖലയിലും വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. മലങ്കര കാത്തലിക് അസോസിയേഷൻ മികച്ച വ്യാവസായിക സംരംഭകനുള്ള പുരസ്കാരം നൽകി ശ്രീ. ഫിലിപ്പിന്റെ സഭാശുശ്രൂഷകളെയും വ്യവസായമികവിനെയും ആദരിക്കുന്നു.



malankaralibrary.com



## Mr. Cherian P.K.

335 7th A Main Block
Koramangala,Bangalore - 560034

തിരുവല്ല രൂപതയിലെ പുളിക്കീഴ് മാത്യൂഇടവക. ഇപ്പോൾ സിംഗ്സാന്ദ്ര ഇടവകാംഗം. ബാംഗ്ലൂരിൽ അറിയപ്പെടുന്ന വ്യവസായ പ്രമുഖനും സാമൂഹ്യപ്രവർത്തകനുമാണ്. ചിപ്പി കൺസ്ട്രക്ഷൻസ്, ഡോൺ ബോസ്കോ കൺസ്ട്രക്ഷൻ എന്നീ കമ്പനികളുടെ മാനേജിംഗ് ഡയറക്ടർ. വ്യവസായി മേഖലയിലെ പ്രവർത്തനങ്ങൾക്കൊപ്പം സഭാശുശ്രൂഷ മേഖലകളിലെ മുഖ്യസഹകാരി. ബാഹ്യകേരളമിഷൻ ഫിനാൻസ് കൗൺസിൽ അംഗം, പാസ്റ്ററൽ കൗൺസിൽ അംഗം, സെന്റ് ജോൺസ് മെഡിക്കൽ കോളേജ് അക്കാഡമിക് കൗൺസിൽ അംഗം, കോറമംഗല ക്ലബ്ബിന്റെ സ്ഥാപകനേതാവ് തുടങ്ങി വിവിധങ്ങളായ സഭാപരവും സാമൂഹ്യവുമായ മേഖലകളിലെ സജീവനേതൃത്വം. ജീവകാരുണ്യപ്രവർത്തനങ്ങളിലെ മികവിനെആദരിച്ച് കർണ്ണാടക ഗവൺമെന്റ് "കമ്പ ഗൗഡ" അവാർഡ് നൽകി ആദരിച്ചിട്ടുണ്ട്. മേജർ ആർച്ചുബിഷപ്പ് സിറിൽ മാർ ബസ്സേലിയോസ് കാതോലിക്കാബാവയുടെ കാലം മുതൽക്കേ സഭാനേതൃത്വവുമായി സുദൃഢബന്ധം പുലർത്തുന്ന ഇദ്ദേഹം മലങ്കരസഭയെ സംബന്ധിച്ച് അഭിമാനകരമായ പ്രവർത്തനത്തിന്റെ ഉടമയാണ്. മലങ്കര കത്തോലിക്ക അത്മായൻ എന്ന നിലയിൽ ബിസിനസ് മേഖലയിൽ ശ്രീ. പി.കെ. ചെറിയാൻ നൽകുന്ന നേതൃത്വപരമായ പങ്കിനെഅംഗീകരിച്ച് എം.സി.എ. പുരസ്കാരം നൽകി ആദരിക്കുന്നു.



## Byju S.R.

MIT 49/50, Manjunath Layout
Hosa Road Nagavathapura House Road
Bangalore-560100

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിൽപ്പെട്ട കുന്നപ്പുഴ സെന്റ് ഫ്രാൻസിസ് സേവ്യർ മലങ്കര കത്തോലിക്കാ ഇടവകാംഗം. ഇപ്പോൾ ബാംഗ്ലൂർ സിംഗസാന്ദ്ര സെന്റ് ജോൺസ് മലങ്കര കത്തോലിക്കാ ഇടവകാംഗം. നിർമ്മാണ പ്രവർത്തനങ്ങൾ, റിയൽ എസ്റ്റേറ്റ്, ലേഔട്ട് ഡവലപ്പ്മെന്റ്,കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് തുടങ്ങിയ മേഖലകളിലെ ബിസിനസ്സ് സ്ഥാപനങ്ങളായ S R A Groups, S R A Homes, Pvt) (Ltd.) എന്നിവയുടെ മാനേജിംഗ് ഡയറക്ടർ. കൊളംബോ ഓപ്പൺ ഇന്റർ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് കൺസ്ട്രക്ഷൻ ഇൻഡസ്ട്രിയിൽ നിന്നും ഡോക്ടറേറ്റ് ബിരുദം. ബാങ്കോക്കിലെ ഗ്ലോബൽ അച്ചീവേഴ്സ് ഫൗണ്ടേഷനിൽ നിന്നും ഇന്റർ നാഷണൽ ബിസിനസ് എക്സന്റ്സ് അവാർഡ്, ഏഷ്യാ പെസഫിക് അച്ചീവേഴ്സ് സബ്മിറ്റിൽ നിന്നും സ്റ്റാർ ഓഫ് ഏഷ്യാ അവാർഡ്, ഗ്ലോബൽ അച്ചീവേഴ്സ് ഫൗണ്ടേഷൻസ്, ഭാരത് വിഭൂഷൺ സമ്മാൻ പുരസ്കാർ ന്യൂഡൽഹി ഇന്റർ നാഷണൽ ബിസിനസ്സ്, കമ്മൈൽ നൽകിയ "ബെസ്റ്റ് ബിൽഡർ അവാർഡ" എന്നിവയ്ക്ക് അർഹനായി. ബാംഗ്ലൂരിലുള്ള സഭയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുന്നു. ഉപരി പ്രവർത്തനങ്ങൾക്ക് വരുമാനത്തിന്റെ നിശ്ചിതശതമാനം ചെലവഴിക്കുകയും ചെയ്യുന്നു. പൂനഎക്സാർകേറ്റ് പാസ്റ്ററൽ കൗൺസിൽ അംഗമായും പ്രവർത്തിക്കുന്നു. ബിസിനസ്സ് മേഖലയിലെ മികവാർന്ന പ്രവർത്തനങ്ങളെ അംഗീകരിച്ച് എം. സി. എ. പുരസ്കാരം നൽകി ആദരിക്കുന്നു.



malankaralibrary.com



## Mr. K.G. Pappachan

G.T. Road, Bye-Pass
Jalandhar - 144009, Punjab.

പത്തനംതിട്ട രൂപതയിലെ ചന്ദനപ്പള്ളി ഇടവകാംഗം. പഞ്ചാബ് ജലന്തർ സിറ്റിയിലെ മലങ്കര കത്തോലിക്ക കുടുംബങ്ങളെ സംയോജിപ്പിച്ച് മലങ്കര കത്തോലിക്ക കൂട്ടായ്മയ്ക്ക് നേതൃത്വം നൽകിയ വ്യക്തിയാണ് ശ്രീ. കെ.ജി. പാപ്പച്ചൻ. 2002-ൽ ആർച്ച് ബിഷപ്പ് മോറോൻ മാർ സിറിൽ ബസ്സേലിയോസ് കാതോലിക്കാബാവ സി.ബി.സി.ഐ. പ്രസിഡന്റായിരുന്ന കാലത്ത് ജലന്തറിൽ വച്ച് നടന്ന സി.ബി.സി.ഐ മീറ്റിംഗിന്റെ സംഘാടകനായിരുന്നു. മലങ്കര കത്തോലിക്കാസഭയ്ക്ക് സ്വന്തമായി ആരാധനാലയം ഇല്ലാതിരുന്ന സമയത്ത് ജലന്തറിലെ ബിഷപ്പായിരുന്ന മോസ്റ്റ് റവ. ഡോ. സിംഫോറിയൻ കീപ്രത്ത് പിതാവിന്റെ പ്രത്യേക അനുവാദത്തോടെ ബിഷപ്സ് ചാപ്പലിൽ മലങ്കര കുർബാനനടത്തുവാനുള്ള അനുവാദം നേടിയെടുത്തു. ജലന്തർസിറ്റിയിലെ പൗരപ്രമാണിമാരിൽ ഒരാളായ ഇദ്ദേഹത്തിന്റെ സ്വാധീനവും സാന്നിദ്ധ്യവും മലങ്കര കത്തോലിക്കാസഭയുടെ ആ മേഖലയിലെ മിഷൻ പ്രവർത്തനങ്ങൾക്ക് ഗുണകരമായിട്ടുണ്ട്. സഭാശുശ്രൂഷയ്ക്കായി സമയവും സമ്പത്തും വിനിയോഗിക്കുന്നതിൽ യാതൊരുവിധമായ ഉപേക്ഷയും കാണിച്ചിട്ടില്ലാത്ത ഒരു വലിയ മിഷൻ ചൈതന്യത്തിന്റെ ഉടമയാണ്. മലങ്കര കത്തോലിക്കാസഭയുടെ പഞ്ചാബ് മേഖലയിലെ മിഷൻ പ്രവർത്തനങ്ങൾക്ക് ശക്തമായ നേതൃത്വം നൽകുന്ന ശ്രീ. കെ.ജി. പാപ്പച്ചന്, മിഷൻ പ്രവർത്തനമേഖലകളിലെ മികച്ച സംഭാവനകളെ മാനിച്ച് എം.സി.എ. പുരസ്ക്കാരം നൽകി ആദരിക്കുന്നു.



## Mr. Alex Valavil

734, Neha Villa, Vikas Nagar,
Kiwle, Dehu Road, Pune

പത്തനംതിട്ട രൂപതയിൽപ്പെട്ട ഏറത്തുമ്പമൺ ഇടവകാംഗം. ഇപ്പോൾ പൂനഡെഹുറോഡ് ഇടവകാംഗം. 35 വർഷമായി പൂനകേന്ദ്രമാക്കി എഞ്ചിനീയറിംഗ് മേഖലയിൽ വിവിധങ്ങളായ പ്രവർത്തനങ്ങൾക്ക്  നേതൃത്വം നൽകുന്നു. ഒരു വലിയ ബിസിനസ് ശൃംഖലയുടെ മേൽനോട്ടം വഹിക്കുന്നതിനോടൊപ്പം സഭയുടെ വിവിധങ്ങളായ ശുശ്രൂഷാവേദികളിൽ സജീവമായി പങ്കെടുക്കുന്നു. പൂനാകേന്ദ്രമാക്കിയുള്ള മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നവരിൽ പ്രധാനി. പൂനാഎക്സാർക്കേറ്റ് പാസ്റ്ററൽ കൗൺസിൽ അംഗം, എം.സി.എ. സഭാതലസമിതി എക്സിക്യൂട്ടീവ് അംഗം, എം.സി.എ. ബാഹ്യകേരള മിഷൻ കോർഡിനേറ്റർ എന്നീ തസ്തികകളിൽ ശുശ്രൂഷ നിർവഹിക്കുന്നു. പൂനാ എക്സാർക്കേറ്റിന്റെ വികസനപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനു പുറമേ ഒറീസാമിഷൻ പ്രാരംഭഘട്ട പ്രവർത്തനങ്ങൾക്കും ആന്ധ്രാമിഷൻ രൂപീകരണത്തിലും മുഖ്യസഹകാരി. മാർത്താണ്ഡം രൂപതയിലെ വിദ്യാഭ്യാസപ്രവർത്തനങ്ങളുടേയും ഭവനനിർമ്മാണപദ്ധതികളുടേയും പ്രധാന സ്പോൺസർ.

ബാഹ്യകേരളമിഷൻ പ്രവർത്തനമേഖലയിലെ സുദീർഘവും സ്തുത്യർഹവുമായ പ്രവർത്തനങ്ങളെ മാനിച്ചും ശുശ്രൂഷാമനോഭാവത്തെ പരിഗണിച്ചും മികച്ച മിഷൻപ്രവർത്തകനുള്ള എം.സി.എ. പുരസ്കാരം നൽകി ആദരിക്കുന്നു.



malankaralibrary.com



## Mr. Babu George

Ellora, 1201 A Wing Plot No. 27
Sector 11 CBD
Belapur, New Mumbai-400614

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ കൊട്ടാരക്കര പനവേലി സെന്റ് ജോർജ് ഇടവകാംഗം. കഴിഞ്ഞ 34 വർഷമായി മുംബൈയിൽ താമസിക്കുന്നു. അഞ്ഞൂറിലേറെ ജീവനക്കാരുള്ള ബി.ജി. ഗ്രൂപ്പ് ഓഫ് കമ്പനികളുടെ മാനേജിംഗ് ഡയറക്ടർ ആണ്. സെന്റ് എഫ്രേം എക്സാർക്കേറ്റ് സെന്റർ നിർമ്മാണകമ്മറ്റി ചീഫ് കോ-ഓർഡിനേറ്റർ, പാസ്റ്ററൽ കൗൺസിൽ അംഗം, എം.സി.എ. ഗ്ലോബൽ കമ്മറ്റി അംഗം, മഹാരാഷ്ട്ര മലയാളി ക്രിസ്ത്യൻ അസ്സോസിയേഷൻ എക്യുമെനിക്കൽ ട്രസ്റ്റി, മുംബൈ വൈ.എം.സി.എ. ബോർഡ് മെമ്പർ, മുംബൈ കേരള കാത്തലിക് അസ്സോസിയേഷൻ എക്സിക്യൂട്ടീവ് കമ്മറ്റി അംഗം, തലോജ ഇൻഡസ്ട്രീസ് അസ്സോസിയേഷൻ വൈസ് പ്രസിഡന്റ് എന്നീ നിലകളിൽ സേവനം അനുഷ്ഠിക്കുന്നു. ബിസിനസ് മേഖലകളിലെ പ്രവർത്തനങ്ങളിൽ വ്യാപരിക്കുമ്പോഴും സഭാകാര്യങ്ങളിൽ പരിപൂർണ്ണ അർപ്പണമനോഭാവത്തോടെയുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. മുംബൈയിൽ മലങ്കര കത്തോലിക്കാസഭയുടെ പ്രേഷിത ചൈതന്യം പ്രസരിപ്പിക്കുന്നതിൽ മുഖ്യസംഘാടകനായ ശ്രീ. ബാബു ജോർജ്ജിന്റെ മികച്ച മിഷൻ പ്രവർത്തനങ്ങളെ അംഗീകരിച്ച് എം.സി.എ. പുരസ്കാരം നൽകി ആദരിക്കുന്നു.



## Mr. Zacharia Antony Powath

8 Ruguta CHS
Plot No. 02, Sector No. 10 A,
Vashi, Navi Mumbai - 400703

പത്തനംതിട്ട ഭദ്രാസനത്തിലെ കോന്നി ഇടവകാംഗമായിരുന്ന ശ്രീ. ആന്റണി പവ്വത്തിന്റെ മകൻ. അരനൂറ്റാണ്ടുകൾക്ക് മുൻപ് മലങ്കര കത്തോലിക്കാസഭയുടെ ബാഹ്യകേരള മിഷൻ പ്രവർത്തനങ്ങൾക്ക് അഭിവന്ദ്യ പിതാക്കന്മാരൊരൊപ്പം മുൻകൈ എടുത്ത് പ്രവർത്തിച്ച വ്യക്തിയായിരുന്നു ശ്രീ. ആന്റണി പവ്വത്ത്. പിതാവിന്റെ പിൻഗാമിയായി റോയൽ കൺസ്ട്രക്ഷൻ ആൻഡ് എഞ്ചിനീയറിംഗ് കമ്പനിയുടെ ഡയറക്ടറായി. മുംബൈയിലാണ് ജനിച്ചത്. മലങ്കര കത്തോലിക്കാസഭയുടെ പ്രേഷിതചൈതന്യം ഉൾക്കൊണ്ട് സഭയുടെ വിവിധങ്ങളായ ശുശ്രൂഷമേഖലകളിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിക്കുന്നു. സഭാപ്രവർത്തനങ്ങൾക്ക് സമയവും സമ്പത്തും ധാരാളമായി വിനിയോഗിക്കുന്നു. വിവിധ മിഷൻകേന്ദ്രങ്ങളിൽ താമസിച്ച് ശുശ്രൂഷകൾ നിർവ്വഹിക്കുന്നതിൽ ശ്രദ്ധാലുവാണ്. നവി-മുംബൈ സെന്റ് മേരീസ് മലങ്കര കത്തോലിക്കാദൈവാലയ അംഗമായ ശ്രീ. സഖറിയ ആന്റണി ഇപ്പോൾ മുംബൈ കേരള കാത്തലിക് അസ്സോസിയേഷൻ വൈസ് പ്രസിഡന്റാണ്. മിഷൻ പ്രവർത്തനങ്ങളിൽ കാണിക്കുന്ന പ്രേഷിതചൈതന്യത്തേയും ജീവിതസാക്ഷ്യത്തേയും ആദരിച്ചുകൊണ്ട് എം.സി.എ. മികച്ച മിഷൻ പ്രവർത്തകനുള്ള അവാർഡ് നൽകി ആദരിക്കുന്നു.



malankaralibrary.com



## Mr. George V.A.

Mantri Residency, No. 1 Bhau Patil Road
Range Hills P.O., Kirkee, Pune - 411020

പുനരൈക്യപ്പെട്ടനാൾ മുതൽ പൂനകേന്ദ്രമാക്കി മലങ്കര കത്തോലിക്കാസഭയുടെ വിവിധങ്ങളായ ശുശ്രൂഷമേഖലകളിൽ നേതൃത്വം നൽകുന്നു. മലങ്കര കാത്തലിക് യൂത്ത്മൂവ്മെന്റിന്റെ ദാർശനിക അടിത്തറ ക്രിസ്തീയ തത്വങ്ങൾക്ക് അനുസൃതമായി രൂപപ്പെടുത്തുന്നതിലും യുവജനസമൂഹത്തെ സഭയുടെ മുഖ്യധാരയിൽ നിലഉറപ്പിക്കുന്നതിന് ശക്തമായ നേതൃത്വം നൽകി. 27 വർഷക്കാലം യുവജനപ്രസ്ഥാനവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച് ഒറീസ്സ, പഞ്ചാബ്, ത്രിപുര, ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിൽ മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി മലങ്കര കത്തോലിക്ക സുവിശേഷസംഘത്തിൽ ആദ്യബാച്ചിൽ തന്നെ കൈവയ്പ്പ് ലഭിച്ച വ്യക്തിയാണ്. മറാഠി, ഹിന്ദി, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ വചനപ്രഘോഷകനായി സഭ മുഖ്യമായും ആശ്രയിക്കുന്നത് ശ്രീ. ജോർജിനെയാണ്. സഹപ്രവർത്തകർക്കിടയിൽ ജോജി അങ്കിൾ എന്നറിയപ്പെടുന്നു. സുവിശേഷകൺവൻഷനുകളുടെ സംഘാടകനാണ്.

മലങ്കര കത്തോലിക്കസഭ ബാഹ്യകേരളമിഷൻ പ്രവർത്തനങ്ങളുടെ വളർച്ചക്ക് നൽകിയ സേവനങ്ങളെയും അർപ്പണമനോഭാവത്തേയും മാനിച്ചുകൊണ്ട് എം.സി.എ. ആദരിക്കുന്നു.



## Mr. John Mathew

DB Woods, B-3101, Gokulam
Goregaon East, Mumbai.

പത്തനംതിട്ട രൂപതയിൽപ്പെട്ട സെന്റ് ജോർജ് മലങ്കര കത്തോലിക്കാ ദേവാലയം ആറ്റരികം ഇടവകയിൽ അംഗമായ ശ്രീ. ജോൺ മാത്യു ഇപ്പോൾ മുംബൈ, സാക്കിനഹ സെന്റ് മേരീസ് മലങ്കര കത്തോലിക്കാപള്ളി ആംഗമാണ്. Marine Refrigeration & Air Conditioning Engineer, Government Commercial Diploma with Advanced Accountancy M.Com ഇദ്ദേഹത്തിന്റെ വിദ്യാഭ്യാസ യോഗ്യതകളാണ്. Saplings Agro Pvt. Ltdയുടെ ചെയർമാൻ, J.J. Refrogeration Co. Mumbaiയുടെ പാർട്ട്ണർ തുടങ്ങി ഒരു വലിയ വ്യവസായ സാമ്രാജ്യത്തിന്റെ ഉടമയാണ്. മുംബൈ പ്രദേശത്തെ മലങ്കര കത്തോലിക്കാസഭയുടെ വിവിധങ്ങളായ ശുശ്രൂഷകളിലെ പങ്കുകാരൻ, Malankara Education Society Mumbaiയുടെ സ്ഥാപക ട്രസ്റ്റിയും വൈസ് പ്രസിഡന്റുമാണ്. Kerala Christian Council Malankara Education Solutions Pvt. Ltd (Director), Malayalee Chember of Commerce, Malayalee Samagam Kerala Christian Council തുടങ്ങിയ സഭാപരവും സാംസ്കാരികവും വ്യാവസായികവുമായ നിരവധി മേഖലകളിലെ സജീവ നേതൃത്വം. സഭാസേവനവും മിഷൻ പ്രവർത്തനവും വ്യവസായവും അടങ്ങുന്ന വിവിധ മേഖലകളിലെ നിസ്തുല സേവനത്തെ ആദരിച്ച് എം.സി.എയുടെ പുരസ്കാരം നൽകി ആദരിക്കുന്നു.



malankaralibrary.com



### N. Christal Antony

Christal House, 34- St. Mary's Street
Raman Puthoor, Nagarcoil- 629004

ശ്രീ. വി. ക്രിസ്റ്റൽ ആന്റണി മാർത്താണ്ഡം രൂപതയിൽപ്പെട്ട മരിയഗിരി പാരിഷ് അംഗം. പ്രേക്ഷിത പ്രവർത്തനരംഗത്ത് മലങ്കര അത്മായന്റെ ഉദാത്ത മാതൃക. ഗ്രാമങ്ങളിൽ കടന്നുചെന്ന് വചനപ്രഘോഷം നടത്തുകയും ക്രിസ്തുവചനത്തിന്റെ സ്വാധീനശക്തിയിൽ മദ്യപാനം തുടങ്ങിയ ദുസ്വഭാവങ്ങളുടേയും മറ്റു സാമുദായിക തിന്മകളെയും ദൂരീകരിക്കുകയും ചെയ്യുന്ന വ്യക്തി എന്ന നിലയ്ക്കാണ് ക്രിസ്റ്റൽ ആന്റണി ശ്രദ്ധേയനാകുന്നത്. ഇദ്ദേഹത്തിന്റെ ശ്രമഫലമായി നിരവധി കൂട്ടായ്മകൾ രൂപം പ്രാപിക്കുകയും പിന്നീട് ഇടവക സമൂഹമായി മാറ്റുകയും ചെയ്തു. സമർത്ഥരും നിർധനരുമായ കുട്ടികളുടെ വിദ്യാഭ്യാസത്തിനുവേണ്ട സഹായ സഹകരണങ്ങൾ നൽകിവരുന്നു. സഭയുടെ ജീവകാരുണ്യപ്രവർത്തനങ്ങളിൽ സജീവ പങ്കാളി.

പ്രേക്ഷിത പ്രവർത്തനരംഗത്ത് ക്രിസ്റ്റൽ ആന്റണി നൽകിക്കൊണ്ടിരിക്കുന്ന വിലപ്പെട്ട ശുശ്രൂഷകളെ ആദരിച്ചുകൊണ്ട് മിഷ്യൻ പ്രവർത്തനമികവിനുള്ള എം.സി.എ. പുരസ്ക്കാരം നൽകി ആദരിക്കുന്നു.



### ശ്രീമതി വത്സാ ചാക്കോ

പുത്തൻവീട്, പുൽപ്പള്ളി പി.ഒ., വയനാട്

സെന്റ് ജോർജ് മലങ്കര കത്തോലിക്കാപള്ളി, പുൽപ്പള്ളി, വയനാട്, ബത്തേരി രൂപതാംഗം. മഹിളാകോൺഗ്രസ്സിന്റെ ജില്ലാഭാരവാഹിയായി രാഷ്ട്രീയ നേതൃത്വത്തിൽ പ്രവേശിച്ച ശ്രീമതി വത്സാ ചാക്കോ 2000-2005-ൽ വയനാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, 2010-2015 പനമരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എന്നീ പദവികൾ വഹിച്ചു. വൈ.എം.സി.എ വയനാട് ജില്ലാ സബ് റീജിയൻ വനിത ചെയർപേഴ്സൺ, വയനാട് ജില്ലാ കാർഷിക പുരോഗമനസമിതി ജില്ലാ കൺവീനർ എന്നീ നിലയ്ക്ക് പൊതുരംഗത്തും പ്രവർത്തിച്ചു വരുന്നു.

സൺഡേസ്കൂൾ അധ്യാപിക, എം.സി.വൈ.എം. ആനിമേറ്റർ, മാതൃ ജ്യോതിസ് യൂണിറ്റ് പ്രസിഡന്റ്, പാസ്റ്ററൽ കൗൺസിൽ അംഗം, എം.സി.എ. ദേശീയ സമിതി വൈസ് പ്രസിഡന്റ് തുടങ്ങിയ പദവികൾ സഭാതലവേദികളിൽ വഹിച്ചിട്ടുണ്ട്. സഭയിലും സമൂഹത്തിലും രാഷ്ട്രീയ മേഖലയിലേയും സജീവ സാന്നിദ്ധ്യമായി നിന്ന് സ്ത്രീശാക്തീകരണ മേഖലയിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവെച്ചിട്ടുള്ള വനിതകൾക്കായുള്ള എംസിഎ പുരസ്കാരം ശ്രീമതി വത്സാ ചാക്കോയ്ക്ക് നൽകി ആദരിക്കുന്നു.



malankaralibrary.com



**ശ്രീമതി. ശോശാമ്മ തോമസ്**
**പാലനിൽക്കുന്നതിൽ, അങ്ങാടി, റാന്നി**

തിരുവല്ലാ അതിരൂപത റാന്നി മേഖല കളമ്പാല ഇടവക. 1995 മുതൽ ത്രിതല പഞ്ചായത്തുകളിൽ മെമ്പർ പത്തനംതിട്ട ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റായിരുന്നു. ഇപ്പോൾ മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, ഈസ്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ഡയറക്ടർ ആയി തുടരുന്നു. മഹിളാ കോൺഗ്രസ് ജില്ലാ വൈസ് പ്രസിഡന്റ്, ജില്ലാ കോൺഗ്രസ് കമ്മറ്റി എക്സിക്യുട്ടീവ് മെമ്പർ, ജനശ്രീ മിഷൻ സംസ്ഥാനകമ്മറ്റി അംഗം എം.സി.എ സഭാതല കമ്മറ്റി അംഗം, പാസ്റ്റർ കൗൺസിൽ അംഗം, സെന്റ് വിൻസെന്റ് ഡിപോൾ സൊസൈറ്റി സെൻട്രൽ കമ്മറ്റി അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചുവരുന്നു.

38 വർഷങ്ങളായി സൺഡേസ്കൂൾ അദ്ധ്യാപികയായി തുടരുന്നു. സഭയിലും സമൂഹത്തിലും രാഷ്ട്രീയ മേഖലയിലേയും സജീവ സാന്നിദ്ധ്യമായി നിന്ന് സ്ത്രീശാക്തീകരണ മേഖലയിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവെച്ചിട്ടുള്ള വനിതകൾക്കായുള്ള എംസിഎ പുരസ്കാരം ശ്രീമതി ശോശാമ്മ തോമസിന് നൽകി ആദരിക്കുന്നു.



**ശ്രീ. ഐസക് റ്റി.റ്റി.**
**തറയിൽ പുത്തൻവീട്**
**പഴകുളം, കുരമ്പാര സൗത്ത് പി.ഒ.,**
**പന്തളം**

പരമ്പരാഗതമായ കന്നുകാലിവളർത്തൽ സമ്പ്രദായത്തിൽ നിന്നു ക്ഷീരോല്പാദനമേഖലയിൽ നൂതനമായ സങ്കേതങ്ങൾ ആവിഷ്കരിക്കുകയും ക്ഷീരോല്പാദനസംരംഭത്തിൽ വിജയമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുകയും ചെയ്യുന്ന വ്യക്തിയാണ് ശ്രീ. ഐസക് റ്റി.റ്റി. ക്ഷീരോല്പാദനസംഘത്തിന്റെയും ക്ഷീരവികസനവകുപ്പിന്റേയും പ്രവർത്തനങ്ങളിൽ സജീവസാന്നിദ്ധ്യം. ആലപ്പുഴ ജില്ലയിൽ നിന്നു മികച്ച ക്ഷീരകർഷകനുള്ള അവാർഡ് ജേതാവ്.

മികച്ച ക്ഷീരകർഷനുള്ള എം.സി.എ. അവാർഡ് ശ്രീ. ഐസക് റ്റി.റ്റി.ക്ക് നൽകി അദ്ദേഹത്തിന്റെ ഈ മേഖലയിലെ പ്രവർത്തനങ്ങളെ എം.സി.എ. ആദരിക്കുന്നു.




malankaralibrary.com

## മുൻകാല വൈദിക ഉപദേഷ്ടാക്കൾക്ക് നന്ദി പൂർവം...


ഫാ. മാത്യു ആലുമ്മൂട്ടിൽ


ഫാ. ജോൺ തോമസ്


ഫാ. മത്തായി കടവിൽ OIC


മോൺ. ജോൺ തുണ്ടിയത്ത്

## രൂപതാ ഭാരവാഹികൾ തിരുവനന്തപുരം മേജർ അതിരൂപത


ഫാ. ഹോർമിസ് പുത്തൻവീട്ടിൽ
വൈദീക ഉപദേഷ്ടാവ്


ജെ. ക്രിസ്തുദാസ്
പ്രസിഡന്റ്


എൻ. ധർമരാജ്
ജനറൽ സെക്രട്ടറി


റെജിമോൻ വർഗീസ്
ട്രഷറർ

## തിരുവല്ല അതിരൂപത


ഫാ. ജോസ് കല്ലുമാലിക്കൽ
വൈദീക ഉപദേഷ്ടാവ്


ജോജി വാഴയിൽ
പ്രസിഡന്റ്


സുരേഷ് വർഗീസ്
ജനറൽ സെക്രട്ടറി


ജോഷ്വ എ.ഡി.
ട്രഷറർ

## ബത്തേരി രൂപത


ഫാ. സാമുവൽ പുതുപ്പാടി
വൈദീക ഉപദേഷ്ടാവ്


മത്തായി അടിയോളിൽ
പ്രസിഡന്റ്


ജോയി കാവുങ്കൽ
ജനറൽ സെക്രട്ടറി


ബിജു മറ്റമന
ട്രഷറർ



malankaralibrary.com

## മാർത്താണ്ഡം രൂപത



ഫാ. ജോൺ കുമാർ
വൈദീക ഉപദേഷ്ടാവ്



രാജേന്ദ്ര ബാബു
പ്രസിഡന്റ്



എ. രാജ്
ജനറൽ സെക്രട്ടറി



അരുൾദാസ് എം.
ട്രഷറർ

## മാവേലിക്കര രൂപത



ഫാ. ജോർജ് വർഗീസ്
വൈദീക ഉപദേഷ്ടാവ്



ബാബു അമ്പലത്തുംകാല
പ്രസിഡന്റ്



അഡ്വ. അനിൽ ബാബു
ജനറൽ സെക്രട്ടറി



സിജു റോയി
ട്രഷറർ

## മൂവാറ്റുപുഴ രൂപത



ഫാ. ഷൈജു മാത്യു OIC
വൈദീക ഉപദേഷ്ടാവ്



എൻ.റ്റി. ജേക്കബ്
പ്രസിഡന്റ്



ഷിബു പനച്ചയ്ക്കൽ
ജനറൽ സെക്രട്ടറി



പി.സി. അലക്സാണ്ടർ പുന്നമട
ട്രഷറർ

## പത്തനംതിട്ട രൂപത



ഫാ. ജോർജ് മാത്യു
വൈദീക ഉപദേഷ്ടാവ്



ചെറിയാൻ ചെന്നീർക്കര
പ്രസിഡന്റ്



തോമസ് എബ്രഹാം
ജനറൽ സെക്രട്ടറി



പി.ജെ. ഗീവർഗീസ്
ട്രഷറർ



malankaralibrary.com

## പുത്തൂർ രൂപത



കോശി കാക്കനാട് കോറെപ്പിസ്കോപ്പ
വൈദീക ഉപദേഷ്ടാവ്



സജിത്ത്
പ്രസിഡന്റ്



യോഹന്നാൻ ഒ. എം.
ജനറൽ സെക്രട്ടറി



ജോർജി കുര്യൻ
ട്രഷറർ

## ഡൽഹി-ഗുഡ്ഗാവ് രൂപത



ഫാ. ജോസ് കുന്നത്തറയിൽ
വൈദീക ഉപദേഷ്ടാവ്



അഡ്വ. എബ്രഹാം എം. പട്ട്യാനി
പ്രസിഡന്റ്



കെ.കെ. ജോസ്
ജനറൽ സെക്രട്ടറി



സാബു സാമുവൽ
ട്രഷറർ

## പൂനെ കട്കി എക്സാർക്കേറ്റ്



ഫാ. വർഗീസ് വാലിക്കോടത്ത്
വൈദീക ഉപദേഷ്ടാവ്



ജോൺസൺ റ്റി.എം.
പ്രസിഡന്റ്



ജോസ് മാത്യു അലക്സാണ്ടർ
ജനറൽ സെക്രട്ടറി



എബ്രഹാം സാമുവൽ
ട്രഷറർ

## കുവൈറ്റ് മലങ്കര റൈറ്റ് മൂവ്മെന്റ് (കെ.എം.ആർ.എം.)



ഫാ. തോമസ് കൊച്ചുകരിക്കത്ത്
വൈദീക ഉപദേഷ്ടാവ്



ഐസക്ക് കടകംപള്ളിൽ
പ്രസിഡന്റ്



ഷാജി കുഞ്ഞുമോൻ
ജനറൽ സെക്രട്ടറി



രാജൻ തോട്ടത്തിൽ
ട്രഷറർ



malankaralibrary.com

# പൂർവ്വകാല സാരഥികൾ

## അഡ്ഹോക്ക് സമിതി 1996–99



ഷെവ. വർഗീസ് കരിപ്പായിൽ
പ്രസിഡന്റ്



അഡ്വ. വി.വി. ഷാജി
ജന. സെക്രട്ടറി



മാത്യു വർഗീസ്
ട്രഷറാർ

## പ്രഥമസമിതി 1999 – 2002



ഷെവ. വർഗീസ് കരിപ്പായിൽ
പ്രസിഡന്റ്



അഡ്വ. ജോൺ എബ്രഹാം
ജന. സെക്രട്ടറി



പി. ജോസഫ്
ട്രഷറാർ

## 2002 – 2005



വി.പി. തോമസ്
പ്രസിഡന്റ്



ഷിബു വർഗീസ്
ജന. സെക്രട്ടറി



തങ്കമണി
ട്രഷറാർ

## 2005 – 2007



തോമസ് ജോൺ
പ്രസിഡന്റ്



വി.പി. മത്തായി
ജന. സെക്രട്ടറി



ലോറൻസ് പോൾ
ട്രഷറാർ

## 2007 – 2009



പ്രൊഫ. ജേക്കബ് എം
എബ്രഹാം
പ്രസിഡന്റ്



പി.ജെ. ഗീവർഗീസ്
ജന. സെക്രട്ടറി



ഫിലിപ്പ് നൈനാൻ
ട്രഷറാർ

## 2009 – 2011



പോൾ രാജ്
പ്രസിഡന്റ്



ബേബി കാര്യത്ത്
ജന. സെക്രട്ടറി

## 2011 – 2013



അഡ്വ. തോമസ് എം.
മാത്തുണ്ണി
പ്രസിഡന്റ്



തോമസ് നാച്ചേരി
ജന. സെക്രട്ടറി



വൈ. രാജു
ട്രഷറാർ

## 2013 – 2015



ഫിലിപ്പ് കടവിൽ
പ്രസിഡന്റ്



സജി ജോൺ
ജന. സെക്രട്ടറി



ജേക്കബ് മാത്യു
ട്രഷറാർ



malankaralibrary.com

## 2015 - 2017
## ഭാരവാഹികൾ



പി.കെ. ജോസഫ്
പ്രസിഡന്റ്



തോമസ് ചെറിയാൻ
ജന. സെക്രട്ടറി



തങ്കച്ചൻ സി.എം.
ട്രഷറാർ

## ആഗോള അത്മായസംഗമം 2017 ആതിഥേയ അടൂർ ജില്ലാസമിതി



ഫാ. ഗീവർഗീസ് നെടിയത്ത്
ജില്ലാ രക്ഷാധികാരി



ഫാ. വിൻസന്റ് ചരുവിള
ജില്ലാ വൈദിക ഉപദേഷ്ടാവ്



മോനി ഏഴംകുളം
അതിരൂപത വൈ. പ്രസിഡന്റ്



അഡ്വ ബിനോ ജോർജ്
ജില്ലാ പ്രസിഡന്റ്)



ഡോ. എബി എബ്രഹാം
(ജില്ലാ വൈസ് പ്രസിഡന്റ്)



ഡോ. ഷീല രാജൻ
(ജില്ലാ വൈസ് പ്രസിഡന്റ്)



ജോൺസൺ
ജില്ലാ സെക്രട്ടറി



ഉഷാ തമ്പാൻ
ജില്ലാ ജോ. സെക്രട്ടറി



ജോമോൻ മണ്ണിക്കരോട്ട്
ജില്ലാ ട്രഷറർ



പ്രിൻസി ടോം
അതിരൂപതാ സമിതി



ടോം തോട്ടത്തിൽ
അടൂർ യൂണിറ്റ് പ്രസിഡന്റ്



അജു തോമസ്
അടൂർ യൂണിറ്റ് സെക്രട്ടറി



മാത്യു കെ.വി
അടൂർ യൂണിറ്റ് ട്രഷറാർ



malankaralibrary.com

## അനുമോദനങ്ങൾ



**ഡോ. എ. മോഹനൻ**
(മികച്ച അധ്യാപകനുള്ള ദേശീയ അവാർഡ് ജേതാവ്)



**ജേക്കബ് ചാൾസ്**
(സംസ്ഥാന അധ്യാപക പുരസ്കാര ജേതാവ്)



**സാലു പതാലിൽ**
(സംസ്ഥാന പ്രസിഡന്റ്, കേരളാ ടീച്ചേഴ്സ് ഗിൽഡ്, കെസിബിസി വിദ്യാഭ്യാസ കമ്മീഷൻ)



**അലക്സ് വളവിൽ**
(എം.സി.എ. ചീഫ് കോ-ഓർഡിനേറ്റർ ബാഹ്യകേരളാ മിഷൻ)


Best compliments from

**BETHANY COLLEGE & I T I**

**Nedumangadu**
**Phone: 0472-2800208**
**Mob: 9592929833**

*ആശംസകളോടെ,...*

**പണയത്തറയിൽ ചിക്കൻ സെന്റർ**
**പണയതറയിൽ ഫുഡ്**
*(എഫ്.എസ്.എസ്.എ.ഐ രജിസ്റ്റർ നമ്പർ 21316163000196)*
**പണയത്തറയിൽ കാറ്ററിംഗ് സർവീസ്.**

*(അറുനൂറ്റിമംഗലം സ്കൂൾ ജംഗ്ഷനപടിഞ്ഞാറ് വശം, മാവേലിക്കര)* ഫോൺ:8592827013




malankaralibrary.com

# KMRM - MCA വിദ്യാഭ്യാസ സ്കോളർഷിപ്പ്

**എം. കെ. ഗീവർഗ്ഗീസ് മേക്കാട്ട് (പ്രോജക്ട് കോർഡിനേറ്റർ)**

എം.സി.എ.യുടെ ബഹിർഭാരതത്തിലെ ശക്തമായ യൂണിറ്റാണ് കെ.എം.ആർ.എം. (കുവൈറ്റ് മലങ്കര റൈറ്റ് മൂവ്മെന്റ്) കുവൈറ്റിലെ മലങ്കര കത്തോലിക്ക സഭാംഗങ്ങളുടെ കൂട്ടായ്മയാണിത്. കെ.എം.ആർ.എം. രൂപീകരണ കാലം മുതൽ തന്നെ ഉപവി പ്രവർത്തനങ്ങൾക്ക് പ്രമുഖ്യം നൽകി വരുന്നു. 2007 മുതൽ കെ.എം.ആർ.എം.ന്റെ ഉപവി പ്രവർത്തനങ്ങൾ എം.സി.എ. കേന്ദ്ര സമിതി മുഖേനെയാണ് നടപ്പിലാക്കി വരുന്നത്. കഴിഞ്ഞ 10 വർഷമായി ഓരോ രൂപതയിലേയും എസ്.എസ്. എൽ.സി.ക്ക് ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന ഒരു കുട്ടിക്ക് മോറോൻമോർ ബസേലിയോസ് വിദ്യാശ്രീ പുരസ്ക്കാരം എന്ന പേരിൽ സ്കോളർഷിപ്പ് നൽകി വരുന്നു. 10000/- രൂപയും പ്രശസ്തി പത്രവുമാണ് നൽകി വരുന്നത്. കഴിഞ്ഞ വർഷങ്ങളിൽ കലാലയ സാന്ത്വന എന്ന പേരിൽ തൊഴിലധി ഷ്ഠിത വിദ്യാഭ്യാസത്തിൽ ഏർപ്പെട്ടിരുന്നവർക്കും, സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് സ്വാശ്രയ സാന്ത്വനം എന്ന പേരിലും ധനസഹായം ലഭ്യമാക്കി. കഴിഞ്ഞ മൂന്ന് വർഷമായി ഒന്ന് മുതൽ ഏഴ് വരെ യുള്ള ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്ക് ദൈവദാസൻ മാർ ഈവാനിയോസ് വിദ്യാനിധി എന്ന പേരിലും വിദ്യാഭ്യാസ സഹായം നൽകി വരുന്നു. ഏകദേശം 47 ലക്ഷം രൂപയോളം എം.സി.എ. കേന്ദ്ര സമിതിയി ലൂടെ കെ.എം.ആർ.എം. സഹായങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

വിദ്യാഭ്യാസത്തിലൂടെ മാത്രമേ ഒരു സമൂഹം പുരോഗതി പ്രാപിക്കുകയുള്ളൂ എന്ന വസ്തുത വന്ദ്യ താതൻ ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് മുതലുള്ള സഭാപിതാക്കന്മാർ മനസിലാക്കു കയും പ്രാവർത്തികമാക്കുകയും ചെയ്തു വന്നിരുന്നു. പ്രത്യേകിച്ച് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സാമ്പത്തിക സഹായത്തിലൂടെ ഉയർന്ന പഠന നിലവാരത്തിലെത്തിക്കേണ്ടത് ഇന്നിന്റെ ആവശ്യമാണ്. ഇന്ന് വിദ്യാഭ്യാസ മേഖല ഏറ്റവും ചെലവേറിയതാണ്. സമർത്ഥമായ ധാരാളം കുട്ടികൾ ഇന്ന് സഭയിലുണ്ട്. ഏവർക്കും നല്ല വിദ്യാഭ്യാസ സാഹചര്യം നാം ഒരുക്കേണ്ടതായിട്ടുണ്ട്.

കഴിഞ്ഞ 10 വർഷമായി കെ.എം.ആർ.എം ന്റെ എം.സി.എ. പ്രോജക്റ്റ് കോർഡിനേറ്റർ എന്ന് നിലയിൽ പ്രവർത്തിക്കുന്ന എനിക്ക് സഭയുടെ വിവിധ ഭാഗങ്ങളിൽ മലങ്കര സഭാ മക്കൾ അനുഭവി ക്കുന്ന സാമ്പത്തിക പ്രയാസങ്ങൾ, യാതനകൾ ഏറ്റവും നന്നായി മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. ഈ രംഗത്തെ കെ.എം.ആർ.എം.ന്റെ പ്രവർത്തനങ്ങളെ എം.സി.എ. കേന്ദ്ര സമിതിയുടെ പേരിൽ ആത്മാത്ഥമായി ശ്ലാഘിക്കുന്നു. മറ്റു വിദേശ മിഷൻ മേഖലയിലുള്ളവർക്ക് ഇത് പ്രചോദനമാകട്ടെ കൂടാതെ സഭാമക്കൾ വ്യക്തിപരമായും സംഘടിതമായും എം.സി.എ. യുടെ വിവിധ തലങ്ങളിലുള്ളവ രും, വിദ്യാഭ്യാസ മേഖലയിലെ ഈ പ്രവർത്തനം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്.

ദോഹ എം.സി.എ. 2009, 2010ൽ +2ന് കൂടുതൽ മാർക്ക് നേടിയ കുട്ടികളെ സ്കോളർഷിപ്പ് നൽകി പ്രോത്സാഹിപ്പിച്ചിരുന്നു. അവരേയും നന്ദിയുടെ സ്മരിക്കുന്നു.

ഈ പ്രവർത്തനങ്ങൾക്ക് എനിക്ക് ശക്തമായ പിന്തുണ നൽകുന്ന അത്യഭിവന്ദ്യ കാതോലിക്ക ബാവ തിരുമേനി എം.സി.എ. ചെയർമാൻ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി, സഭ യിലെ പിതാക്കന്മാർ, സഭയുടെ വിവിധ തലങ്ങളിലുള്ള വൈദീക ഉപദേഷ്ടാക്കൾ, എം.സി.എ. കേന്ദ്ര സമിതി ഭാരവാഹികൾ, രൂപത ഭാരവാഹികൾ എന്നിവരോടുമുള്ള കൃതജ്ഞത അറിയിക്കുന്നു.



malankaralibrary.com

malankaralibrary.com

പരസ്പരകരുതലിന്റെ ചെറിയ പ്രവൃത്തികൾ കൊണ്ട് കവിഞ്ഞൊഴുകുന്ന സ്നേഹം പൗരത്വപരവും രാഷ്ട്രീയവും കൂടിയാണ്. മെച്ചപ്പെട്ട ഒരു ലോകം നിർമ്മിക്കാൻ ശ്രമിക്കുന്ന എല്ലാ പ്രവൃത്തിയിലും അതു സ്വയം അനുഭവപ്പെടുത്തുന്നു. സമൂഹത്തോടുള്ള സ്നേഹവും പൊതുനന്മയോടുള്ള പ്രതിബദ്ധതയും ഉപവിയുടെ ശ്രദ്ധേയമായ ആവിഷ്ക്കാരങ്ങളാണ്. ആ ഉപവി വ്യക്തികൾ തമ്മിലുള്ള ബന്ധങ്ങളെ മാത്രമല്ല സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ വിശാലതലങ്ങളേയും ബാധിക്കുന്നു. അതുകൊണ്ടാണ് സഭ ലോകത്തിന്റെ മുമ്പിൽ ഒരു “സ്നേഹനാഗരികത”യുടെ ആദർശം അവതരിപ്പിച്ചത്. സാമൂഹിക സ്നേഹം യഥാർത്ഥ വികസനത്തിനുള്ള താക്കോലാണ്. ‘സമൂഹത്തെ കൂടുതൽ മാനുഷികമാക്കാൻ, മനുഷ്യവ്യക്തിയെ സംബന്ധിച്ച് കൂടുതൽ യോഗ്യതയുള്ളതാക്കാൻ, സാമൂഹിക ജീവിതത്തിലെ രാഷ്ട്രീയവും സാമ്പത്തികവും സാംസ്കാരികവുമായ ജീവിതത്തിലെ-സ്നേഹത്തിന്, എല്ലാ പ്രവർത്തനത്തിനുമുള്ള സുസ്ഥിരവും ഏറ്റവും ഉന്നതവുമായ നിയമമായിത്തീർന്നുകൊണ്ട്, നവീകൃതമൂല്യം നൽകേണ്ടതാണ്’. ഈ ചട്ടക്കൂടിനുള്ളിൽ, ചെറിയ പ്രതിദിനപ്രവൃത്തികളുടെ പ്രാധാന്യത്തോടൊപ്പം, പാരിസ്ഥിതിക അധഃപതനം അവസാനിപ്പിക്കാനുള്ള വലിയ തന്ത്രങ്ങൾ ആസൂത്രണം ചെയ്യാനും സമൂഹത്തിൽ മുഴുവൻ വ്യാപിക്കുന്ന ഒരു സംസ്ക്കാരത്തെ പ്രോത്സാഹിപ്പിക്കുവാനും സാമൂഹിക സ്നേഹം നമ്മെ പ്രേരിപ്പിക്കുന്നു. മറ്റുള്ളവരോടുചേർന്ന് ഈ സാമൂഹിക ചലനാത്മകതയിൽ ഇടപെടാൻ ദൈവം നമ്മെ വിളിക്കുന്നതായി നമുക്കു തോന്നുമ്പോൾ ഇതും നമ്മുടെ ആത്മീയതയുടെ ഭാഗമാണെന്ന് നാം മനസ്സിലാക്കണം. ഈ ആത്മീയത ഉപവിയുടെ ഒരു നിർവ്വഹണമാണ്. അത് അങ്ങനെതന്നെ പക്വത പ്രാപിക്കുകയും നമ്മെ വിശുദ്ധീകരിക്കുകയും ചെയ്യുന്നു.

**ഫ്രാൻസിസ് മാർപാപ്പ**

